കേരള പ്രണാമം
editorialkeralapranamam@gmail.com
സത്യം വദഃ ധർമ്മം ചരഃ

## നേര്



"ഈശ്വരനെ നമുക്ക് ഭയവും വിശ്വാസമുണ്ടെങ്കിൽ നാം മറ്റൊന്നും ഭയപ്പെടേണ്ടതില്ല്"
മഹാത്മാ ഗാന്ധി

# ശത്രുവിനെ കാത്തിരിക്കുന്നത് ആണവ സുനാമി; ലോകത്തെ ഞെട്ടിച്ച് റഷ്യയുടെ മുങ്ങാങ്കുഴിയിടുന്ന ഡ്രോൺ

മോസ്കോ: ആണവോർജമുപയോഗിച്ച് പ്രവർത്തിക്കുന്ന ഹൈടെക് ക്രൂസ് മിസൈൽ പരീക്ഷിച്ചതിനുപിന്നാലെ, ആണവോർജത്തിൽ പ്രവർത്തിക്കുന്നതും മുങ്ങാങ്കുഴിയിടുന്നതുമായ ഡ്രോണും (സബ്മേഴ്സിബിൾ ഡ്രോൺ) റഷ്യ വികസിപ്പിച്ചു. റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുതിനാണ് ബുധനാഴ്ച 'പസെയ്ഡോൺ' എന്നു പേരുള്ള 'അന്തർവാഹിനി ഡ്രോൺ' മാതൃമുങ്ങിക്കപ്പലിൽനിന്ന് വിജയകരമായി പരീക്ഷിച്ചതായി അറിയിച്ചത്.

ചൊവ്വാഴ്ചയായിരുന്നു പരീക്ഷണം. എത്രദൂരത്തേക്കും സഞ്ചരിക്കാനാകുമെന്നതാണ് ഡ്രോണിന്റെ പ്രത്യേകത. ആണവമുങ്ങിക്കപ്പലിൽ പ്രവർത്തിക്കുന്ന റിയാക്ടറിനേക്കാൾ നൂറുമടങ്ങ് ചെറിയ ആണവറിയാക്ടറാണ് ഈ ഡ്രോണിലുള്ളതെന്നാണ് റഷ്യ പറയുന്നത്. ഇതാണ് ഡ്രോണിന് എത്രദൂരത്തേക്കും സഞ്ചരിക്കാനുള്ള ഇന്ധനം നൽകുന്നത്.

മാധ്യമ റിപ്പോർട്ടുകൾ പ്രകാരം ഇതിന് 100 ടൺ ആണ് ഭാരം. 20 മീറ്റർ നീളവും 1.8 മീറ്റർ വ്യാസവുമുണ്ട്. ഇതിന് 2 മെഗാടൺ ആണവ പോർമുന വഹിക്കാൻ സാധിക്കുമെന്നാണ് പ്രതിരോധ വിദഗ്ധർ വിലയിരുത്തുന്നത്. ആണവായുധങ്ങളുടെ കാര്യത്തിൽ ലോകത്ത് നിലവിലുള്ള എല്ലാ സങ്കൽപ്പങ്ങളെയും തകർക്കുന്ന ആയുധ വികസനമാണ് റഷ്യ നടത്തിയിരിക്കുന്നത്.ലക്ഷ്യത്തിന് 1600 അടി സമീപത്ത് എത്തി സ്ഫോടനം നടത്തും. ആണാവായുധമാണ് ഉപയോഗിക്കുന്നതെങ്കിൽ ആണവവികിരണമുള്ള സമുദ്രജലമുൾക്കൊള്ളുന്ന 500 മീറ്റർ ഉയരമുള്ള സുനാമിയായിരിക്കും ശത്രുക്കളെ കാത്തിരിക്കുന്നത്. മണിക്കൂറിൽ 185 കിലോമീറ്റർ എന്ന വേഗതയിൽ 500 അടിയോളം താഴ്ചയിൽ സഞ്ചരിക്കാനാകും.



ലോകത്തെവിടെയും എത്തി ആക്രമിക്കാനാകുന്ന പസെയ്ഡോൺ ഡ്രോണിനെ ബെൽഗോർഡ് എന്ന ആണവ അന്തർവാഹിനിയിൽ നിന്നാണ് പരീക്ഷിച്ചത്. മണിക്കൂറിൽ 185 കിലോമീറ്റർ വേഗതയിൽ 10,000 കിലോമീറ്റർ വരെ പരിധി ഇതിനുണ്ടാകാമെന്നാണ് വിദഗ്ധരുടെ വിലയിരുത്തൽ. ബെൽഗോർഡിൽ ഇത്തരം മൂന്ന് പൊസെഡിയോൺ ഡ്രോണുകളെ വഹിക്കാനാകും.

കഴിഞ്ഞയാഴ്ചയാണ് ആണവോർജമുപയോഗിച്ച് സഞ്ചരിക്കാനാകുന്ന 'ബുറെവെസ്റ്റ്നിക്' ക്രൂസ് മിസൈൽ റഷ്യ വിജയകരമായി പരീക്ഷിച്ചത്. അതിനും എത്രദൂരത്തേക്കും സഞ്ചരിക്കാനാകും. പരീക്ഷണവിക്ഷേപണത്തിനിടെ, 15 മണിക്കൂറെടുത്ത് 14000 കിലോമീറ്ററോളം മിസൈൽ താണ്ടിയിരുന്നു.ആണവായുധ പ്രയോഗശേഷിയിലുള്ള വൈവിധ്യവത്കരണത്തിലൂടെ റഷ്യ ലോകത്തെ ഞെട്ടിക്കുകയാണ്. യുക്രൈനുമായുള്ള യുദ്ധം തുടരുന്നതിനിടെ തുടർച്ചയായി ആണവായുധ വാഹക ആയുധങ്ങളുടെ പരീക്ഷണം നടത്തുന്നതിലൂടെ യു.എസ് ഉൾപ്പെടുന്ന പാശ്ചാത്യ രാജ്യങ്ങൾക്കുള്ള കൃത്യമായ മുന്നറിയിപ്പാണ്

# പെർമിറ്റ്നേടിയെടുക്കാൻ കഴിയുന്നതു വഴിവിട്ട നിർമാണങ്ങൾക്കുള്ള ലൈസൻസായി മാറരുത്

ഇരുന്നൂറിലേറെ ഭേദഗതികളോടെ സംസ്ഥാനത്തു കെട്ടിട നിർമാണച്ചട്ടങ്ങളിൽ സമഗ്ര മാറ്റം വരുകയാണ്. ഇതു സംബന്ധിച്ച വിജ്ഞാപനം ഉടൻ ഉണ്ടാകുമെന്നു മന്ത്രി എം.ബി. രാജേഷ്പ്രഖ്യാപിച്ചിരിക്കുന്നു. തദ്ദേശ അദാലത്തുകളിലും നവകേരള സദസിലും ഉയർന്ന നിർദേശങ്ങൾ അടിസ്ഥാനമാക്കിയാണ് ഭേദഗതിയെന്നു മന്ത്രി പറയുകയുണ്ടായി. കെട്ടിട നിർമാണത്തിൽ സ്ഥലപരിമിതി നേരിടുന്നവർക്കു ഗുണകരമായ രീതിയിൽ പ്രത്യേക ഇളവുകളും ഉണ്ടെന്നതു പലർക്കും ആശ്വാസമാകും. എന്നാൽ, വീടുകൾക്കു പുറമേ വ്യവസായ, വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിട നിർമാണത്തിലും നിയന്ത്രണങ്ങൾ കുറയുന്നതു നാടിനു ദോഷമുണ്ടാക്കുമെന്നും വിലയിരുത്തപ്പെടുന്നു. വികസനത്തിന്റെയും പുരോഗമനത്തിന്റെയും പേരിൽ വഴിവിട്ടതും അശാസ്ത്രീയവുമായ നിർമാണ പ്രവർത്തനങ്ങൾ അനുവദിക്കുന്ന സാഹചര്യമുണ്ടാകരുത്.കെട്ടിട നിർമാണത്തിൽ നൂലാമാലകൾ അഴിക്കാനുള്ള സർക്കാരിന്റെ നിരന്തര ശ്രമം വ്യക്തവും ജനങ്ങൾക്ക് അനുഭവവേദ്യവുമാണ്. സ്വയം സാക്ഷ്യപ്പെടുത്തിയാൽ കെട്ടിട നിർമാണ പെർമിറ്റ് ലഭിക്കുന്ന രീതിയിൽ നാലു വർഷം മുമ്പേ ചട്ട ഭേദഗതി സർക്കാർ വരുത്തിയിരുന്നു. അപേക്ഷ ലഭിച്ചതായി ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തുന്നതോടെ നിർമാണത്തിനു പെർമിറ്റ് ലഭിക്കുന്ന രീതിയിലായിരുന്നു പരിഷ്കരണം. ഉയരം പരിഗണിക്കാതെ 300 ചതുരശ്ര മീറ്റർ വരെയുള്ള രണ്ടു നില കെട്ടിടങ്ങൾക്ക് അപേക്ഷിച്ചാലുടൻ പെർമിറ്റ് ലഭിക്കുന്നത് ഉൾപ്പെടെയുള്ള സമഗ്ര ഭേദഗതിയാണ് ഇപ്പോൾ നിയമവകുപ്പിന്റെ പരിഗണനയിലുള്ളത്. ഇരുനില കെട്ടിടങ്ങൾക്ക് ഏഴു മീറ്ററായി നിശ്ചയിച്ചിരുന്ന ഉയരപരിധി ഒഴിവാക്കുന്നതോടെ 80 ശതമാനത്തോളം വരുന്ന വീടുകൾക്കും അപേക്ഷ സമർപ്പിച്ചാൽ ഉടൻ നിർമാണ അനുമതി ലഭിക്കാം. സ്ഥലപരമായ വിശദാംശങ്ങളുടെ കൃത്യത ഉറപ്പുവരുത്തേണ്ടതു കെട്ടിട ഉടമസ്ഥന്റെയും ലൈസൻസിയുടെയും ഉത്തരവാദിത്വം ആയിരിക്കും. തറ പൂർത്തിയായ ശേഷമായിരിക്കും പരിശോധന നടക്കുക. പെർമിറ്റ് ലഭിച്ച പ്ലാനിൽ മാറ്റംവരുത്തിയെന്നു കണ്ടാൽ അനുമതി മരവിപ്പിക്കും. ഉടമസ്ഥനെതിരേയും ലൈസൻസിക്കെതിരേയും നടപടിയുമുണ്ടാകും. വാണിജ്യ കെട്ടിടങ്ങൾക്കു സ്വയം സാക്ഷ്യപ്പെടുത്തലിലൂടെ പെർമിറ്റിനുള്ള വിസ്തീർണം 100 ചതുരശ്ര മീറ്റിൽനിന്ന് 250 ആയി ഉയർത്തും. സർക്കാർ കെട്ടിടങ്ങൾക്കും നിർമാണത്തിനു മുന്നോടിയായി പെർമിറ്റ്നേടേണ്ടിവരും. ജനങ്ങളെ സഹായിക്കാനാണ് ഇത്തരം പരിഷ്കാരങ്ങളെന്ന ഭാവമാണ് സർക്കാരിന്റേത്. സംസ്ഥാനം കൂടുതൽ വ്യവസായ സൗഹൃദമാക്കാൻ മാറ്റങ്ങൾ സഹായിക്കുമെന്നും സർക്കാർ പ്രതീക്ഷിക്കുന്നു. ചുവപ്പു നാട ഒഴിവാക്കാനുള്ള ഏതൊരു പരിഷ്കാര നടപടിയെയും ജനങ്ങൾ സ്വാഗതം ചെയ്യും. എന്നാൽ, അതിന്റെ പേരിൽ കെട്ടിടനിർമാണം തോന്നുംപടിയാക്കുന്ന വിട്ടുവീഴ്ചകളും കണ്ണടയ്ക്കലും അപകടമുണ്ടാക്കും. കെട്ടിടനിർമാണം ജനങ്ങൾക്കു മുന്നിൽ നൂലാമാല പിടിച്ച പണിയാക്കി മാറ്റിയവർക്കെതിരേ ജാഗ്രതയും അവരുടെ മനോഭാവ മാറ്റവുമാണ് പ്രധാനം. കെട്ടിടനിർമാണ അനുമതിക്കുവേണ്ടി ഓഫീസിൽ കയറിയിറങ്ങി ആളുകളുടെ ചെരുപ്പ് തേഞ്ഞാലും തങ്ങൾക്കു കിട്ടേണ്ടതു കിട്ടാതെ ഒപ്പിടാൻ മടിയുള്ള കൈക്കൂലിക്കാരെ നിലയ്ക്കുനിർത്താൻ ഒരു സർക്കാരിനും ഇതുവരെ കഴിഞ്ഞിട്ടില്ല. നിർമാണ ഇളവുകൾക്കു ചട്ടഭേദഗതിയിലൂടെ കഴിയുമെങ്കിലും ഇതുമായി ബന്ധപ്പെട്ടു നടക്കുന്ന ക്രമക്കേടുകളും അഴിമതിയും തടയാൻ എന്താണു സർക്കാരിന്റെ മാർഗം? ചട്ടഭേദഗതിക്കൊപ്പം ഉദ്യോഗസ്ഥരുടെ മനോഭാവത്തിലും മാറ്റമുണ്ടാകണം. മക്കളുടെ കല്യാണത്തിനോ വിവാഹ ആവശ്യങ്ങൾക്കോ മറ്റുമായി വസ്തു പണയം വച്ച് വായ്പയെടുക്കുന്നവർ നാട്ടിൽ ധാരാളമുണ്ട്. വസ്തു സാക്ഷ്യപ്പെടുത്താൻ എത്തുന്ന ഉദ്യോഗസ്ഥർക്കു വണ്ടിക്കൂലിയും ആയിരം രൂപ ചെലവുകാശും കൊടുക്കേണ്ടിവരുന്ന 'നാട്ടുനടപ്പ് ഇന്നുമൊരു ആചാരമാണ്. ഇത്തരം ആചാരങ്ങൾ അവസാനിപ്പിക്കാനായാൽമാത്രമേ സർക്കാരിന്റെ പരിഷ്കരണ നടപടികൾ ഉദ്ദേശിച്ച ഫലം ചെയ്യൂ. കൊട്ടിടത്തിന്റെ തറ പൂർത്തിയായശേഷമുള്ള പരിശോധന ഉദ്യോഗസ്ഥ അഴിമതിക്കുള്ള വലിയ സാധ്യത തുറന്നിടുന്നതായി ജനങ്ങൾ കരുതുന്നു. കൈക്കൂലി കൊടുത്തില്ലെങ്കിൽ അനുമതി കിട്ടില്ലെന്നുള്ള, ആളുകളിൽ ഉറച്ച വിശ്വാസംകൂടി തിരുത്താൻ സർക്കാരിനു കഴിയട്ടെ. കേരളത്തിലെ നഗരസഭകൾ ഒരു വർഷം ഏകദേശം 80,000 കെട്ടിടനിർമാണ അപേക്ഷകളും ഗ്രാമപഞ്ചായത്തുകൾ 1,65,000 കെട്ടിട നിർമാണ അപേക്ഷകളും കൈകാര്യം ചെയ്യുന്നതായാണ് കണക്ക്. ഇതിൽ ബഹുഭൂരിപക്ഷം കെട്ടിടങ്ങൾക്കും സ്വയം സാക്ഷ്യപ്പെടുത്തലിലൂടെ പെർമിറ്റ് നേടിയെടുക്കാൻ കഴിയുന്നതു വഴിവിട്ട നിർമാണങ്ങൾക്കുള്ള ലൈസൻസായി മാറരുത്.

# ആണവായുധ ഭീഷണിയുമായി ട്രംപ്; പ്രകോപനത്തിന് കാരണം റഷ്യ

## ഷി ജിൻപിങ്ങുമായുള്ള കൂടിക്കാഴ്ച്ചയ്ക്ക് തൊട്ടു മുമ്പായാണ് ആണവായുധ പരീക്ഷണം പുനരാരംഭിക്കുന്ന കാര്യം ട്രംപ് പറയുന്നത്

ആണവ പരീക്ഷണ ഭീഷണി മുഴക്കി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. ദക്ഷിണ കൊറിയയിലെ ബുസാനിൽ വച്ച് ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായി നടത്തിയ ഏറെ നിർണായകമായ കൂടിക്കാഴ്ച്ചയ്ക്ക് മുമ്പായിരുന്നു ട്രംപിന്റെ ' ആണവ ഭീഷണി'.

33 വർഷത്തിനിടെ ആദ്യമായാണ്, അമേരിക്ക ആണവ പരീക്ഷണങ്ങൾ പുനരാരംഭിക്കുമെന്ന് തന്റെ സോഷ്യൽ മീഡിയ പേജിലൂടെ പ്രസിഡന്റ് ട്രംപ് ഭീഷണി മുഴക്കിയത്.

ട്രംപിന്റെ സോഷ്യൽ മീഡിയ പോസ്റ്റ് ഇങ്ങനെയായിരുന്നു; 'മറ്റ് രാജ്യങ്ങളുടെ പരീക്ഷണ പരിപാടികൾ കാരണം, തുല്യമായ അടിസ്ഥാനത്തിൽ നമ്മുടെ ആണവായുധങ്ങൾ പരീക്ഷിക്കാൻ ഞാൻ യുദ്ധ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.' നടപടി ഉടൻ ആരംഭിക്കും.

അതേസമയം 'തുല്യമായ അടിസ്ഥാനത്തിൽ' എന്നതുകൊണ്ട് ട്രംപ് എന്താണ് ഉദ്ദേശിച്ചതെന്ന് വ്യക്തമല്ലെന്നാണ് അന്താരാഷ്ട്ര മാധ്യമങ്ങളും നിരീക്ഷകരും പറയുന്നത്. യഥാർത്ഥ ആണവ പരീക്ഷണം നടത്താതെ അമേരിക്കൻ മിസൈലുകളുടെയോ കടലിനടിയിലെ ആണവ ശേഖരങ്ങളുടെയോ ശക്തി പ്രദർശിപ്പിക്കുകയാകാം ട്രംപ് ഉദ്ദേശിച്ചതെന്നാണ് ഇവർ അനുമാനിക്കുന്നത്.

ചൈന തങ്ങളുടെ ആണവായുധ ശേഖരം വർദ്ധിപ്പിക്കുന്നുണ്ടെങ്കിലും, അവർ 1996-ന് ശേഷം ആണവായുധം പരീക്ഷിച്ചിട്ടില്ല.

അതേസമയം ട്രംപിനെ ഇപ്പോൾ പ്രകോപിപ്പിച്ചിരിക്കുന്നത് പുടിന്റെ റഷ്യയാണെന്നാണ് വിലയിരുത്തപ്പെടുന്നത്. ആണവ ശേഷിയുള്ള ക്രൂയിസ് മിസൈലായ 'ബുറേവസ്റ്റ്നിക്', ആണവശക്തിയുള്ള അണ്ടർവാട്ടർ ഡ്രോണായ 'പോസിഡോൺ' എന്നിവ റഷ്യ അടുത്തിടെ വിജയകരമായി പരീക്ഷിച്ചതായി പ്രസിഡന്റ് വ്ളാഡിമിർ പുടിൻ അറിയിച്ചിരുന്നു. ഇതിനു തൊട്ടുപിന്നാലെയാണ് ട്രംപിന്റെ സോഷ്യൽ മീഡിയ പോസ്റ്റ് വന്നതെന്നതാണ് ശ്രദ്ധേയം.

യു.എസ്. സ്കൈഫാൾ എന്ന് വിളിക്കുന്ന ആണവ ടോർപ്പിഡോയും റഷ്യ പരീക്ഷിച്ചു. റഷ്യയുടെ കിഴക്കൻ തീരത്ത് നിന്ന് അമേരിക്കൻ പടിഞ്ഞാറൻ തീരത്തേക്ക് പസഫിക് സമുദ്രത്തിലൂടെ സഞ്ചരിച്ച് ലക്ഷ്യത്തിലെത്താൻ രൂപകൽപ്പന ചെയ്തതാണ് ഈ ടോർപ്പിഡോ. എന്നാൽ, പ്രസിഡന്റ് പുടിൻ പിന്നീട് പറഞ്ഞത്, വാഹക വാഹനങ്ങളുടെ പരീക്ഷണം മാത്രമാണ് നടന്നതെന്നും ആണവായുധങ്ങളുടെതല്ലെന്നുമാണ്.

അമേരിക്ക അവസാനമായി ആണവായുധം പരീക്ഷിച്ചത് 1992-ലാണ്. ട്രംപിന്റെ ഈ നീക്കം പതിറ്റാണ്ടുകൾ പഴക്കമുള്ള യു.എസ്. ആണവ നയത്തിൽ നിന്നുള്ള വ്യതിചലനമായാണ് നിരീക്ഷകർ കാണുന്നത്.

റഷ്യയുടെ ഈ പരീക്ഷണങ്ങളെ 'അനുചിതം' എന്നാണ് ട്രംപ് കുറ്റപ്പെടുത്തിയത്. യുക്രെയ്നിലെ യുദ്ധം അവസാനിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ട്രംപ് പുടിനെ ഉപദേശിക്കുകയും ചെയ്തിരുന്നു.

ട്രംപിന്റെ സഖ്യകക്ഷികളിൽ ചിലരും മുൻ ഉദ്യോഗസ്ഥരും രാജ്യം പുതിയ ആണവ പരീക്ഷണങ്ങൾ പുനരാരംഭിക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. ചൈനയുടെയും റഷ്യയുടെയും ഭീഷണിയെ മറികടക്കാൻ എന്നാണ് അവർ പറയുന്ന ന്യായം.

ദക്ഷിണ കൊറിയയിലെ ബുസാനിൽ വെച്ച് നടന്ന കൂടിക്കാഴ്ച, അമേരിക്കയ്ക്കും ചൈനയ്ക്കുമിടയിൽ മാസങ്ങളായി നിലനിന്നിരുന്ന വ്യാപാര തർക്കങ്ങൾ അവസാനിപ്പിക്കാനുള്ള നിർണായക നീക്കമായി ലോകം ഉറ്റുനോക്കിയ ഒന്നായിരുന്നു. ട്രംപിന്റെ രണ്ടാം ഊഴത്തിൽ ജിപിങ്ങുമായുള്ള ആദ്യത്തെ നേരിട്ടുള്ള കൂടിക്കാഴ്ച കൂടിയാണിത്.

ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം സുസ്ഥിരമാക്കുന്നതിനും വ്യാപാര യുദ്ധത്തിന് താത്കാലിക പരിഹാരം കാണുന്നതിനും വേണ്ടിയാണ് നേതാക്കൾ കൂടിക്കാഴ്ച നടത്തിയത്.



മയക്കുമരുന്ന് നിർമ്മാണത്തിനുള്ള രാസവസ്തുക്കളുടെ ഒഴുക്ക് തടയുന്നതിൽ ചൈന സഹകരിച്ചാൽ, ചൈനീസ് ഉൽപ്പന്നങ്ങൾക്ക് മേലുള്ള 20% താരിഫ് 10% ആയി കുറയ്ക്കുന്നതിനെക്കുറിച്ച് ട്രംപ് സൂചന നൽകിയിട്ടുണ്ട്.

അതേപോലെ, അമേരിക്കൻ കർഷകരിൽ നിന്ന് സോയാബീൻസ് ഉൾപ്പെടെയുള്ള കാർഷിക ഉൽപ്പന്നങ്ങൾ വീണ്ടും വാങ്ങാൻ ചൈന സമ്മതിച്ചേക്കുമെന്നും പറയുന്നു. ചൈനയുടെ 'അപൂർവ ധാതുക്കളുടെ' കയറ്റുമതി നിയന്ത്രണങ്ങൾക്ക് മറുപടിയായി ട്രംപ് ഉയർത്തിയ 100% അധിക താരിഫ് ഭീഷണി ഒഴിവാക്കിയിട്ടുണ്ട്.

# കാബിനറ്റ് അംഗീകാരമില്ല, ഗവർണറുടെ പേരിലുമല്ല; പി എംശ്രീ കരാറിന് ഭരണഘടനാപരമായി നിയമസാധുതയില്ല'



സിപിഎം സിപിഐ തർക്കത്തിനിടയാക്കിയ പി എംശ്രീ പദ്ധതി മരവിപ്പിക്കാനും ഇക്കാര്യം കാണിച്ച് കേന്ദ്രത്തിന് കത്തയക്കാനും മുഖ്യമന്ത്രി പങ്കെടുത്ത സിപിഎം അവെയ്ലബിൾ സെക്രട്ടേറിയറ്റ് തീരുമാനിച്ചിരിക്കുകയാണ്. പദ്ധതി മരവിപ്പിക്കുന്നതിന് മുന്നോടിയായി തുടർ നടപടികൾ നിർത്തിവെക്കാനും മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. പി എംശ്രീ കരാർ ഒപ്പിടാൻ സർക്കാർ ജനറൽ എജ്യുക്കേഷൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നോ എന്ന ചോദ്യമാണ് നിലവിൽ ഉയരുന്നത്. പി എം ശ്രീ കരാർ ഒപ്പിടാൻ ഡോ.വാസുകി ഐഎഎസിനെ ചുമതലപ്പെടുത്തി കേരള സർക്കാർ 16.10.2025 നു മുൻപായി ഉത്തരവിറക്കിയിട്ടുണ്ടോ എന്നും കാബിനറ്റ് അംഗീകാരമില്ലാതെയുള്ള ഈ കരാറിന് നിയമസാധുതയില്ലെന്നും ഹൈക്കോടതി അഭിഭാഷകനായ ഡോ. ഹരീഷ് വാസുദേവൻ പ്രതികരിച്ചു.

'കേരളം ഒപ്പുവെച്ച പി എം ശ്രീ (പി.എം സ്കൂൾസ് ഫോർ റെയ്സിംഗ് ഇന്ത്യ) പദ്ധതിയെ കരാർ എന്ന് പോലും പറയാനാകില്ല. അത് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംങ് ആണ്. മുഖ്യമന്ത്രി ഒപ്പിടേണ്ട ഒരു ഫയലിൽ ഒരു ക്ലർക്ക് ഒപ്പുവെച്ചത് കൊണ്ട് എന്തെങ്കിലും കാര്യമുണ്ടോ? അതിനുള്ള വില മാത്രമേ ഈ കരാറിനുള്ളൂ. അല്ലാതെ മറ്റൊരു നിയമസാധുതയും ഇതിനില്ല.

സംസ്ഥാന സർക്കാർ ഇതിൽ നിന്നും പിന്മാറുമോയെന്നത് ചർച്ച ചെയ്യേണ്ട കാര്യം പോലുമല്ല. കേന്ദ്ര സർക്കാരിന് ഇത് നടപ്പാക്കാനും കഴിയില്ല. കാരണം കേന്ദ്ര സർക്കാരിന്റെ ഉത്തരവോ, വിജ്ഞാപനമോ, ആക്ടോ ഒക്കെയാണെങ്കിൽ അത് നടപ്പാക്കാൻ കഴിയുന്നതാണ്. കേന്ദ്ര സർക്കാർ നിർദേശിക്കുന്ന നിയമപരമായ ഒരു കാര്യത്തെ സംസ്ഥാനം അംഗീകരിച്ചില്ലെങ്കിൽ, അതിനെ അവഗണിക്കുകയാണെങ്കിൽ നിയമലംഘനമായി മാറും. ഇതിൽ അങ്ങനെ പറയാൻ യാതൊന്നുമില്ല. രണ്ട് പാർട്ടികൾ തമ്മിലുള്ള കരാറാണിത്. അവർ സ്റ്റേറ്റും സെന്ററുമാണെന്നതിനാൽ ഇതിന് പ്രത്യേകതയൊന്നുമില്ല. ഇത് നിയമത്തിന്റെ കീഴിലുള്ള ഒരു കരാറല്ല, പൊതുകരാറാണ്.

ഒരു കമ്പനി നിർദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനായില്ലെങ്കിൽ ഫണ്ട് നൽകില്ല അത്രമാത്രമാണ് ഇതിന്റെ വില. അതുകൊണ്ടുതന്നെ സംസ്ഥാന സർക്കാർ ഈ കരാറിൽ നിന്നും പിന്മാറിയാലോ ലംഘിച്ചാലോ കേന്ദ്ര സർക്കാരിനൊന്നും ചെയ്യാൻ കഴിയില്ല. ഇതിന് നിയമസാധുതയുണ്ടെന്ന് സർക്കാർ പറയുകയാണെങ്കിൽ

ഭരണഘടനാപരമായി നോക്കുകയാണെങ്കിൽ കേരളം ഒപ്പുവെച്ച ഈ കരാറിന് യാതൊരു നിയമസാധുതയുമില്ല. കാരണം സംസ്ഥാനത്തിനുവേണ്ടിയുള്ള ഏതൊരു രേഖയും ഗവർണറുടെ പേരിലായിരിക്കണം എന്ന് ഭരണഘടനയിൽ കൃത്യമായി പറയുന്നുണ്ട്. ഏത് സംസ്ഥാനത്തെയും ഏതൊരു കരാറും പരിശോധിച്ച് നോക്കിയാൽ മനസിലാകുംഗവർണറുടെ പേരിലാണത്. അതേസമയം, ഈ കരാർ ഇഷ്യൂ ചെയ്തിരിക്കുന്നത് സ്റ്റേറ്റിന്റെ പേരിലാണ്. നിയമമനുസരിച്ച് കാബിനറ്റിന് മാത്രമേ ചെയ്യാനാവുകയുള്ളൂ. മന്ത്രിസഭയുടെ അം?ഗീകാരമില്ലാതെ വകുപ്പു സെക്രട്ടറി ഒരു കരാറിൽ ഒപ്പുവെച്ചെന്ന് കരുതി അത് നടപ്പാക്കാൻ അവർക്ക് കഴിയില്ല. അഥവാ ഇങ്ങനെ സംഭവിച്ചാൽ കേസുമായി കോടതിയെ സമീപിക്കേണ്ടി വരും. ഗവർണർ ഒപ്പുവെയ്ക്കാത്ത ഒരു കരാറിന് എന്താണ് നിയമസാധുതയെന്ന് കോടതി തിരിച്ച് ചോദിക്കുകയും ചെയ്യും.

കരാർ ലംഘിച്ചുവെന്ന പേരിൽ കേന്ദ്ര സർക്കാരിന് സംസ്ഥാനത്തിനെതിരെ ഒന്നും ചെയ്യാനാകില്ല. ഇപ്പോൾ ചെയ്യുന്നത് പോലെ ഫണ്ട് നിർത്തലാക്കുക മാത്രമാണ് അവർക്ക് ചെയ്യാനാവുക,' ഡോ. ഹരീഷ് വാസുദേവൻ പ്രതികരിച്ചു.



# രണ്ടുസെന്റിലെ വീടുകൾ; റോഡിൽനിന്നുള്ള ദൂരപരിധി ഒരുമീറ്ററാക്കി

രണ്ടുസെന്റിനകത്തുള്ള 100 ചതുരശ്രമീറ്ററിൽക്കൂടാത്ത വീടുകൾക്ക് റോഡിൽനിന്നുള്ള ദൂരപരിധി ഒരുമീറ്ററായി കുറച്ചു. ദേശീയ-സംസ്ഥാന പാത, പൊതുമരാമത്ത്, തദ്ദേശസ്ഥാപനങ്ങൾ എന്നിവ വിജ്ഞാപനം ചെയ്യാത്ത റോഡുകൾക്കുസമീപത്തെ വീടുകൾക്കാണിത് ബാധകം. നിലവിൽ ദൂരപരിധി രണ്ടുമീറ്ററാണ്. കുറഞ്ഞസ്ഥലത്ത് വീടുനിർമിക്കുന്നവർക്ക് സഹായകരമായി കെട്ടിടനിർമാണച്ചട്ടത്തിൽ മാറ്റംവരുത്തിയതായി മന്ത്രി എം.ബി. രാജേഷ് പത്രസമ്മേളനത്തിൽ പറഞ്ഞു.

കെട്ടിടനിർമാണപെർമിറ്റ് പുതുക്കാനുള്ള വ്യവസ്ഥയും ഇളവുചെയ്തു. പെർമിറ്റിലുള്ളതിനെക്കാൾ അധികനിർമാണമുണ്ടായാൽ അധികഭാഗത്തിനു മാത്രമാണ് ഇനിമുതൽ പിഴ. മുഴുവൻഭാഗത്തിനും ഇരട്ടിത്തുക പിഴയടയ്ക്കണമെന്നതിലാണ് ഇളവ്. മാത്രവുമല്ല ഒക്യുപൻസി, കംപ്ലീഷൻ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനുമുൻപ് പെർമിറ്റ് പുതുക്കാം.

# കടുത്ത ചൂട് ലോകത്ത് ഓരോ മിനിട്ടിലും ഓരോ മനുഷ്യരെ കൊല്ലുന്നു"

## ചൂടേറ്റുള്ള മരണം ഒഴിവാക്കാൻ കഴിയുന്ന ദുരന്തമാണെന്നാണ് വിദഗ്ദ്ധർ പറയുന്നത്

കാലാവസ്ഥാ പ്രതിസന്ധി മനുഷ്യരുടെ ആരോഗ്യത്തെയും ജീവിതത്തെയും എത്രമാത്രം ദോഷകരമായി ബാധിക്കുന്നു എന്ന് വെളിപ്പെടുത്തുന്ന ഒരു സുപ്രധാന പഠനത്തെ കുറിച്ച് ദി ഗാർഡിയൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ലണ്ടൻ യൂണിവേഴ്സിറ്റി കോളേജിന്റെ നേതൃത്വത്തിൽ, ലോകാരോഗ്യ സംഘടനയുമായി സഹകരിച്ച്, 70-ൽ അധികം അക്കാദമിക് സ്ഥാപനങ്ങളിൽ നിന്നും യുഎൻ ഏജൻസികളിൽ നിന്നുമുള്ള 128 വിദഗ്ദ്ധർ തയ്യാറാക്കിയ ലാൻസെറ്റ് കൗണ്ട്ഡൗൺ ഓൺ ഹെൽത്ത് ആൻഡ് ക്ലൈമറ്റ് ചേഞ്ച് 2025 എഡിഷനിലാണ് സുപ്രധാനമായ വിവരങ്ങൾ ഉള്ളത്.ഈ റിപ്പോർട്ടിലെ ഏറ്റവും ഭയപ്പെടുത്തുന്ന കാര്യം;

വർദ്ധിച്ചു വരുന്ന ചൂട് കാരണം ഓരോ മിനിറ്റിലും ഒരാൾ വീതം ലോകത്ത് മരിക്കുന്നു എന്നതാണ്.

1990-കൾക്ക് ശേഷം, ചൂടുകൊണ്ടുള്ള മരണനിരക്ക് 23% വർദ്ധിച്ചുവെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. 2012 നും 2021 നും ഇടയിൽ, പ്രതിവർഷം ശരാശരി 5,46,000 മരണങ്ങൾ ചൂടേറ്റ് സംഭവിച്ചു. അതായത്, ഒരു വർഷം മുഴുവനും ഏകദേശം ഓരോ മിനിറ്റിലും ഒരു മരണം!

ലോകം ഫോസിൽ ഇന്ധനങ്ങളോടുള്ള (കൽക്കരി, പെട്രോളിയം, പ്രകൃതിവാതകം) ആസക്തി തുടരുന്നതാണ് ഈ പ്രശ്നങ്ങൾക്കുള്ള പ്രധാന കാരണം.

ഫോസിൽ ഇന്ധനങ്ങൾ അന്തരീക്ഷ മലിനീകരണത്തിനും കാട്ടുതീയ്ക്കും പുറമെ, ഡെങ്കിപ്പനി പോലുള്ള രോഗങ്ങൾ പടരുന്നത് ഉൾപ്പെടെയുള്ള ദോഷങ്ങൾക്ക് കാരണമാകുന്നു.എന്നാൽ ചൂടേറ്റുള്ള മരണം ഒഴിവാക്കാൻ കഴിയുന്ന ദുരന്തമാണെന്നാണ് വിദഗ്ദ്ധർ പറയുന്നത്. വർഷം തോറും ലക്ഷക്കണക്കിന് ആളുകൾ മരിക്കുന്നുണ്ടെങ്കിൽ അതിനു കാരണം, ആഗോള താപനം തടയാൻ നടപടി എടുക്കാത്തതിനാലാണ്.

അന്തരീക്ഷ മലിനീകരണം കാരണം മാത്രം വർഷം തോറും ദശലക്ഷക്കണക്കിന് ആളുകൾ മരിക്കുമ്പോഴും ഭരണകൂടങ്ങൾ ചെയ്യുന്നത് ഫോസിൽ കമ്പനികളെ സഹായിക്കലാണ്.2023-ൽ ലോകമെമ്പാടുമുള്ള സർക്കാരുകൾ പ്രതിദിനം 2.5 ബില്യൺ ഡോളർ (ഏകദേശം 20,800 കോടി രൂപ) ഫോസിൽ ഇന്ധന കമ്പനികൾക്ക് സബ്സിഡിയായി നൽകുന്നുണ്ട്.അതേസമയം, കഠിനമായ ചൂട് കാരണം കൃഷിയിടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും ആളുകൾക്ക് ജോലി ചെയ്യാൻ കഴിയാതെ വരുന്നതുകൊണ്ട്, ഏകദേശം അതേ തുകയുടെ നഷ്ടമാണ് ജനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്നത്.2023-ൽ സർക്കാരുകൾ ആകെ 956 ബില്യൺ ഡോളർ ഫോസിൽ ഇന്ധന സബ്സിഡിക്കായി നൽകി. ഇത് കാലാവസ്ഥാ ദുർബല രാജ്യങ്ങളെ സഹായിക്കാൻ യുഎൻ വാഗ്ദാനം ചെയ്ത 300 ബില്യൺ ഡോളർ എന്ന തുകയേക്കാൾ വളരെ വലുതാണ്.



ചൂട് മനുഷ്യ ജീവനെടുക്കുന്നതിനൊപ്പം ലോകത്തുണ്ടാക്കുന്ന മറ്റ് ദോഷങ്ങളാണ് തൊഴിൽ സമയത്തിലുണ്ടാകുന്ന നഷ്ടവും അതുമൂലമുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധിയും. ഉയർന്ന താപനില കാരണം 2024-ൽ ലോകമെമ്പാടും 639 ബില്യൺ മണിക്കൂർ തൊഴിൽ സമയം നഷ്ടപ്പെട്ടുവെന്നാണ് കണക്ക്.

ഏറ്റവും പിന്നാക്കം നിൽക്കുന്ന രാജ്യങ്ങളുടെ ദേശീയ ജിഡിപിയുടെ 6% വരെ നഷ്ടത്തിന് ഇത് കാരണമായിട്ടുണ്ട്.ചൂടും വരൾച്ചയും വിളകളെയും കന്നുകാലികളെയും നശിപ്പിക്കുകയാണ്. 2023-ൽ, 1981-നും 2010-നും ഇടയിലെ ശരാശരിയെ അപേക്ഷിച്ച് 123 ദശലക്ഷം ആളുകൾക്ക് (12.3 കോടി) കൂടുതൽ ഭക്ഷ്യ അരക്ഷിതാവസ്ഥ നേരിടേണ്ടി വന്നു.

ചൂടുള്ളതും വരണ്ടതുമായ കാലാവസ്ഥ കാരണം കാട്ടുതീ വർദ്ധിക്കുകയും പുക കാരണം 2024-ൽ 1,54,000-ൽ അധികം പേർ മരണപ്പെട്ടുവെന്നാണ് മറ്റൊരു ഭയപ്പെടുത്തുന്ന കണക്ക്.അതേസമയം പ്രതീക്ഷ നൽകുന്ന ചില കാര്യങ്ങളും ലോകത്ത് നടക്കുന്നുണ്ട്.

അതിൽ പ്രധാനം കൽക്കരി ഉപയോഗത്തിലുണ്ടായി കുറവാണ്. 0കഴിഞ്ഞ ദശകത്തിൽ കൽക്കരി ഉപയോഗം കുറച്ചതിലൂടെ പ്രതിദിനം ഏകദേശം 400 ജീവൻ രക്ഷിക്കാൻ കഴിഞ്ഞുവെന്നാണ് റിപ്പോർട്ടിൽ പറയുന്നത്.പുതിയ പുനരുപയോഗ ഊർജ്ജത്തിന്റെ ഉത്പാദനം വേഗത്തിൽ കൂടുന്നതും ലോകത്തിന്റെ ഭാവിയ്ക്ക് സഹായകരമാണ്.

ക്ലീൻ എനർജി, നഗരങ്ങളെ കാലാവസ്ഥയ്ക്കനുസരിച്ച് മാറ്റിയെടുക്കൽ, ആരോഗ്യകരമായ ഭക്ഷണരീതികൾ തുടങ്ങിയ പരിഹാരങ്ങളും പ്രതീക്ഷ നൽകി കൊണ്ട് ലോകത്ത് നടക്കുന്നുണ്ട്.സാധാരണ ജനങ്ങളും പ്രാദേശിക ഭരണകൂടങ്ങളും ആരോഗ്യമേഖലയും നടത്തുന്ന ശ്രമങ്ങളും ലോകത്തെ രക്ഷിക്കുമെന്ന് കരുതാം.ഡൊണാൾഡ് ട്രംപിനെ പോലുള്ള നേതാക്കൾ കാലാവസ്ഥാ നയങ്ങൾ അട്ടിമറിക്കുന്നതും എണ്ണക്കമ്പനികൾ പുതിയ കരുതൽ ശേഖരങ്ങൾ ചൂഷണം ചെയ്യുന്നത് തുടരുന്നതും ലോകത്തിന്റെ ആരോഗ്യത്തിന് വരുത്തുന്ന ദോഷങ്ങൾ കൂടുതൽ വഷളാക്കുമെന്നാണ്, ഇതുവരെയുള്ളതിൽ വച്ച് ഏറ്റവും സമഗ്രമെന്നു പറയാവുന്ന ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നത്.അതുകൊണ്ട് വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നതുപോലെ, ഫോസിൽ ഇന്ധനങ്ങളുടെ ധനസഹായം നിലവിലെ നിരക്കിൽ തുടരുകയാണെങ്കിൽ, ആരോഗ്യമുള്ള ഒരു ഭാവി ലോകത്തിന് അസാധ്യമാണ്.

# വില്ലൻ ചെമ്പല്ലി? വയറിളക്കവും ഛർദിയും; നാൽപതോളം പേർക്ക് ഭക്ഷ്യവിഷബാധ

ജാനകി



**നെയ്യാറ്റിൻകര:** ഭക്ഷ്യവിഷബാധയേറ്റ് നാൽപതോളം പേർ വിവിധ ആശുപത്രിയിൽ ചികിത്സ തേടി. കാഞ്ഞിരംകുളം, പുതിയതുറ, പുത്തൻകട, ഊരമ്പ് ചന്തകളിൽ നിന്ന് വാങ്ങിയ 'ചെമ്പല്ലി' ഇനത്തിൽപ്പെട്ട മീൻ ആണ് ഭക്ഷ്യവിഷബാധയ്ക്കു കാരണമായതെന്ന് കരുതുന്നു. ആരുടെയും നില ഗുരുതരമല്ല.കഴിഞ്ഞദിവസം വൈകിട്ടോടെയാണ് വയറിളക്കവും ഛർദിയും ഉൾപ്പെടെയുള്ള രോഗലക്ഷണങ്ങളുമായി ആളുകൾ പുല്ലുവിള സാമൂഹിക ആരോഗ്യകേന്ദ്രത്തിലും കാഞ്ഞിരംകുളത്തെ സ്വകാര്യ ആശുപത്രിയിലും എത്തിയത്. ഇവരിൽ കൂടുതൽ ബുദ്ധിമുട്ടുള്ളവരെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലേക്ക് മാറ്റി.

കാഞ്ഞിരംകുളം സ്വദേശികളായ അജ്ഞന എസ്. ജോസ് (25), സുജിത്ത് (29), വത്സല (50), മനു (29), മഞ്ജുള (26), മോഹനചന്ദ്രൻ (61), ഷീല (52), ക്രിസ്തുദാസ് (65), സരള ജാസ്മിൻ (52), ചാണി സ്വദേശി ഷെറിൻ (40), പുത്തൻകട സ്വദേശികളായ ത്രേസ്യ (68), ലക്ഷ്മണൻ (78), അടിമലത്തുറ സ്വദേശികളായ മെറീന (32), മേരി സിലുവയ്യൻ (62), മെർലിൻ (26), ഷൈല പ്രവീൺ (32), അംബ്രോസ് (71), പുല്ലുവിള സ്വദേശി ജയ (72) തുടങ്ങിയവരാണ് വിവിധ ആശുപത്രികളിൽ ചികിത്സ തേടിയത്. പഴയകട, ഊരമ്പ്, ചാമവിള, കുറുവാട് തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ളവരെയും ബാധിച്ചിട്ടുണ്ട്.

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ മാത്രം രണ്ടു ദിവസങ്ങളിലായി 27 പേർ ചികിത്സ തേടി. കാരക്കോണം മെഡിക്കൽ കോളജ് ആശുപത്രിയിലും നഗരത്തിലെ മെഡിക്കൽ കോളജ് ആശുപത്രിയിലും ചികിത്സ തേടിയവരുണ്ട്. വയറിളക്കത്തിനും ഛർദിക്കും പുറമേ, ശക്തമായ വയറുവേദന, വയർ എരിച്ചിൽ, തലവേദന, തലകറക്കം തുടങ്ങിയ ലക്ഷണങ്ങളുമുണ്ട്.

വില്ലൻ ചെമ്പല്ലി ?

പുല്ലുവിളയ്ക്കു സമീപം പള്ളം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മൊത്തവ്യാപാര കേന്ദ്രത്തിൽ നിന്നാണ് കാഞ്ഞിരംകുളം, പുതിയതുറ, പുത്തൻകട, ഊരമ്പ് ചന്തകളിൽ വിൽപനയ്ക്കുള്ള മീൻ എത്തിച്ചത്. ഇത്തരത്തിൽ എത്തിച്ച 'ചെമ്പല്ലി' ഇനത്തിൽപ്പെട്ട മീനാണ് ഭക്ഷ്യവിഷബാധയ്ക്ക് കാരണമെന്ന് കരുതുന്നു. ഈ മാർക്കറ്റിൽ തമിഴ്നാട്, ആന്ധ്രപ്രദേശ്, ഗോവ, മഹാരാഷ്ട്ര തുടങ്ങിയ ഇതര സംസ്ഥാനങ്ങളിൽ നിന്ന് മീൻ എത്തിക്കുന്നുണ്ട്. റോഡ് മാർഗമാണ് കൂടുതലും എത്തിക്കുന്നത്. ശീതീകരിച്ച സംവിധാനമുണ്ടെങ്കിലും മീൻ കേടാകാതിരിക്കാൻ ഫോർമലിൻ പോലുള്ള രാസവസ്തുക്കളും ഉപയോഗിക്കുന്നുണ്ടെന്ന് നേരത്തെ തന്നെ പരാതികൾ ഉയർന്നിരുന്നു.

# വർക്കലമുൻ യൂത്ത് കോൺഗ്രസ്നേതാവിനെതിരെ ഉണ്ടായിരുന്ന വ്യാജ കേസിന്മേൽ ന്യായമായ വിധി



**വർക്കല :** മുൻ യൂത്ത് കോൺഗ്രസ് നേതാവിനെതിരെ ഉണ്ടായിരുന്ന വ്യാജ കേസിന്മേൽ കോടതിയിൽ നിന്നും ന്യായമായ വിധി.അഖിലേന്ത്യാ മത്സ്യതൊഴിലാളി കോൺഗ്രസ് വർക്കല നിയോജക മണ്ഡലം വൈസ് പ്രസിഡന്റും, കചഠഡഇ വർക്കല നിയോജക മണ്ഡലം ജനറൽ സെക്രട്ടറിയും, മുൻ യൂത്ത് കോൺഗ്രസ് നേതാവുമായ അക്ബർഷാ വർക്കലക്കെതിരെ 23-10-22-ൽ എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിൽ ഒരു വ്യാജ കേസ് രജിസ്റ്റർ ചെയ്ത് കേസിൽ പ്രതി ചേർക്കുകയും ശേഷം ആ കേസിന്മേൽ മൂന്ന് വർഷത്തെ നിയമ പോരാട്ടത്തിനൊടുവിൽ എറണാകുളം ACJM -കോടതി കേസിൽ അക്ബർ ഷാ കുറ്റക്കാരൻ അല്ലായെന്ന് കോടതിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 17-10-25 -ൽ വെറുതെ വിടുകയും ചെയ്തുഈ വ്യാജ കേസുമായി ബന്ധപ്പെട്ട് അക്ബർ ഷാക്കെതിരെ സോഷ്യൽ മീഡിയയിൽ വ്യാപകമായ സൈബർ ആക്രമണം നടത്തിയവർക്കെതിരെ അക്ബർ ഷാ മുഖ്യമന്ത്രിയുടെ പോർട്ടിൽ നൽകിയ പരാതിയിന്മേൽ സൈബർ സെൽ പോലീസ് തിരുവനന്തപുരം റൂറൽ -FIR C-«v IPC 1860നിയമപ്രകാരം 469,34 -വകുപ്പുകളും KERALA POLICE ACT- 2011 -നിയമപ്രകാരം -120(o) വകുപ്പുകളും ചുമത്തി കേസ് രജിസ്റ്റർ ചെയ്തു.

തനിക്കെതിരെ സോഷ്യൽ മീഡിയയിൽ അപകീർത്തികരമായ വാർത്തകളോ പ്രചരണമോ തുടർന്നാൽ നിയമ നടപടികളുമായി മുന്നോട്ടു പോകുമെന്നും അക്ബർ ഷാ വാർത്താ കുറിപ്പിൽ അറിയിച്ചു.

# ഉദ്ഘാടനം നടത്താറായ കെട്ടിടം ആരുമറിയാതെ മന്ത്രി 'ശിലാസ്ഥാപനം' നടത്തി; പൊടിച്ചത് ലക്ഷങ്ങൾ



**പാലോട്:** കോൺക്രീറ്റ് മട്ടം കെട്ടി ഉയർത്തി കോൺക്രീറ്റിനു തയാറെടുക്കുന്ന നന്ദിയോട് ഹോമിയോ ആശുപത്രി കെട്ടിടത്തിന് ലക്ഷങ്ങൾ മുടക്കി ശിലാസ്ഥാപനം നടത്തി. ഉത്സാഹിച്ചാൽ ഒരു മാസം കൂടി കഴിയുമ്പോൾ കെട്ടിട നിർമാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തേണ്ട കെട്ടിടമാണ് പഞ്ചായത്ത് തിരഞ്ഞെടുപ്പ് മുന്നിൽ കണ്ട് ലക്ഷങ്ങൾ പൊടിച്ചു ആരുമറിയാതെ മന്ത്രി വീണാ ജോർജ് ഓൺലൈനായി മന്ദിരം ഉദ്ഘാടനം ചെയ്തത്.

കേന്ദ്ര സർക്കാരിന്റെ ആയുഷ്മാൻ പദ്ധതി പ്രകാരം 30ലക്ഷം രൂപ അനുവദിച്ചിട്ട് വർഷങ്ങളായി. പഞ്ചായത്ത് യഥാസമയം കെട്ടിടം പൊളിച്ചു നീക്കാത്തതിനെ തുടർന്ന് നിർമാണം അനന്തമായി നീളുകയായിരുന്നു. മാധ്യമവാർത്തകളെ തുടർന്നാണ് കെട്ടിടം പൊളിക്കുന്നതിന് വേഗം ഉണ്ടായത്. അതിനു ശേഷം കെട്ടിടം പണി തുടങ്ങിയിരുന്നു. മേൽക്കൂര കോൺക്രീറ്റ് ചെയ്യാൻ കണക്കിന് കെട്ടി ഉയർത്തിയപ്പോഴാണ് അവധി ദിവസമായ ഞായറാഴ്ച ഉച്ചയ്ക്ക് ഒരു പ്രചാരണവും ഇല്ലാതെ നന്ദിയോട് പഞ്ചായത്ത് സാംസ്കാരിക നിലയത്തിനുള്ളിൽ ഹോമിയോ ആശുപത്രി മന്ദിരം ശിലാസ്ഥാപനം നടത്തിയത്. നോട്ടിസ് അടക്കം അച്ചടിച്ചെങ്കിലും ആർക്കും വിതരണം ചെയ്തതായി അറിവില്ല. ഉടൻ തന്നെ ഉദ്ഘാടനം നടത്തേണ്ട ഈ കെട്ടിടം ലക്ഷങ്ങൾ തുലച്ചു ശിലാസ്ഥാപനം നടത്തേണ്ടതുണ്ടായിരുന്നോ എന്നാണ് നാട്ടുകാർ ചോദിക്കുന്നത്. കെട്ടിട നിർമാണത്തിന് കേന്ദ്ര സർക്കാരിന്റെ ഫണ്ട് ആണെന്ന വിവരം ബോധപൂർവം മറച്ചു വച്ചാണ് പെട്ടെന്നു ശിലാസ്ഥാപനം നടത്തിയതെന്ന് ബിജെപി പ്രവർത്തകർ ആരോപിച്ചു.

# പാറശാല താലൂക്ക് ആശുപത്രിയുടെ മൾട്ടി സ്പെഷ്യൽറ്റി മന്ദിരം നോക്കുകുത്തി



**പാറശാല** നിർമാണം പൂർത്തിയാവും മുമ്പ് ഉദ്ഘാടന മാമാങ്കം നടത്തിയ പാറശാല താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ മൾട്ടി സ്പെഷ്യൽറ്റി മന്ദിരം രണ്ടു മാസത്തിനു ശേഷവും നോക്കുകുത്തിയായി തുടരുമ്പോൾ ആതുരാലയത്തിലെത്തുന്ന നൂറുക്കണക്കായ രോഗികൾ നരകയാതന അനുഭവിക്കുന്നു. സർക്കാർ, കിഫ്ബി മുഖേന 46.86 കോടി ചിലവിട്ട് നിർമ്മിച്ച നാലു നിലക്കെട്ടിടം ഇക്കഴിഞ്ഞ ഓഗസ്റ്റ് 29ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് ഉൾപ്പെടെയുള്ളവരുടെ സാന്നിധ്യത്തിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് ഉദ്ഘാടനം ചെയ്തത്. ആധുനിക സംവിധാനങ്ങളോടു കൂടിയ ട്രോമോകെയർ, അത്യാഹിത വിഭാഗം, 3 ഓപ്പറേഷൻ തിയറ്ററുകൾ, ദിനംപ്രതി 40 പേർക്ക് പ്രയോജനപ്പെടുത്താൻ സൗകര്യമുള്ള ഡയാലിസിസ് യൂണിറ്റ് ,സ്കാനിംഗ് യൂണിറ്റ്, ഫാർമസി, സെൻട്രൽ ലബോറട്ടറി തുടങ്ങിയ സൗകര്യങ്ങൾ പുതിയ മന്ദിരത്തിലുണ്ടാകുമെന്നായിരുന്നു പ്രഖ്യാപനം.

എന്നാൽ ഉദ്ഘാടനം കഴിഞ്ഞ് രണ്ടു മാസം പിന്നിട്ടപ്പോൾ ഒ.പി വിഭാഗം പുതിയ കെട്ടിടത്തിലെ ഒന്നാം നിലയിലേക്കു മാറ്റിയതു മാത്രമാണ് ആകെ സംഭവിച്ചത്. പ്രഖ്യാപിച്ച യൂണിറ്റുകൾ ഒന്നും പ്രവർത്തനമാരംഭിച്ചില്ലെന്നു മാത്രമല്ല, ഉദ്ഘാടനദിവസം വളരെ മനോഹരമായിരുന്ന കെട്ടിടത്തിൽ ഇപ്പോഴും പല നിർമാണപ്രവൃത്തികളും നടക്കുന്നതിനാൽ കെട്ടിടാവശിഷ്ടങ്ങളും പാഴ് വസ്തുക്കളും നിറഞ്ഞ് ആകെ അലങ്കോലമായിക്കിടക്കുന്നു. പുതിയ കെട്ടിടത്തിൽ ഇലക്ട്രിക് പണികൾ പൂർത്തിയാകാത്തതിനാൽ ഇനിയും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.

3 ഓപ്പറേഷൻ തിയറ്ററുകൾ പ്രവർത്തിക്കേണ്ട മൂന്നാം നിലയിൽ ആകെ ഒരു തിയറ്ററിന്റെ മാത്രം ഇന്റീരിയർ ജോലികൾ മാത്രമാണ് നടക്കുന്നത്. മറ്റു രണ്ടെണ്ണം ഉടനുണ്ടവില്ലെന്നറിയുന്നു. മാത്രമല്ല, ഓപ്പറേഷൻ തിയറ്ററിൽ അവശ്യം വേണ്ടതായ മെഡിക്കൽ ഗ്യാസ്പ്ലാന്റ് ഇനിയും സ്ഥാപിച്ചിട്ടുമില്ല. ഐ സി യൂണിറ്റിലെ എസിയുടെ നിർമാണവും ഇപ്പോഴാണ് നടക്കുന്നത്. ഇവിടത്തെ ആവശ്യത്തിനായി എത്തിച്ച് അലക്ഷ്യമായി കൂട്ടിയിട്ടിരിക്കുന്ന ലക്ഷങ്ങൾ വിലവരുന്ന പുതിയ കട്ടിലുകളും മെത്തകളും പൊടിയടിച്ച് നശിക്കുന്നു.

പുതിയ കെട്ടിടത്തിന്റെ ചുറ്റു മതിൽ ഉദ്ഘാടനം കഴിഞ്ഞ് ആദ്യ മഴയിൽ തന്നെ തകർന്നുവീണിരുന്നു. നിത്യേന ആയിരത്തോളം പേർ ഒപിയിലെത്തുന്ന പ്രധാനപ്പെട്ട താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ പുതിയ കെട്ടിടമുണ്ടായിട്ടും പ്രയോജനമില്ലാതായതിനാൽ ,അഡ്മിറ്റ് ആകുന്ന രോഗികൾ നിലത്ത് കിടക്കേണ്ട ഗതികേടിലാണ്. പഴയ കെട്ടിടത്തിന്റെ ഒരു വശത്ത് താൽക്കാലികമായി തുറസായ സ്ഥലത്ത് പ്രവർത്തിച്ചു വരുന്ന ഒ.പിയിൽ മഴയും വെയിലുമേറ്റ് ഏറെ നേരം നിന്നു വേണം ഒപി ടിക്കറ്റു വാങ്ങാൻ. പുതിയ കെട്ടിടത്തിലേക്ക് ഒപി വിഭാഗമെങ്കിലും മാറ്റണെന്ന ആവശ്യം പോലും പരിഗണിക്കുന്നില്ല. നിലവിലെ ആശുപത്രിയിൽത്തന്നെ ആവശ്യത്തിന് ഡോക്ടർമാരും നഴ്സുമാരും അനുബന്ധ ജീവനക്കാരും ഇല്ലാതിരിക്കെ, പുതിയ മൾട്ടി സ്പെഷ്യൽറ്റി ബ്ലോക്കിൽ അധികമായി വേണ്ട സ്പെഷലിസ്റ്റ് ഡോക്ടർമാർ ഉൾപ്പെടെയുള്ള സ്റ്റാഫിനെക്കുറിച്ച് അധികൃതർക്ക് മിണ്ടാട്ടമില്ല. ഒരു അനസ്തെറ്റിസ്റ്റിന്റെ പോസ്റ്റു മാത്രമുള്ള ആശുപത്രിയിൽ 3 ഓപ്പറേഷൻ തിയറ്ററുകൾ എങ്ങനെ പ്രവർത്തിപ്പിക്കുമെന്ന ചോദ്യത്തിനും ഉത്തരമില്ല. ഇതിനിടെ നിർമാണംപൂർത്തിയാക്കാതെ മൾട്ടി സ്പെഷാലിറ്റി ബ്ലോക്കിന്റെ ഉദ്ഘാടനം നടത്തിയതിനെതിരെ ആരോഗ്യവകുപ്പിൽ നിന്നു തന്നെ അന്നേ വ്യാപകമായ വിമർശനം ഉയർന്നിരുന്നു.

വരാനിരിക്കുന്ന തിരഞ്ഞെടുപ്പുകൾ മുന്നിൽക്കണ്ട് പണി പൂർത്തിയാകാത്ത കെട്ടിടം ഉദ്ഘാടനം ,ചെയ്യുക വഴി സർക്കാർ ജനങ്ങളെ വിഡ്ഢികളാക്കുകയിയിരുന്നുവെന്നും കെട്ടിടം എത്രയും വേഗം പ്രവർത്തനസജ്ജമാക്കണമെന്നും ആവശ്യപ്പെട്ട് വിവിധ രാഷ്ട്രീയപാർട്ടികൾ സമരപാതയിലാണ്. അതേസമയം തദ്ദേശ തിരഞ്ഞെടുപ്പ് മുന്നിൽക്കണ്ട് പാറശാല ബ്ലോക്ക് പഞ്ചായത്തിനു കീഴിൽ വരുന്ന ആശുപത്രിയിൽ എച്ച്എംസി വഴി വൻതോതിൽ പാർശ്വവർത്തികളെ നിയമിക്കാനുള്ള നീക്കം അണിയറയിൽ തകൃതിയായി നടന്നുവരുന്നു.

# വർക്കല മണ്ഡലത്തിലെ സമഗ്ര വികസനത്തിന് 37396000/ രൂപ അനുവദിച്ചു

ദീപ സജീവ്

വർക്കല മണ്ഡലത്തിലെ സമഗ്ര വികസനത്തിന് വിവിധ പ്രവർത്തികൾക്കായി 37396000/ രൂപ അനുവദിച്ചതായി അഡ്വ.വി.ജോയി എംഎൽഎ അറിയിച്ചു.പ്രസ്തുത പ്രവർത്തികൾ സമയബന്ധിതമായി ടെൻഡർ നടപടികൾ നടത്തി അതിവേഗം പൂർത്തീകരിക്കുമെന്ന് എംഎൽഎ കൂട്ടിച്ചേർത്തു.

വർക്കല മൈതാനം അണ്ടർ പാസേജ് ചുമരുകൾ സൌന്ദര്യവത്കരണത്തിന് 1 കോടി

വർക്കല പണയിൽ ഗവ.എൽ.പി.എസ് രണ്ടാംഘട്ട പ്രവർത്തിയ്ക്ക് 99.95 ലക്ഷം

ഗവ.വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ പകൽക്കുറി-സെക്കൻറ് ഫെയ്സ് 50 ലക്ഷം

നാവായിക്കുളം നക്രാംകോണം കുടവൂർ എം.എൽ.പി.എസ് റോഡ് 50 ലക്ഷം

വെട്ടൂർ ഗവ.പി.എച്ച്.സി പാർശ്വഭിത്തി നിർമ്മാണം അനുബന്ധ പ്രവർത്തി-25 ലക്ഷം

മടവൂർ ചാലങ്കോണം പണയിൽവാതുക്കൽ റോഡ് 20 ലക്ഷം

വർക്കല ഗവ.ഐ.ടി.ഐ ഇൻറർലോക്ക് പ്രവർത്തി സൌന്ദര്യവൽക്കരണം 10 ലക്ഷം

നാവായിക്കുളം ചാവർക്കോട് ചിറ്റാറ്റ്ക്ഷേത്രം റോഡ് 9.46 ലക്ഷം

നാവായിക്കുളം ഗവ.എൽ.പി.എസ് വെട്ടിയറ പ്രവേശനകവാടവും അനുബന്ധ പ്രവർത്തി -7.3 ലക്ഷം

ഇലകമൺ കൊച്ചുപാരിപ്പള്ളിമുക്ക് പുതുവീട് കല്ലാഴി റോഡ് 2.25 ലക്ഷം



## ദേശീയപാത 66:

# കാവനാട്– കടമ്പാട്ടുകോണം റീച്ചിൽ 3 മാസത്തിനകം ടോൾ



**കൊല്ലം:** ദേശീയപാത 66 വികസനത്തിന്റെ കാവനാട് - കടമ്പാട്ടുകോണം റീച്ചിൽ മൂന്ന് മാസത്തിനകം ടോൾ പിരിവ് ആരംഭിക്കാൻ സാദ്ധ്യത. ടോൾ പിരിവിനുള്ള നടപടി വൈകാതെ എൻ.എച്ച്.എ.ഐ ആരംഭിക്കും. നിർമ്മാണം 80 ശതമാനം പൂർത്തിയായാൽ ടോൾ പിരിവ് ആരംഭിക്കാമെന്നാണ് എൻ.എച്ച്.എ.ഐയുടെ നയം.നിർമ്മാണം 80 ശതമാനം പിന്നിട്ടതായി കഴിഞ്ഞ ദിവസം ചേർന്ന യോഗത്തിൽ ദേശീയപാത അതോറ്റി അധികൃതർ വിലയിരുത്തി. ഇതിന്റെ തുടർച്ചയായി തിരുവനന്തപുരം പ്രോജക്ട് ഡയറക്ടർ ഓഫീസ് 80 ശതമാനം പിന്നിട്ടെന്ന റിപ്പോർട്ട് രേഖമൂലം നൽകും. അതിന് പിന്നാലെ ടോൾ പിരിവിനുള്ള ടെണ്ടർ ക്ഷണിക്കും.പാരിപ്പള്ളിക്കും കല്ലുവാതുക്കലിനും ഇടയിൽ ശ്രീരാമപുരത്ത് കാവനാട്- കടമ്പാട്ടുകോണം റീച്ചിലെ ടോൾ പ്ലാസയുടെ നിർമ്മാണം 70 ശതമാനം പൂർത്തിയായിട്ടുണ്ട്. ടോൾ പിരിവിനുള്ള നടപടി ആരംഭിക്കുന്നതോടെ ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാകും.നിലവിൽ 1350 കോടിയാണ് കാവനാട് - കടമ്പാട്ടുകോണ റീച്ചിന്റെ ആകെ നിർമ്മാണ ചെലവ്. കെട്ടിടങ്ങൾക്കുമുള്ള നഷ്ടപരിഹാര വിതരണത്തിനായി ഏകദേശം 1015 കോടി ചെലവായിട്ടുണ്ട്. ഇതിന്റെ 25 ശതമാനം മാത്രമാണ് സംസ്ഥാനം വഹിച്ചിട്ടുള്ളത്. ബാക്കി തുകയും പിരിക്കേണ്ട ടോൾ തുകയിൽ ഉൾപ്പെടും. അങ്ങനെ നിലവിലെ കണക്ക് പ്രകാരം ഏകദേശം 2100 കോടി രൂപയെങ്കിലും 15 വർഷത്തിനുള്ളിൽ പിരിച്ചെടുക്കുന്ന തരത്തിലായിരിക്കും ടോൾ നിരക്ക് നിശ്ചയിക്കുക. 15 വർഷത്തിനുള്ളിൽ തുക പൂർണമായും ലഭിച്ചില്ലെങ്കിൽ കാലാവധി വീണ്ടും നീളും. പുതിയ പ്രവൃത്തികൾ വരുന്നതോടെ ടോളിലൂടെ പിരിച്ചെടുക്കുന്ന തുകയും ഉയരും.ആകെ ദൂരം 31.5 കിലോ മീറ്റർ,നിർമ്മാണ ചെലവ് 1350 കോടി,സ്ഥലമേറ്റെടുക്കൽ 1015 കോടി,നിർമ്മാണ പുരോഗതി80

,ഇത്തിക്കരയിൽ ഭൂഗർഭ അടിപ്പാതയും തിരുമുക്കിലെ പ്രശ്നപരിഹാരത്തിനുമുള്ള ശുപാർശ സമർപ്പിക്കാൻ റീജിണൽ ഓഫീസർ, കരാർ കമ്പനി, സ്വതന്ത്ര എൻജിനിയറിംഗ് കൺസൾട്ടൻസി എന്നിവർക്ക് നിർദ്ദേശം നൽകി ഇന്നലെ എൻ.എച്ച്.എ.ഐ ഹെഡ് ക്വാർട്ടേഴ്സിൽ നിന്ന് ഉത്തരവിറങ്ങി. ഇതിന്റെ ഭാഗമായി എൻ.എച്ച്.എ.ഐ റീജിയണൽ ഓഫീസർ രണ്ട് ദിവസത്തിനകം ഇത്തിക്കര, തിരുമുക്ക് എന്നിവിടങ്ങൾ സന്ദർശിക്കും. കാവനാട് അക്വാഡക്ട് സ്ഥാപിക്കുന്നത് സംബന്ധിച്ച പരിശോധനയും ഉണ്ടാകും. തിരുമുക്കിൽ നിലവിലുള്ള അടിപ്പാത പൊളിച്ച് പുതിയത് നിർമ്മിക്കണോ, വീണ്ടുമൊരെണ്ണം നിർമ്മിക്കണോ, ഇവയുടെ ചെലവ് എന്നിവയടക്കം പരിശോധിക്കും.

# റവന്യൂ ജില്ലാ കലോത്സവം അഞ്ചലിലേക്ക്



**കൊല്ലം:** റവന്യൂ ജില്ലാ സ്കൂൾ കലോത്സവം നവംബർ 25 മുതൽ 29 വരെ അഞ്ചലിൽ നടക്കും. രണ്ട് വർഷത്തെ ഇടവേളയ്ക്ക് ശേഷമാണ് കൗമാര കലയുടെ ഉത്സവം അഞ്ചലിലേക്ക് വിരുന്നെത്തുന്നത്. അഞ്ചൽ ഈസ്റ്റ് ഗവ.ഹയർ സെക്കൻഡറി സ്കൂളിലാണ് പ്രധാന വേദിയൊരുങ്ങുക. അഞ്ചൽ വെസ്റ്റ് ഹയർ സെക്കൻഡറി സ്കൂൾ, എസ്.വി.യു.പി സ്കൂൾ, വെസ്റ്റ് ബി.എഡ് ഹാൾ, അഞ്ചൽ വെസ്റ്റ് ജി.എൽ.പി സ്കൂൾ, ശബരിഗിരി എച്ച്.എസ്.എസ് ഓഡിറ്റോറിയം, എച്ച്.എസ്.എസ് ഹാൾ എന്നിവിടങ്ങളിലായി 15 വേദികളാണ് ഉണ്ടാവുക. ആറായിരത്തിലധികം കൗമാര പ്രതിഭകൾ പങ്കെടുക്കും. നവംബർ രണ്ടാം വാരത്തിൽ സ്വാഗതസംഘം രൂപീകരിക്കും. അതിന് മുമ്പായി അദ്ധ്യാപക സംഘടനകൾക്ക് ചുമതലകൾ വീതംവച്ച് നൽകി.കലോത്സവത്തിന്റെ പ്രൗഢി വിളിച്ചോതുന്ന ലോഗോ തയ്യാറാക്കി നൽകാം. ജില്ലയിലെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ലോഗോ തയ്യാറാക്കാവുന്നതാണ്. നവംബർ 2ന് മുമ്പ് സക്കറിയ മാത്യു, പബ്ളിസിറ്റി കൺവീനർ, വി.വി.എച്ച്.എസ്.എസ്, വെള്ളിമൺ, കുണ്ടറ എന്ന വിലാസത്തിൽ ലഭിക്കണം.

അദ്ധ്യാപക സംഘടനകൾ- ചുമതലകൾ

എ.കെ.എസ്.ടി.യു- സ്വീകരണം

കെ.പി.എസ്.ടി.എ- പ്രോഗ്രാം

കെ.എസ്.ടി.എഫ് - പബ്ലിസിറ്റി

കെ.എസ്.ടി.എ - ഭക്ഷണം

കെ.എ.എം.എ - രജിസ്ട്രേഷൻ

കെ.പി.ഇ.എസ്.ഇ.ടി.എ- ക്രമസമാധാനം

കെ.എസ്.ടി.എഫ് -വെൽഫെയർ

കെ.എ.ടി.എഫ് - താമസ സൗകര്യം

എ.എച്ച്.എസ്.ടി.എ- ഗതാഗതം

കെ.യു.ടി.എ- ട്രോഫി

കെ.എ.എം.എ- സുവനീർ

എൻ.ടി.യു - സ്റ്റേജ് ആൻഡ് പന്തൽ

കെ.എസ്.ടി.യു- ലൈറ്റ് ആൻഡ് പന്തൽ

കെ.എസ്.ടി.എ- ഹരിത ചട്ടം

റവന്യൂ ജില്ലാ കലോത്സവം വീണ്ടും എത്തുകയാണ്. കൗമാര പ്രതിഭകളുടെ ഉപജില്ലാതല മത്സരങ്ങൾ പൂർത്തിയാക്കിയാണ് റവന്യൂ ജില്ലാ മത്സരത്തിലേക്ക് കടക്കുക. നവംബർ 10ന് മുമ്പായി സംഘാടക സമിതി യോഗം ചേർന്ന് നടത്തിപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് രൂപം നൽകും.

കെ.ഐ.ലാൽ,വിദ്യാഭ്യാസ ഉപ ഡയറക്ടർ

# സംസ്ഥാനതല സെമിനാർ

**കൊല്ലം:** സംസ്ഥാന സർക്കാർ തൊഴിലും നൈപുണ്യവും വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനതല സെമിനാർ ഇന്ന് കൊല്ലത്ത് സംഘടിപ്പിക്കുമെന്ന് എസ്.ജയമോഹൻ. രാവിലെ 10ന് ബീച്ച് ഓർക്കിഡ് ഹോട്ടലിൽ നടക്കുന്ന സെമിനാർ മന്ത്രി കെ.എൻ.ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. മന്ത്രി വി.ശിവൻകുട്ടി അദ്ധ്യക്ഷനാകും. മന്ത്രിമാരായ ജെ.ചിഞ്ചുറാണി, കെ.ബി.ഗണേശ് കുമാർ, ഐ.എൽ.ഒ ഡയറക്ടർ മിചികോ മിയാമോട്ടോ, എം.പിമാരായ എൻ.കെ.പ്രേമചന്ദ്രൻ, കൊടിക്കുന്നിൽ സുരേഷ്, മേയർ ഹണി ബഞ്ചമിൻ, മുൻ മന്ത്രിമാരായ ടി.പി.രാമകൃഷ്ണൻ, കെ.പി.രാജേന്ദ്രൻ, ജില്ലയിലെ എം.എൽ.എമാർ എന്നിവർ സംസാരിക്കും. ലേബർ കമ്മിഷണർ സഫ്ന നസറുദ്ദീൻ ഒൻപത് വർഷത്തെ നേട്ടങ്ങൾ അവതരിപ്പിക്കും. എസ്.ജയമോഹൻ സ്വാഗതവും എംപ്ളോയ്മെന്റ് ആൻഡ് ട്രെയിനിംഗ് ഡയറക്ടർ സൂഫിയാൻ അഹമ്മദ് നന്ദിയും പറയും.

# സൂചനാ പണിമുടക്ക്

കൊല്ലം: ഓൺലൈൻ ഗ്രോസറി സ്റ്റോറായ സ്വിഗി ഇൻസ്റ്റാമാർട്ടിലെ കൊല്ലം ഹബ്ബിലെ ഡെലിവറി തൊഴിലാളിയെ അകാരണമായി ആപ്പ് ലോഗിൻ അനുവദിക്കാതെ പിരിച്ചുവിട്ടതിൽ പ്രതിഷേധിച്ച് കേരള സ്റ്റേറ്റ് ഗിഗ് ആൻഡ് പ്ലാറ്റ്ഫോം വർക്കേഴ്സ് യൂണിയൻ സി.ഐ.ടി.യുവിന്റെ നേതൃത്വത്തിൽ സൂചനാ പണിമുടക്ക് നടത്തി. 20 ദിവസം മുമ്പാണ് കൊല്ലം സ്വിഗി ഇൻസ്റ്റാമാർട്ടിലെ തൊഴിലാളിയെ ഫ്ലീറ്റ് മാനേജർ പിരിച്ചുവിട്ടത്. ഫ്ളീറ്റ് മാനേജറുടെ തെറ്റായ തീരുമാനം മാനേജ്മെൻറ് റദ്ദ് ചെയ്യണമെന്നും അല്ലെങ്കിൽ മറ്റു സമരപരിപാടികളിലേക്ക് പോകേണ്ടി വരുമെന്നും സി.ഐ.ടി.യു അറിയിച്ചു. പള്ളിമുക്കിലെ ഇൻസ്റ്റാമാർട്ട് ഹബ്ബിന് മുന്നിൽ നടന്ന സമരം സി.ഐ.ടി.യു ജില്ലാ ജോ.സെക്രട്ടറി ജി.ആനന്ദൻ ഉദ്ഘാടനം ചെയ്തു.

# പ്രവാസി ഭാരതീയ ദിനാഘോഷം നടത്തി



**കൊല്ലം:** വിദേശരാജ്യത്ത് രണ്ട് വർഷമെങ്കിലും ജോലി ചെയ്ത് പ്രവാസി ക്ഷേമനിധിയിൽ അംഗത്വമെടുത്ത് നാട്ടിലെത്തിയ പ്രവാസികളെ പ്രവാസി ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ (നോർക്ക കെയർ പദ്ധതി) ഉൾപ്പെടുത്തണമെന്ന് കേരള പ്രവാസി വെൽഫെയർ ഓർഗനൈസേഷൻ ജില്ലാ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രവാസി ഭാരതീയ ദിനാഘോഷ പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് കേരള പ്രവാസി വെൽഫെയർ ഓർഗനൈസേഷൻ സംസ്ഥാന ചെയർമാൻ എൻ.എസ്. വിജയൻ ആവശ്യപ്പെട്ടു. ജില്ലാ പ്രസിഡന്റ് വർഗീസ് കുഞ്ചാണ്ടി അദ്ധ്യക്ഷനായി.

പൗലോസ് ജോർജ് പെരിനാട് മുഖ്യപ്രഭാഷണം നടത്തി. അഞ്ചൽ വേണുഗോപാൽ, കുരീപ്പുഴ യഹിയ, കെ.പ്രസന്നകുമാർ, കലേഷ് കുമാർ, ധന്യവിനോദ്, കൊല്ലം അലക്സാണ്ടർ, എസ്. സായിമോൾ, റംലത്ത് ഇരവിപുരം, ചവറ രവി കുമാർ തുടങ്ങിയവർ സംസാരിച്ചു.

# ആംബുലൻസ് ഡ്രൈവർക്ക് നേരെ ആക്രമണം

**കൊട്ടിയം:** രോഗിയുമായി വരികയായിരുന്ന ആംബുലൻസിന് സൈഡ് കൊടുക്കാത്തതിനെ ചോദ്യം ചെയ്തതിന്റെ പേരിൽ ബൈക്കിൽ വരികയായിരുന്ന സംഘം ആംബുലൻ ഡ്രൈവറെ കൈയേറ്റം ചെയ്തു. ആംബുലൻസിന് കേടുപാടും വരുത്തി. ആംബുലൻസ് ഡ്രൈവർ വിവിനാണ് (37) മർദ്ദനമേറ്റത്. ചൊവ്വാഴ്ച രാത്രി 8.30 ഓടെ കൊട്ടിയത്തായിരുന്നു സംഭവം. പത്തനാപുരത്ത് നിന്ന് രോഗിയുമായി കൊട്ടിയത്തെ സ്വകാര്യ ആശുപത്രിയിലേക്ക് വരികയായിരുന്ന ആംബുലൻസിന് മുന്നിൽ മൂവർ സംഘം സഞ്ചരിച്ചിരുന്ന ബൈക്ക് സൈഡ് കൊടുക്കാതെ സഞ്ചരിച്ചു.

സൈഡ് കിട്ടിയപ്പോൾ മുന്നിൽ കയറിയ ആംബുലൻസ് ഡ്രൈവർ ആംബുലൻസിന് സൈഡ് കൊടുക്കാത്തത് ചോദ്യം ചെയ്തു. ഇതോടെ മൂവർ സംഘം ഡ്രൈവറെ കൈയേറ്റം ചെയ്യുകയും ആംബുലൻസിന് കേടുപാടുകൾ വരുത്തുകയുമായിരുന്നു.പത്തനാപുരം സ്വദേശിയായ ബിന്ദു എന്ന രോഗിയുമായാണ് ആംബുലൻസ് കൊട്ടിയത്തെ സ്വകാര്യ ആശുപത്രിയിലേക്ക് വന്നത്. ആംബുലൻസിൽ ഉണ്ടായിരുന്ന രോഗിയെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്നതിനോടൊപ്പം വിവിനും ആശുപത്രിയിൽ ചികിത്സ തേടി. നിരീക്ഷണ ക്യാമറ ദൃശ്യങ്ങളും സമൂഹ മാദ്ധ്യമങ്ങളിൽ വന്ന വീഡിയോകളും പരിശോധിച്ച പൊലീസ് പ്രതികൾക്കായി തെരച്ചിൽ ആരംഭിച്ചു. കൊട്ടിയം കൊട്ടുംപുറം സ്വദേശിയായ ഒരു യുവാവിന്റെ നേതൃത്വത്തിലാണ് ആക്രമണം നടത്തിയതെന്ന് പൊലീസ് തിരിച്ചറിഞ്ഞു.



# ആയുഷ് ശക്തിപ്പെടുത്തും : മന്ത്രി വീണാ ജോർജ്

**പത്തനംതിട്ട** :സംസ്ഥാനത്ത് ആയുഷ് ചികിത്സാ സംവിധാനം ശക്തിപ്പെടുത്തുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ആയുഷ് ചികിത്സാകേന്ദ്രങ്ങളിലെ സിദ്ധ വർമ തൊറാപ്പി യൂണിറ്റുകളുടെയും സിദ്ധ എൻസിഡി ക്ലിനിക്കുകളുടെയും സംസ്ഥാനതല ഉദ്ഘാടനം കടമ്മനിട്ട അക്ഷയ സെന്റർ അങ്കണത്തിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

ആയുഷ് ചികിത്സാരംഗത്ത് സംസ്ഥാനത്തിന്റെ പുതിയ കാൽവയ്പാണ് സിദ്ധവർമ തൊറാപ്പി യൂണിറ്റുകൾ. ആയുർവേദത്തിലെ മർമ ചികിത്സയെ പോലെ പ്രാധാന്യമുള്ളതാണിത്. സിദ്ധചികിത്സ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കാനാണ് യൂണിറ്റുകൾ സ്ഥാപിക്കുന്നത്. സന്ധിവേദന, ആർത്രൈറ്റിസ്, മൈഗ്രേൻ, സ്ട്രോക്ക് പുനരധിവാസം, മാനസിക സമ്മർദം, ഉറക്കമില്ലായ്മ, ക്ഷീണം, സൈനസൈറ്റിസ്, ഫൈബ്രോമയാൾജിയ, ജീവിതശൈലി രോഗങ്ങൾ, കായിക പരിക്കുകൾ, ശസ്ത്രക്രിയാനന്തര പുനരധിവാസം എന്നിവയ്ക്ക് സിദ്ധ വർമ ചികിത്സ പ്രയോജനകരമാണ്. ചെലവ് കുറഞ്ഞതും ഗുണമേന്മയുള്ളതുമായ ചികിത്സ സിദ്ധ വർമ തൊറാപ്പി യൂണിറ്റുകളുടെ ലഭ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

നാരങ്ങാനം പഞ്ചായത്ത് പ്രസിഡന്റ് മിനി സോമരാജൻ അധ്യക്ഷയായി. സംസ്ഥാനത്ത് അഞ്ച് തെറാപ്പി യൂണിറ്റുകളും ഒരു സിദ്ധ ജീവിതശൈലീരോഗ ക്ലിനിക്കുമാണ് ആരംഭിച്ചത്. പാലക്കാട് ഓങ്ങല്ലൂർ, ആലപ്പുഴ മണ്ണഞ്ചേരി, അടൂർ കടമ്പനാട്, തിരുവനന്തപുരം ആറ്റിങ്ങലുമാണ് മറ്റ് തെറാപ്പി യൂണിറ്റുകൾ. കോഴിക്കോട് ജില്ലയിലെ കാക്കൂർ പഞ്ചായത്തിലാണ് സിദ്ധ ജീവിതശൈലീരോഗ ക്ലിനിക് ആരംഭിച്ചത്.

പഞ്ചായത്ത് വൈസ് പ്രസിഡന്റ് കടമ്മനിട്ട കരുണാകരൻ, വികസന സ്ഥിരം സമിതി അധ്യക്ഷ റസിയ സണ്ണി, അബിദാഭായി, എം ഷീജ മോൾ, ഡോ. ഷീന വിമൽ, ഡോ. ജയനാരായണൻ, ഡോ. ജെ മീന, അഖില എന്നിവർ പങ്കെടുത്തു.

# പൂർത്തിയാകാതെ തിരുവല്ല നഗരസഭാ ഓഫീസ് പബ്ലിക് ടോയ്‌ലെറ്റ് ഇഴഞ്ഞുനീങ്ങി നിർമ്മാണം

**തിരുവല്ല:** നഗരസഭാവളപ്പിൽ ഓഫീസ് കെട്ടിടത്തിന്റെ പിന്നിലായി അഞ്ചു വർഷം മുമ്പ് കരാറുകാരന് സ്ഥലം കൈമാറി നിർമ്മാണം തുടങ്ങിയ പബ്ലിക് ടോയ്‌ലെറ്റ് ഇപ്പോഴും പൂർത്തിയായിട്ടില്ല. കേന്ദ്രാവിഷ്കൃത ഫണ്ട് ഉൾപ്പെടെ 12ലക്ഷം രൂപ വകയിരുത്തി അസിസ്റ്റന്റ് എൻജിനിയറുടെ നിർവഹണാധികാരത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് അനന്തമായി നീളുന്നത്. നഗരസഭയിൽ വിവിധ ആവശ്യങ്ങൾക്ക് വന്നുപോകുന്ന പൊതുജനങ്ങൾക്കും നഗരസഭയിലെ ജീവനക്കാർക്കും കൗൺസിലർമാർക്കും ആവശ്യമായ വൃത്തിയുള്ള ടോയിലറ്റ് സംവിധാനം ഒരുക്കിനൽകാൻ കഴിയുന്നില്ലന്ന പരാതി വ്യാപകമാണ്. ജോലിസ്ഥലങ്ങൾ സ്ത്രീസൗഹാർദ്ദമാകണമെന്ന സർക്കാരിന്റെ പ്രത്യേക നിർദ്ദേശങ്ങൾക്കും പുല്ലുവില കൽപ്പിക്കുകയാണ് നഗരസഭാധികൃതർ. ജീവനക്കാരിൽ ഭൂരിപക്ഷവും സ്ത്രീകളായിട്ടും ടോയിലറ്റ് നിർമ്മാണം ഇത്തരത്തിൽ നീണ്ടുപോകുന്ന അധികൃതരുടെ നിലപാടിൽ പ്രതിഷേധം ശക്തമാണ്.പഴയ ഗോഡൗൺ പൊളിച്ചുനീക്കി പൊതുജനങ്ങൾക്കും ജീവനക്കാർക്കും വെവ്വേറേ ടോയിലെറ്റ് നിർമ്മിക്കാനാണ് 2020ഒക്ടോബറിൽ കരാർ നൽകിയത്. കരാർപ്രകാരം 2021ഏപ്രിൽ 30ന് പബ്ലിക് ടോയിലെറ്റ് നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്. എന്നാൽ നിർമ്മാണം തുടങ്ങാൻ വൈകിയതോടെ നാലുതവണ സമയപരിധി നീട്ടിനൽകി. 2023ൽ ടോയിലെറ്റ് കെട്ടിടം മേൽക്കൂര വാർപ്പ് വരെ പ്ലാസ്റ്ററിംഗ് ഉൾപ്പെടെയുള്ള പണികൾ പൂർത്തിയാക്കി. ഇതിനിടെ 2,47,200രൂപയുടെ പാർട്ട് ബിൽ കരാറുകാരന് അനുവദിച്ചു നൽകി. ബാക്കി ജോലികൾ പൂർത്തിയാക്കാത്ത കരാറുകാരനെ ഒഴിവാക്കാൻ തീരുമാനിച്ചെങ്കിലും അയാളുടെ അപേക്ഷ പരിഗണിച്ച് 2023ൽ അനുമതി നൽകി. വീണ്ടും രണ്ടു വർഷം കൂടി കഴിഞ്ഞിട്ടും ടോയ്‌ലെറ്റിന്റെ പണികൾ തീർക്കാൻ കരാറുകാരന് കഴിഞ്ഞില്ല.



അഞ്ചുവർഷമായിട്ടും പണി പൂർത്തിയാക്കാത്ത കരാറുകാരനെതിരെ യാതൊരു നിയമനടപടിയും സ്വീകരിക്കാതെ ക്രമവിരുദ്ധമായി കരാർ കാലാവധി നീട്ടിനൽകിയും പാർട്ട് ബിൽ അനുവദിച്ചു കൊടുത്തും നഗരസഭ കരാറുകാരന് ഒത്താശ ചെയ്യുകയാണെന്ന ആക്ഷേപം ശക്തമാണ്.ശുചിത്വപ്രഖ്യാപനം നടത്തിയ തിരുവല്ല നഗരസഭാവളപ്പിൽ വൃത്തിഹീനമായ ടോയ്‌ലറ്റ് ആരോഗ്യവിഭാഗം അധികൃതരുടെ മൂക്കിനുതാഴെയുണ്ട്. നഗരസഭാ കെട്ടിടത്തിന്റെ പിന്നിലേക്ക് ആളുകൾക്ക് പോകാൻപോലും പറ്റാത്തവിധം വൃത്തിഹീനമായി കിടക്കുകയാണ്. പഴയ ടോയ്‌ലെറ്റിന്റെ കതകിൽ കയർ കെട്ടിയിട്ടുണ്ടെങ്കിലും മലിനമായി തുറന്നു കിടക്കുകയാണ്. കെട്ടിടത്തിന്റെ മുൻവശത്തൊക്കെ ഇന്റർലോക്ക് പാകിയിട്ടുണ്ടെങ്കിലും പിന്നിൽ മാലിന്യങ്ങളുടെ ദുർഗന്ധം രൂക്ഷമാണ്. ഹെൽത്ത് വിഭാഗത്തിൽ ക്ളീൻസിറ്റി മാനേജർ, ഹെൽത്ത് സൂപ്പർവൈസർമാർ, പി.എച്ച്.ഐമാർ ഉൾപ്പെടെ 10ഉദ്യോഗസ്ഥരും 40ശുചീകരണ തൊഴിലാളികളും ജോലിചെയ്യുന്ന നഗരസഭയിലാണ് പുഴുത്ത് നാറുന്ന ടോയ്‌ലെറ്റ്.

# തെരുവുകളിലെ ബിനാമി കച്ചവടങ്ങൾ നിരോധിക്കണം

**ഇരവിപേരൂർ** വൻകിട കച്ചവടക്കാരുടെ ബിനാമി ഇടപാടിൽ വഴിയോരങ്ങളിൽ നടക്കുന്ന കച്ചവടങ്ങളെ കർശനമായി നിയന്ത്രിക്കണമെന്ന് വഴിയോര കച്ചവട തൊഴിലാളി ഫെഡറേഷൻ (വികെടിഎഫ്) ജില്ലാ സമ്മേളനം പ്രമേയത്തിൽ ആവശ്യപ്പെട്ടു. ഉത്സവങ്ങൾക്ക് രാത്രി 10വരെ മാത്രമേ മൈക്ക് അനുവദിക്കാനാവൂ എന്ന തീരുമാനം പിൻവലിക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.ഇരവിപേരൂർ ശങ്കരമംഗലം ഹാളിൽ നടന്ന സമ്മേളനം സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് പി ബി ഹർഷകുമാർ ഉദ്ഘാടനം ചെയ്തു. വികെടിഎഫ് ജില്ലാ വൈസ് പ്രസിഡന്റ് സലീം സുലൈമാൻ അധ്യക്ഷനായി. സംസ്ഥാന പ്രസിഡന്റ് ഡോ. കെ എസ് പ്രദീപ് കുമാർ മുഖ്യ പ്രഭാഷണം നടത്തി. ജില്ലാ സെക്രട്ടറി അഡ്വ. ഫ്രാൻസിസ് വി ആന്റണി പ്രവർത്തന റിപ്പോർട്ടും, ട്രഷറർ ടി എ റെജികുമാർ വരവ് ചിലവ് കണക്കും, സംസ്ഥാന ജനറൽ സെക്രട്ടറി ആർ വി ഇക്ബാൽ സംഘടനാ റിപ്പോർട്ടും അവതരിപ്പിച്ചു. സ്വാഗതസംഘം ചെയർമാൻ ജിജി മാത്യു, സിഐടിയു ഇരവിപേരൂർ ഏരിയാ സെക്രട്ടറി കെ അനിൽകുമാർ എന്നിവർ സംസാരിച്ചു.




ഓമനക്കുട്ടൻ പിള്ള (പ്രസിഡന്റ്), അഡ്വ. ഫ്രാൻസിസ് വി ആന്റണി, ബി മുരളീധരൻ, കെ എൻ സരസ്വതി, ഷാഹീർ പ്രണവം, പി ആർ വിഷ്ണു, സനീഷ് സാജൻ, അമ്പിളി അടൂർ (വൈസ് പ്രസിഡന്റുമാർ), ടി എ റെജികുമാർ (ജനറൽ സെക്രട്ടറി), പി ആർ കുട്ടപ്പൻ, ശുഭ സുന്ദരൻ, ലത്തീഫ് കൊയ്പള്ളി, സലീം സുലൈമാൻ, എം ഒ മോഹൻദാസ് (ജോയിന്റ് സെക്രട്ടറിമാർ), പ്രമോദ് കണ്ണങ്കര (ട്രഷറർ), സെലീന അടൂർ (വനിതാ സബ് കമ്മറ്റി കൺവീനർ) എന്നിവർ ഭാരവാഹികളായി 48 അംഗ ജില്ലാ കമ്മറ്റിയെയും സമ്മേളനം തെരെഞ്ഞെടുത്തു.

# അന്നദാന സേവന പ്രവർത്തനങ്ങളുടെ ഉദ്ഘാടനം

**ചെങ്ങന്നൂർ:** ചെങ്ങന്നൂർ അമരാവതി മഹാലക്ഷ്മി ദേവസ്ഥാനം ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച നിത്യവും നടക്കുന്ന അന്നദാനത്തിന്റെയും മറ്റ് സേവന പ്രവർത്തനങ്ങളുടെയും ഉദ്ഘാടനം ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. ശാന്തി അനുകൃഷ്ണൻ പൊന്നാടയണിച്ച് ലക്ഷ്മി ദേവിയുടെ ഫലകം നൽകി ആദരിച്ചു. ചടങ്ങിൽ ക്ഷേത്ര പരിപാലന കാര്യക്രമങ്ങളിൽ പങ്കെടുക്കുന്ന രാധാമണിയമ്മയ്ക്ക് ആദരവ് നൽകി. ചടങ്ങിൽ ബി.ജെ.പി ജില്ലാ അദ്ധ്യക്ഷൻ സന്ദീപ് വജസ്പതി , നിയോജകമണ്ഡലം പ്രസിഡന്റ് പ്രമോദ് ,സംസ്ഥാന സെക്രട്ടറി എം.വി ഗോപകുമാർ , സജു ഇടയ്ക്കൽ, വിനോദ് കുമാർ, വാർഡ് കൗൺസിലർ ശ്രീദേവി ബാലകൃഷ്ണൻ ,ഭക്ഷണ വിതരണ കോഡിനേറ്റർ ഗോപാലൻ, നിയോജകമണ്ഡലം സെക്രട്ടറി അനീഷ് കെ.ജി കർത്താ ,രോഹിത് പുത്തൻപുരയ്ക്കൽ, എന്നിവർ പങ്കെടുത്തു.





# അന്താരാഷ്ട്ര വയോജന ദിനാഘോഷം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി ഉദ്ഘാടനം ചെയ്യും

**ആലപ്പുഴ** : അന്താരാഷ്ട്ര വയോജന ദിനാഘോഷത്തിന്റെ ഭാഗമായി ജില്ലാതല വയോജന ദിനാഘോഷം ഇന്ന് (ഒക്ടോബർ 30) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാജേശ്വരി ഉദ്ഘാടനം ചെയ്യും. രാവിലെ ഒമ്പത് മണിക്ക് പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടക്കുന്ന ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി വി മേരി ടെൽഷ്യ അധ്യക്ഷയാകും. ജില്ലാ സാമൂഹ്യ നീതി ഓഫീസിന്റെ നേതൃത്വത്തിൽ മെയിന്റനൻസ് ട്രൈബ്യൂണൽ, വയോമിത്രം യൂണിറ്റ്, സായംപ്രഭ ഹോമുകൾ, ഓൾഡ് ഏജ് ഹോമുകൾ, ജില്ലാതല വയോജന കമ്മിറ്റി എന്നിവരുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ എസ് ശിവപ്രസാദ് മുഖ്യാതിഥിയാകും. ഡിഎൽഎസ്എ സെക്രട്ടറിയും സീനിയർ സിവിൽ ജഡ്ജുമായ പ്രമോദ് മുരളി മുഖ്യപ്രഭാഷണം നടത്തും. സംസ്ഥാന വയോസേവന അവാർഡ് ജേതാവ് പി കെ മേദിനി, മാസ്റ്റേഴ്സ് കായികരംഗത്ത് മികവാർന്ന പ്രകടനം കാഴ്ചവയ്ക്കുന്ന തങ്കച്ചൻ എന്നിവരെ ആദരിക്കും. സബ് കളക്ടർ സമീർ കിഷൻ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആർ ജീവൻ, ജില്ലാ സാമൂഹ്യനീതി ഓഫീസർ വി അശ്വതി, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.



# പുന്നപ്ര – വയലാർ: മർദ്ദിത ജനവിഭാഗങ്ങളുടെ പിൽക്കാല പോരാട്ടങ്ങൾക്ക് എന്നും പ്രചോദനം; മുഖ്യമന്ത്രി

**ആലപ്പുഴ** : മർദ്ദിത ജനവിഭാഗങ്ങളുടെ പിൽക്കാല പോരാട്ടങ്ങൾക്ക് എന്നും പ്രചോദനമായതാണ് പുന്നപ്ര - വയലാറിലെ ഐതിഹാസിക സമരമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ദിവാൻ ഭരണത്തിനും ജന്മിത്തത്തിനും മുതലാളിത്ത ചൂഷണത്തിനുമെതിരെ കമ്യൂണിസ്റ്റ് പാർടിയുടെ മുൻകൈയിൽ കർഷകരും തൊഴിലാളികളും നടത്തിയ ഐതിഹാസികമായ പുന്നപ്ര - വയലാർ സമരത്തിന് വർഷം 79 വർഷം പൂർത്തിയാവുകയാണ്. ചേർത്തല, അമ്പലപ്പുഴ താലൂക്കുകളിലെ കർഷക ജനസാമാന്യം നടത്തിയ ധീരോദാത്തമായ പോരാട്ടത്തിന് സഖാവ് വി എസ് ഉൾപ്പെടെയുള്ളവർ ഉജ്ജ്വല നേതൃത്വമായി. വി എസിന്റെ അഭാവത്തിലുള്ള ആദ്യത്തെ പുന്നപ്ര-വയലാർ വാരാചരണമാണ് ഇത്തവണ.തൊഴിലാളി വർഗ്ഗത്തിന്റെ സംഘടിത മുന്നേറ്റത്തെയും അതിന്റെ മുന്നണിപ്പോരാളിയായ കമ്യൂണിസ്റ്റ് പാർടിയെയും തകർക്കാനുള്ള ഭരണവർഗത്തിന്റെ കൊടിയനീക്കമായിരുന്നു പുന്നപ്ര-വയലാറിലെ അടിച്ചമർത്തൽ. 1946 ഒക്ടോബർ 24 മുതൽ 27 വരെ ദിവാൻ പട്ടാളത്തിന്റെ യന്ത്രത്തോക്കുകളോട് സഖാക്കൾ പോരാടി. നിരവധി സഖാക്കൾ പുന്നപ്ര - വയലാറിൽ രക്തസാക്ഷികളായി. തിരുവിതാംകൂറിലെ രാജവാഴ്ചയ്ക്കും ദിവാൻ സി പി രാമസ്വാമി അയ്യരുടെ അമേരിക്കൻ മോഡൽ ഭരണക്രമത്തിനുമെതിരെ നടത്തിയ ത്യാഗനിർഭരമായ സമരം മർദ്ദിത ജനവിഭാഗങ്ങളുടെ പിൽക്കാല പോരാട്ടങ്ങൾക്ക് എന്നും പ്രചോദനമായിട്ടുണ്ട്. ദിവാൻ പട്ടാളത്തിന്റെ യന്ത്രത്തോക്കുകളോട് വാരിക്കുന്തവുമേന്തി പൊരുതിനിന്ന പുന്നപ്ര-വയലാറിലെ സമരേതിഹാസങ്ങൾ ഉൾപ്പെടെയാണ് ഫ്യൂഡൽ സാമൂഹിക സാഹചര്യങ്ങളിൽ നിന്നും ആധുനിക കേരളത്തിലേക്കുള്ള നാടിന്റെ മുന്നോട്ടുപോക്കിന് വിത്തുപാകിയത്- മുഖ്യമന്ത്രി പറഞ്ഞു.



# ധീരസ്മരണയിൽ പുന്നപ്ര – വയലാർ: ദീപശിഖാ പ്രയാണം ആരംഭിച്ചു

**ആലപ്പുഴ** : അനശ്വരരായ പുന്നപ്ര രക്തസാക്ഷികളും പി കൃഷ്ണപിള്ളയടക്കം മൺമറഞ്ഞ കമ്യൂണിസ്റ്റ് നേതാക്കളും അന്ത്യവിശ്രമം കൊള്ളുന്ന വലിയ ചുടുകാട് രക്തസാക്ഷി മണ്ഡപത്തിൽനിന്ന് വയലാർ രക്തസാക്ഷികളുടെ ചുടുചോര വീണ വയലാർ രക്തസാക്ഷി മണ്ഡപത്തിലേക്കുള്ള ദീപശിഖാ റിലേയ്ക്ക് തുടക്കം. തിങ്കളാഴ്ച രാവിലെ 7.30ന് മുതിർന്ന സിപിഐ എം നേതാവ് ജി സുധാകരൻ ദീപശിഖ അത്‌ലീറ്റുകൾക്ക് കൈമാറി. ദീപശിഖ നൂറുകണക്കിന് വാഹനങ്ങളുടെ അകമ്പടിയായി വയലാറിലേക്ക് പ്രയാണം തുടങ്ങും.നിരവധി ഇടങ്ങളിൽ സ്വീകരണം ഏറ്റുവാങ്ങി 11 മണിയോടെ വയലാർ രക്തസാക്ഷി മണ്ഡപത്തിൽ എത്തുമ്പോൾ വാരാചരണ കമ്മിറ്റി പ്രസിഡന്റ് എം സി സിദ്ധാർഥൻ ദീപം ഏറ്റുവാങ്ങി രക്തസാക്ഷിമണ്ഡപത്തിൽ സ്ഥാപിക്കും. വൈകിട്ട് പുന്നപ്ര- വയലാർ വാരാചരണത്തിന്റെ സമാപനം കുറിച്ചുകൊണ്ട് പൊതുസമ്മേളനം നടക്കും. പൊതുസമ്മേളനം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

# പിഎം ശ്രീ; കേന്ദ്രം പറയുന്നതല്ല കേരളത്തിൽ പഠിപ്പിക്കുക: തോമസ് ഐസക്

**ആലപ്പുഴ:** കേന്ദ്രം പറയുന്നതല്ല, വിദ്യാഭ്യാസമേഖലയിൽ സംസ്ഥാന സർക്കാർ തീരുമാനിക്കുന്ന കാര്യങ്ങളാണ് കേരളത്തിൽ പഠിപ്പിക്കുകയെന്ന് സിപിഐ എം കേന്ദ്രകമ്മിറ്റിയംഗം ഡോ. ടി എം തോമസ് ഐസക് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഹിന്ദുത്വ രാഷ്ട്രീയവും കാഴ്ചപ്പാടും വിദ്യാഭ്യാസത്തിൽ കലർത്താനുള്ള എല്ലാ ശ്രമങ്ങളെയും എതിർത്തുതോൽപ്പിക്കും. കേരളത്തിൽ സവർക്കറുടെ ചരിത്രം പഠിപ്പിക്കാമെന്നത് കെ സുരേന്ദ്രന്റെ മോഹം മാത്രമാണ്.പിഎം ശ്രീ പോലെതന്നെയാണ് ഉന്നത വിദ്യാഭ്യാസമേഖലയിൽ പിഎം ഉഷ പദ്ധതിയും. ഉന്നതവിദ്യാഭ്യാസ മേഖലയിൽ കേന്ദ്രത്തിന്റെ തെറ്റായ നയങ്ങൾക്കും ഗവർണറുടെ സമീപനങ്ങൾക്കും എതിരെ ഏറ്റവും വലിയ പോരാട്ടങ്ങൾ നടക്കുന്നത് കേരളത്തിലാണ്. അത്തരത്തിൽ സമരം മുന്നോട്ടുകൊണ്ടുപോകുമെന്നതിൽ സംശയംവേണ്ട.കേന്ദ്രത്തിന്റെ തെറ്റായ നയങ്ങളെ എതിർക്കുമ്പോൾത്തന്നെ അവകാശപ്പെട്ട ധനസഹായം നേടാൻ ശ്രമിക്കണമെന്നും തോമസ് ഐസക് പറഞ്ഞു.



# നാലുചിറപ്പാലം സംസ്ഥാനത്തിന് അഭിമാനം: മുഖ്യമന്ത്രി പിണറായി വിജയൻ

**ആലപ്പുഴ:** നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച തോട്ടപ്പള്ളി നാലുചിറപ്പാലം സംസ്ഥാനത്തിന്റെ അഭിമാനപദ്ധതിയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കേരളത്തിലെ ആദ്യത്തെ എക്സ്ട്രാഡോസ്ഡ് കേബിൾ സ്റ്റേ പാലമായ തോട്ടപ്പള്ളി നാലുചിറപ്പാലം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഈ നാടിന്റെ ചിരകാല സ്വപ്നമാണ് യാഥാർത്ഥ്യമായിരിക്കുന്നത്. 60 കോടി 73 ലക്ഷം രൂപ ചെലവിട്ടാണ് പാലം പൂർത്തിയാക്കിയത്. സംസ്ഥാനത്തെ ആദ്യ എക്സ്ട്രാഡോസ്ഡ് കേബിൾ സ്റ്റേ പാലം എന്ന പ്രത്യേകത ഈ പാലത്തിനുണ്ട്. പ്രത്യേകതരം കമ്പികൾ ഉപയോഗിച്ച് പാലം വലിച്ചുകെട്ടുന്ന രീതിയാണ് കേബിൾ സ്റ്റേ ഡിസൈൻ. യാത്രയ്ക്ക് കടത്തുവള്ളത്തെ ആയിച്ചിരുന്ന നാലുചിറക്കാർക്ക് വലിയ ആശ്വാസമായിരിക്കുകയാണ് പാലം. നഗരത്തിലേക്കും ദേശീയപാതയിലേക്കുള്ള യാത്രാസമയം ഇതോടെ 15 മിനുട്ടായിക്കുറഞ്ഞിരിക്കുകയാണ്. പക്ഷിച്ചിറകിന്റെ ആകൃതിയിലുള്ള ഈ മനോഹരമായ പാലം സഞ്ചാരികളെക്കൂടി ആകർഷിക്കുന്നതാണെന്നും മുഖ്യമന്ത്രി പറഞ്ഞു.പാലത്തിന് സമീപം ഒരുക്കിയ വേദിയിൽ നടന്ന ചടങ്ങിൽ ഫിഷറീസ്, സാംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ അധ്യക്ഷത വഹിച്ചു.ദേശീയ ജലപാതയിൽ ലീഡിങ് ചാനലിന് കുറുകെ കൊട്ടാരവളവ് കടത്തിന് സമീപം ദേശീയ ജലപാത മാനദണ്ഡങ്ങൾ പാലിച്ചാണ് പാലം നിർമ്മിച്ചിരിക്കുന്നത്. ജലഗതാഗതം തടസ്സപ്പെടാതിരിക്കാനായി 70 മീറ്ററുള്ള സെന്റർ സ്പാനാണ് ദേശീയ ജലപാതയ്ക്ക് കുറുകെ തൂണുകളില്ലാതെ മധ്യത്തിൽ ഒരുക്കിയിരിക്കുന്നത്.

458 മീറ്ററാണ് പാലത്തിന്റെ ആകെ നീളം. ഇരുവശത്തും 1.5 മീറ്റർ വീതിയുള്ള നടപ്പാതയുമുണ്ട്. ദേശീയപാത 66 നെയും അമ്പലപ്പുഴ -തിരുവല്ല സംസ്ഥാനപാതയെയും ബന്ധിപ്പിക്കുന്ന പാലം കരുമാടിയിൽ നിന്ന് തോട്ടപ്പള്ളി കൊട്ടാരവളവ് വരെ ദേശീയപാതയ്ക്ക് സമാന്തരപാതയായി മാറും. കാഴ്ച്ചകൾ കാണുന്നതിന് നടപ്പാതയോട് ചേർത്ത് മധ്യഭാഗത്ത് വിപുലീകരിച്ചിട്ടുള്ള പ്രത്യേക ഭാഗം പാലത്തിന്റെ പ്രധാന ആകർഷണമാണ്. തോട്ടപ്പള്ളി നാലുചിറ, ഇല്ലിച്ചിറ നിവാസികൾക്കും കാർഷിക മേഖലയ്ക്കും ജില്ലയുടെ ഗതാഗത രംഗത്തിനൊപ്പം വിനോദസഞ്ചാര മേഖലക്കും പാലം വലിയ മുതൽക്കൂട്ടാകും.

എച്ച് സലാം എംഎൽഎ, ജില്ലാ കളക്ടർ അലക്സ് വർഗീസ്, അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാകേഷ്, ബ്ലോക്ക് പഞ്ചായത്തംഗം ആർ രാജി, പുറക്കാട് പഞ്ചായത്ത് പ്രസിഡന്റ് എ എസ് സുദർശനൻ, വൈസ് പ്രസിഡന്റ് വിഎസ് മായാദേവി, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷരായ വി എസ് ജിനുരാജ്, കെ രാജീവൻ, പ്രിയ അജേഷ്, കെ ആർ എഫ് ബി പ്രൊജക്റ്റ് ഡയറക്ടർ എം അശോക് കുമാർ, കെ ആർ എഫ് ബി- പി എം യു സൗത്ത് സർക്കിൾ ടീം ലീഡർ പി ആർ മഞ്ജുഷ, ജനപ്രതിനിധികൾ, രാഷ്ട്രീയപാർട്ടി പ്രതിനിധികൾ, മറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

# ജനനി പദ്ധതിയിലൂടെ അമ്മമാരായത് ആയിരങ്ങൾ

**ആലപ്പുഴ:** ഒരു കുഞ്ഞിനായി വർഷങ്ങളോളം കാത്തിരിക്കുന്നവർക്ക് പ്രതീക്ഷയായി ഹോമിയോപ്പതി വകുപ്പിന്റെ ജനനിപദ്ധതി. 2012ൽ അമ്മയും കുഞ്ഞുമെന്ന പേരിൽ കണ്ണൂരിൽ പദ്ധതി ആരംഭിച്ചത് മുതൽ ഇതുവരെ സംസ്ഥാനത്ത് പിറന്നത് 3635 കുട്ടികൾ. ഐ.വി.എഫ്, ഐ.യു.ഐ തുടങ്ങിയ ചികിത്സയുടെ ഭീമമായ ചെലവ് താങ്ങാനാകാത്ത അവസ്ഥയിലാണ് ചികിത്സയും മരുന്നും സൗജന്യമായി ജനനിപദ്ധതിയിലൂടെ ലഭ്യമാക്കുന്നത്.പാർശ്വഫലങ്ങളില്ലാത്ത, തികച്ചും ശാസ്ത്രീയമായ രീതിയിൽ ഹോമിയോപ്പതി മരുന്നുകളിലൂടെ ഗർഭധാരണം സാദ്ധ്യമാക്കുന്നു എന്നതാണ് പ്രത്യേകത. പദ്ധതി ഫലം കണ്ടതോടെ 2013ൽ കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ വ്യാപിപ്പിക്കുകയും 2019ഓടെ ജനനിയെന്ന പേരിൽ സംസ്ഥാനത്തെ ജില്ലാ ഹോമിയോ ആശുപത്രികളിൽ ചികിത്സ ആരംഭിക്കുകയും ചെയ്തു. എല്ലാ ജില്ലാ ആശുപത്രികളിലും ആഴ്ചയിൽ തിങ്കൾ മുതൽ ശനി വരെയുള്ള ദിവസങ്ങളിൽ രാവിലെ 9 മുതൽ ഉച്ചയ്ക്ക് 2 വരെ ചികിത്സ ലഭ്യമാണ്. കൂടാതെ വന്ധ്യത ചികിത്സയുമായി ബന്ധപ്പെട്ട ടെസ്റ്റുകൾ ചെയ്യുന്നതിനുള്ള സൗകര്യവും ആശുപത്രിയിലുണ്ട്. ബി.പി.എൽ മഞ്ഞ കാർഡുകാർക്ക് ഈ ടെസ്റ്റുകൾ സൗജന്യമാണ്. പിങ്ക് കാർഡുകൾക്ക് 50 ശതമാനവും ജനറൽ വിഭാഗത്തിന് 30 ശതമാനവും നിരക്കിൽ ഇളവ് ലഭിക്കും. ആഴ്ചയിൽ രണ്ടുദിവസം സ്കാനിംഗ് സംവിധാനവും ക്രമീകരിച്ചിട്ടുണ്ട്.ആധുനികവും ചെലവേറിയതുമായ രീതികൾ അവലംബിച്ചിട്ടും ഗർഭിണിയാകാത്തവർ,ഗർഭിണിയായിട്ടും പലതരം കാരണങ്ങളാൽ ഗർഭസ്ഥ ശിശുവിനെ നഷ്ടമായവർ എന്നിവർക്കാണ് പദ്ധതിയിലൂടെ ചികിത്സ നൽകുന്നത്. പുരുഷ വന്ധ്യതയ്ക്ക് കാരണമായ ബീജക്കുറവ്, ബീജ ചലനശേഷിക്കുറവ്,വെരിക്കോസ്,ലൈംഗിക പ്രശ്നങ്ങൾ,പി.സി.ഒ.ഡി,ഫൈബ്രോയിഡ് പോലുള്ള ഗർഭാശയമുഴകൾ,ഹോർമോൺ തകരാറുകൾ തുടങ്ങിയവയ്ക്ക് ഫലപ്രദമായ ചികിത്സ ജനനി പദ്ധതിയിലൂടെ ലഭിക്കും. ജീവിതശൈലി രോഗങ്ങൾ കാരണമുള്ള വന്ധ്യതയ്ക്കും ചികിത്സയുണ്ട്.വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം,യോഗ, കൗൺസലിംഗ് എന്നിവ ഉൾപ്പെടെയുള്ള സേവനങ്ങളും ലഭിക്കും.

## രാമപുരത്ത് എൽ.ഡി.എഫിൽ സീറ്റ് ധാരണയായി

**പാലാ:** ആസന്നമായ തദ്ദേശ തെരഞ്ഞെടുപ്പിൽ എൽ.ഡി .എഫ് മത്സരിക്കുന്ന രാമപുരം ഗ്രാമപഞ്ചായത്ത് സീറ്റുകളിൽ ധാരണയായി. ആകെയുള്ള 19 സീറ്റിൽ 13 എണ്ണത്തിൽ കേരള കോൺഗ്രസ് (എം), 4 സീറ്റിൽ സി.പി.എമ്മും രണ്ട് സീറ്റിൽ സി.പി.ഐയും മത്സരിക്കുന്നതിനാണ് ധാരണയായയത്:15 03:48പാലാ മേഖലയിൽ ആദ്യമായിട്ടാണ് ഒരു പഞ്ചായത്തിൽ ഒരു മുന്നണി സീറ്റ് ധാരണ പ്രഖ്യാപിച്ചിരിക്കുന്നത്.

പാലാ നഗരസഭാ 19ാം വാർഡിൽ ആം ആദ്മി പാർട്ടി സ്ഥാനാർത്ഥിയായി പാലാ പൗരാവകാശ സമിതി പ്രസിഡന്റ് ജോയി കളരിക്കൽ മത്സരിക്കും.

പൂഞ്ഞാർ മണ്ഡലത്തിന്റെ ഭാഗമായ തിടനാട് പഞ്ചായത്തിൽ നാല് സ്ഥാനാർത്ഥികളെ കേരള കോൺഗ്രസ് (എം) പ്രഖ്യാപിച്ച് പ്രചാരണ പോസ്റ്ററുകളും പ്രസിദ്ധീകരിച്ച് പ്രചാരണമാരംഭിച്ചു കഴിഞ്ഞു. ഈരാറ്റുപേട്ട നഗരസഭയിലെ കേരള കോൺഗ്രസ് (എം) സിറ്റിംഗ് സീറ്റിലും സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചു.

## രംഗശ്രീ കഥകളി ക്ലബ് വാർഷികവും കഥകളിയും

**ഇളങ്ങുളം:** രംഗശ്രീ കഥകളി ക്ലബിന്റെ 11–ാം വാർഷികം നവംബർ രിന് നടക്കും. ഇളങ്ങുളം ശാസ്താ ഓഡിറ്റോറിയത്തിൽ രാവിലെ 11.30ന് വാർഷിക പൊതുയോഗം, 1.30ന് വാർഷികസമ്മേളനം ഡയറ്റ് പ്രിൻസിപ്പൽ ഇൻ ചാർജ് ആർ.പ്രസാദ് ഉദ്ഘാടനം ചെയ്യും. ക്ലബ് പ്രസിഡന്റ് മീനടം ഉണ്ണികൃഷ്ണൻ അദ്ധ്യക്ഷത വഹിക്കും. ചാലക്കുടി മുരളി മുഖ്യപ്രഭാഷണം നടത്തും. കലാമണ്ഡലം അഖിലിന് രംഗശ്രീ പുരസ്കാരം ഗവ.ചീഫ് വിപ്പ് ഡോ.എൻ.ജയരാജ് സമ്മാനിക്കും. എസ്.ഷാജി, വിനോദ് മുളയ്ക്കൽ, എം.ആർ.സരീഷ്കുമാർ, വി.കെ.ഉണ്ണികൃഷ്ണൻനായർ, വി.എ.ശിവശങ്കരപ്പിള്ള തുടങ്ങിയവർ പങ്കെടുക്കും. മൂന്നിന് മേജർസെറ്റ് കഥകളി സീതാസ്വയംവരം.

## മീനച്ചിൽ യൂണിയനിലെ ശാഖകളിൽ വികസനപദ്ധതികൾ

**അരീക്കര:** മീനച്ചിൽ യൂണിയന് കീഴിലെ ശാഖകളിൽ വിവിധ വികസനപദ്ധതികൾ പൂർത്തിയായി വരികയാണെന്ന് എസ്.എൻ.ഡി.പി യോഗം മീനച്ചിൽ യൂണിയൻ ചെയർമാൻ സുരേഷ് ഇട്ടിക്കുന്നേൽ പറഞ്ഞു.

ശാഖാ ചെയർമാൻ അനീഷ് പുല്ലുവേലിൽ അദ്ധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ രാമപുരം സി.റ്റി.രാജൻ, കൺവീനർ സജീവ് വയലാ, ബിജു അമ്മായിക്കുന്നേൽ, രാജൻ വട്ടപ്പാറ, ഹരിദാസ് കാരക്കാട്ട്, ഹരിദാസ് ആറുകാക്കൽ, ബാലു ബാലചന്ദ്രൻ, സാബു മൂലയിൽ, പ്രവീൺ ഓലേടത്ത്, ബാബു പ്ലാച്ചേരി, സാജൻ നിരവത്ത്, ശശി ചെറുവീട്ടിൽ, സന്തോഷ് പള്ളിക്കാപറമ്പിൽ, ഷീല, ഉഷാ ഹരിദാസ് തുടങ്ങിയവർ ആശംസകൾ നേർന്നു.

## കോട്ടയത്ത് പിതാവുൾപ്പെടെ മൂന്ന് പേർ പിടിയിൽ

**കോട്ടയം:** കുമ്മനത്ത് നവജാത ശിശുവിനെ വിൽക്കാൻ ശ്രമം. കുഞ്ഞിന്റെ പിതാവിനെയും ഇടനിലക്കാരനെയും വാങ്ങാനെത്തിയ ആളെയും പൊലീസ് കസ്റ്റഡിയിലെടുത്തു. രണ്ടരമാസം പ്രായമുള്ള ആൺകുഞ്ഞിനെയാണ് വിൽക്കാൻ ശ്രമിച്ചത്. 50,000 രൂപയ്ക്ക് കുഞ്ഞിനെ വിൽക്കാനായിരുന്നു ശ്രമം. കുഞ്ഞിന്റെ പിതാവ് അസം സ്വദേശിയാണ്. ഈരാറ്റുപേട്ടയിൽ താമസിക്കുന്ന ഉത്തർപ്രദേശുകാരനാണ് കുഞ്ഞിനെ വാങ്ങാൻ എത്തിയത്. കുഞ്ഞിനെ വിൽക്കുന്നതിൽ കുഞ്ഞിന്റെ അമ്മയ്ക്ക് എതിർപ്പുണ്ടായിരുന്നു. തുടർന്ന് കൂടെ ജോലിചെയ്യുന്നവരോട് യുവതി വിവരം പറയുകയായിരുന്നു. അങ്ങനെയാണ് സംഭവം പൊലീസ് അറിഞ്ഞത്.

# ശബരിമല തീർഥാടകർ പെരുവഴിയിലാകും; എരുമേലി കെഎസ്ആർടിസി ഓപ്പറേറ്റിങ് സെന്റർ മാറ്റാൻ നിർദേശം

**എരുമേലി** :മണ്ഡല മകരവിളക്ക് തീർഥാടനം തുടങ്ങാൻ ആഴ്ചകൾ മാത്രം അവശേഷിക്കെ എരുമേലി കെഎസ്ആർടിസി ഓപ്പറേറ്റിങ് സെന്റർ നിലനിൽപ് ഭീഷണിയിൽ. ഓപ്പറേറ്റിങ് സെന്ററിലെ ടിക്കറ്റ് ആൻഡ് കലക്ഷൻ ബ്ലോക്കും ഇതിനോട് ചേർന്നുള്ള ശുചിമുറി ബ്ലോക്കും അടിത്തറ തകർന്ന് ഏതുനിമിഷവും നിലംപൊത്താവുന്ന സ്ഥിതിയിലായതോടെ എത്രയും വേഗം ഇവിടെ നിന്ന് ഓപ്പറേറ്റിങ് സെന്റർ മാറ്റി സ്ഥാപിക്കാൻ ആവശ്യപ്പെട്ട് കെഎസ്ആർടിസി ചീഫ് ഓഫിസിൽ നിന്ന് പൊൻകുന്നം എടിഒയ്ക്ക് കത്തു ലഭിച്ചു. ദേവസ്വം ബോർഡ് മുറികളിലേക്കു മാറ്റി സ്ഥാപിക്കാനാണ് എടിഒയ്ക്കു കത്തു ലഭിച്ചത്.

എന്നാൽ, പലതവണ മന്ത്രി തലത്തിൽ അടക്കം ചർച്ച നടത്തിയെങ്കിലും ദേവസ്വം ബോർഡ് മുറികൾ അനുവദിക്കാൻ തയാറായിട്ടില്ല. ഈ



മുറികൾ ദേവസ്വം ബോർഡ് ലേലം ചെയ്യുകയും ചെയ്യുകയും ചെയ്തു. ഈ സാഹചര്യത്തിൽ എരുമേലി ഓപ്പറേറ്റിങ് സെന്റർ സമീപത്തെ ഏതെങ്കിലും ഡിപ്പോയിലേക്ക് മാറ്റേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്ന് എടിഒ കെ.അനിൽകുമാർ അറിയിച്ചു.

എരുമേലി ഓപ്പറേറ്റിങ് സെന്ററിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള കോടതി വ്യവഹാരത്തിൽ സ്വകാര്യ വ്യക്തിക്ക് അനുകൂലമായ കോടതി വിധി ഉണ്ടായിരുന്നു. ദേവസ്വം ബോർഡ് സ്ഥലം കെഎസ്ആർടിസിക്ക് ലീസിനു നൽകിയതാണെന്നായിരുന്നു കോടതിയിൽ കെഎസ്ആർടിസി നിലപാട് സ്വീകരിച്ചത്. കോടതിവിധിക്ക് എതിരെ കെഎസ്ആർടിസി അപ്പീൽ നൽകാനും ഒപ്പം ദേവസ്വം ബോർഡും പഞ്ചായത്തും കക്ഷി ചേരാനും കഴിഞ്ഞ ഓഗസ്റ്റിൽ സെബാസ്റ്റ്യൻ കുളത്തുങ്കൽ എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിരുന്നു. എന്നാൽ, ഇതുവരെ ദേവസ്വം ബോർഡും പഞ്ചായത്തോ കേസിൽ കക്ഷി ചേർന്നിട്ടില്ല. കോടതി വിധിക്കെതിരെ അപ്പീൽ നൽകുന്ന നടപടികളും ആയിട്ടില്ല. ആഴ്ചകൾക്കുള്ളിൽ അനുകൂല തീരുമാനം ഉണ്ടായില്ലെങ്കിൽ നിലവിലുള്ള കെഎസ്ആർടിസി ഓപ്പറേറ്റിങ് സെന്റർ ഒഴിഞ്ഞു കൊടുക്കേണ്ട സാഹചര്യമാണ് ഉളള്ളത്. കെഎസ്ആർടിസി ഓപ്പറേറ്റിങ് സെന്റർ പ്രതിസന്ധിക്ക് പരിഹാരം കാണണണമെന്ന് ആവശ്യപ്പെട്ട് കെഎസ്ആർടിസി തൊഴിലാളി സംഘടനകൾ വരും ദിവസങ്ങളിൽ സമരം പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

കഴിഞ്ഞ തീർഥാടന കാലത്ത് 2.25 കോടിയുടെ വരുമാനംകഴിഞ്ഞ തീർഥാടന കാലത്ത് എരുമേലി കെഎസ്ആർടിസി ഓപ്പറേറ്റിങ് സെന്റർ 2.25 കോടി രൂപയുടെ വരുമാനം നേടിയിരുന്നു. നിലവിൽ ലാഭകരമായി പ്രവർത്തിക്കുന്ന ഓപ്പറേറ്റിങ് സെന്ററിൽ 28 ബസുകളും 25 സർവീസുകളുമാണു പ്രതിദിനം നടത്തുന്നത്. ശബരിമല മണ്ഡല മകരവിളക്ക് തീർഥാടനകാലത്ത് മാത്രം അധികമായി 25 ബസുകൾ കൂടിയാണ് പമ്പ സർവീസ് നടത്തുന്നതിനു ലഭ്യമാക്കുന്നത്. 140 ജീവനക്കാരാണ് ഇവിടെ ജോലി ചെയ്യുന്നത്.

## പ്രഭാത സവാരിക്കിടെ തെരുവുനായശല്യം; നടപ്പ് ഉപേക്ഷിച്ച് നാട്ടുകാർ



**ചങ്ങനാശേരി :**'ആശുപത്രിയിൽ പേവിഷ പ്രതിരോധ വാക്സിനുണ്ടോ?' പ്രഭാതസവാരിക്കിറങ്ങുന്നവർ ജനറൽ ആശുപത്രിയിൽ ഇങ്ങനെ ഒന്നു വിളിച്ചു ചോദിച്ചിട്ട് രാവിലെ നടക്കാനിറങ്ങുന്നതാണ് നല്ലത്. അല്ലെങ്കിൽ നിങ്ങൾ 'വലിയ വില' കൊടുക്കേണ്ടി വരും. പാലാത്ര ഭാഗത്ത് പ്രഭാത സവാരിക്കിടെ തെരുവുനായയുടെ കടിയേറ്റയാൾ സ്വകാര്യ ആശുപത്രിയിൽ പോയി കുത്തിവയ്പ്പെടുത്തപ്പോൾ 9,000 രൂപയാണ് ചെലവായത്.

ജനറൽ ആശുപത്രിയിൽ വാക്സിനുണ്ടെന്ന് ഉറപ്പാക്കിയിട്ട് റോഡിലിറങ്ങേ ഗതികേടിലാണു ജനം. തെരുവുനായശല്യം കാരണം പലരും പ്രഭാത സവാരി ഉപേക്ഷിച്ചു. ബൈപാസ് റോഡിൽ രാവിലെയുള്ള നടപ്പുകാരുടെ എണ്ണം തീരെ കുറഞ്ഞു. നഗരത്തിലെയും ഗ്രാമങ്ങളിലെയും ഇടറോഡുകളിലും ഇതുതന്നെ അവസ്ഥ. തെരുവുനായ്ക്കളുടെ കടിഭയന്ന് മുതിർന്നയാളുകളിൽ പലരും നടത്തം നിർത്തി. ഇതോടെ ശാരീരിക ബുദ്ധിമുട്ടുകൾ അലട്ടിത്തുടങ്ങിയെന്നു മുതിർന്നവർ പറയുന്നു.

'തെരുവുനായ്ക്കൾക്ക് ഭക്ഷണം നൽകിയാൽ നടപടി എടുക്കണം'

തെരുവുനായ്ക്കൾക്ക് റോഡിൽ ഭക്ഷണം വിതരണം ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കണമെന്നു സിറ്റിസൻ സോഷ്യൽ സർവീസ് സൊസൈറ്റി യോഗം ആവശ്യപ്പെട്ടു. ഭക്ഷണം വിതരണം ചെയ്യുന്ന തെരുവുനായ സ്നേഹികൾ ഷെൽറ്ററുകൾ നിർമിച്ച് നായ്ക്കളെ പാർപ്പിക്കുകയാണു വേതെന്നും ഉന്നയിച്ചു. യോഗം ഡോ. റൂബിൾരാജ് ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജോസുകുട്ടി നെടുമുടി അധ്യക്ഷനായി. വിമൽ ചന്ദ്രൻ, റോയി തോമസ്, തോമസ് ആന്റണി, ഡോ. ബിജു മാത്യു, പി.എസ്.റഹിം, മാത്യു ജോസഫ്, പി.എസ്.ശശിധരൻ എന്നിവർ പ്രസംഗിച്ചു.

## ഇളംപള്ളി ഗവ. യുപി സ്കൂളിന്റെ ജനലുകളും വാതിലും തകർത്തു



**പള്ളിക്കത്തോട്:** ഇളംപള്ളി ഗവ.യുപി സ്കൂളിനു നേരെ സാമൂഹിക വിരുദ്ധരുടെ ആക്രമണം. സ്കൂൾ ശുചിമുറിയുടെ വാതിലുകൾ, ക്ലാസ് മുറികളിലെ ജനാല ചില്ലുകൾ എന്നിവ കല്ലെറിഞ്ഞ് തകർത്തു. തിങ്കളാഴ്ച രാത്രി 9.30ന് ശേഷമായിരുന്നു സംഭവം. സ്കൂൾ അധികൃതർ പള്ളിക്കത്തോട് പൊലീസിൽ പരാതി നൽകി. പൊലീസ് അന്വേഷണം ആരംഭിച്ചു.

നാടറിയാതെ സാമൂഹിക വിരുദ്ധരുടെ ആക്രമണം

ഗവ.യുപി സ്കൂളിലെ ജനാല ചില്ലുകളും ശുചിമുറി വാതിലുകളും എറിഞ്ഞു തകർത്തിട്ടും നാടറിഞ്ഞില്ല. ജീവനക്കാരി രാവിലെ സ്കൂളിൽ എത്തുമ്പോഴാണ് ആക്രമണ വിവരം പുറത്തറിയുന്നത്. ശബ്ദമൊന്നും കേട്ടില്ലെന്നു നാട്ടുകാർ പറയുന്നു. സ്കൂളിനു സമീപമുള്ള എസ്എൻഡിപി ക്ഷേത്രത്തിൽ ഉത്സവമായിരുന്നതിനാലാണ് ചില്ലുകൾ പൊട്ടുന്ന ശബ്ദം കേൾക്കാതിരുന്നെന്നാണ് നിഗമനം. ഇരുനില കെട്ടിടമാണ് സ്കൂളിന്റേത്. ഇതിൽ താഴത്തെ നിലയിലെ മൂന്നു ക്ലാസ് മുറികളുടെ ജനാലകളും, മുകളിലെ നിലയിലേക്കുള്ള ഗോവണിക്കു സമീപത്തെ ജനലിന്റെ ഇരുപാളികളുമാണു തകർത്തത്.

അടുക്കളയോടു ചേർന്നുള്ള സ്റ്റോർ റൂമിന്റെ ജനലുകളും തകർന്നു. ശുചിമുറിയുടെ വാതിലുകൾ പിവിസി നിർമിതമാണ്. ഇത്തരത്തിലുള്ള അഞ്ചു വാതിലുകളും തകർത്തു. എത്ര രൂപയുടെ നഷ്ടം വന്നുവെന്നത് അധികൃതർ പരിശോധിച്ചശേഷമേ വ്യക്തമാകൂവെന്ന് ഹെഡ്മിസ്ട്രസ് ചന്ദ്രലേഖ അറിയിച്ചു.

അതേസമയം, സ്കൂളിലെ പൂർവവിദ്യാർഥികളിൽ ചിലരാണ് ആക്രമണത്തിന് പിന്നിലെന്ന് സംശയിക്കുന്നതായി പൊലീസ് പറഞ്ഞു. സ്കൂൾ ഗ്രൗണ്ടിൽ കളിക്കുന്നതിന് അനുമതി നൽകാതിരുന്നതാണു പ്രകോപനത്തിനു കാരണമെന്നാണ് സൂചന. സംഭവം ചർച്ച ചെയ്യുന്നതിന് ഇന്ന് അടിയന്തര കമ്മിറ്റി ചേരുമെന്നും പഞ്ചായത്ത് പ്രസിഡന്റ് മഞ്ജു ബിജു അറിയിച്ചു.



## ഇടതുകാൽ മുറിച്ചു നീക്കിയസന്ധ്യയുടെ ചികിത്സാച്ചെലവുകൾ മമ്മൂട്ടി ഏറ്റെടുത്തു



**കൊച്ചി:** അടിമാലി കൂമ്പൻപാറയിലുണ്ടായ മണ്ണിടിച്ചിലിൽ ഗുരുതരമായി പരുക്കേറ്റ അടിമാലി നെടുമ്പിളിക്കുടി വീട്ടിൽ സന്ധ്യ ബിജുവിന്റെ (41) ചികിത്സാച്ചെലവുകൾ പൂർണമായും നടൻ മമ്മൂട്ടി ഏറ്റെടുത്തു. ആലുവ രാജഗിരി ആശുപത്രിയിലെ തുടർ ചികിത്സ മമ്മൂട്ടിയുടെ കെയർ ആൻഡ് ഷെയർ ഇന്റർനാഷനൽ ഫൗണ്ടേഷന്റെ നേതൃത്വത്തിൽ നടക്കും. ഗുരുതരമായി പരുക്കേറ്റതിനാൽ സന്ധ്യയുടെ ഇടതു കാൽ മുറിച്ചു മാറ്റേണ്ടിവന്നിരുന്നു. അപകടത്തിൽ ഭർത്താവ് ബിജു മരിച്ചു. മകൻ കാൻസർ മൂലം കഴിഞ്ഞ വർഷം മരിച്ചിരുന്നു. നഴ്സിങ് വിദ്യാർഥിനിയായ മകൾ മാത്രമാണ് ഇനിയുള്ള തുണ. നിസ്സഹായരായ ബന്ധുക്കൾ സഹായം തേടി മമ്മൂട്ടിയുടെ കെയർ ആൻഡ് ഷെയർ ഫൗണ്ടേഷനെ സമീപിക്കുകയായിരുന്നു. തുടർന്ന് മമ്മൂട്ടി നേരിട്ട് രാജഗിരി ആശുപത്രി അധികൃതരുമായി സംസാരിക്കുകയും ചികിത്സാച്ചെലവുകൾ ഏറ്റെടുക്കാനുള്ള സന്നദ്ധത അറിയിക്കുകയും ചെയ്തു. ഇരുകാലുകൾക്കും ഗുരുതരമായി പരുക്കേറ്റ നിലയിൽ ഞായാറാഴ്ച പുലർച്ച 5.16ന് ആണ് സന്ധ്യയെ രാജഗിരി ആശുപത്രിയിലെത്തിച്ചത്. മൂന്ന് മണിക്കൂറോളം മണ്ണിനടിയിൽ അകപ്പെട്ട സന്ധ്യയെ ആശുപത്രിയിൽ എത്തിക്കുമ്പോൾ ഏകദേശം ഏഴ് മണിക്കൂർ പിന്നിട്ടിരുന്നു. ഇടതു കാലിലേക്കുള്ള രക്തയോട്ടം പൂർണമായും തടസ്സപ്പെടുകയും അസ്ഥികൾ പലയിടങ്ങളിലായി ഒടിഞ്ഞ് മസിലുകളും കോശങ്ങളും ചതഞ്ഞരഞ്ഞ നിലയിലുമായിരുന്നു. പിന്നീട് എട്ടുമണിക്കൂർ നീണ്ടുനിന്ന ശസ്ത്രക്രിയയിൽ ഇടത്തേക്കലിലേക്കുള്ള രക്തയോട്ടം പൂർവ സ്ഥിതിയിലാക്കുകയും ഒടിഞ്ഞ അസ്ഥികൾ ഏകദേശം പൂർണ രൂപത്തിലാക്കുകയും ചെയ്തു.

ചതഞ്ഞരഞ്ഞ മസിലുകളും കോശങ്ങളും പുറപ്പെടുവിക്കുന്ന വിഷാംശങ്ങൾ കൂടിവരികയും അവ ആന്തരികാവയവങ്ങളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുകയും ചെയ്യുന്ന അവസ്ഥയിലെത്തിയതോടെയാണ് ഇടത്തേക്കാൽ മുട്ടിന് മുകളിൽ വച്ച് നീക്കം ചെയ്യേണ്ടി വന്നത്. ഇടതുകാലിന്റെ പ്രവർത്തനം സുഗമമാക്കാൻ പ്ലാസ്റ്റിക് സർജറി ഉൾപ്പെടെ തുടർ ചികിത്സ ആവശ്യമാണ്. വലതു കാലിലേക്കുള്ള രക്തയോട്ടവും അസ്ഥികളും കുഴപ്പമില്ലാതെയിരിക്കുമ്പോഴും ചതഞ്ഞരഞ്ഞ മസിലുകൾക്ക് തുടർ ചികിത്സ ആവശ്യമാണ്. തിരക്കിനിടയിലും സന്ധ്യയുടെ ആരോഗ്യനിലയെക്കുറിച്ചും മമ്മൂട്ടി ആശുപത്രി രാജഗിരി ആശുപത്രി അധികൃതരുമായി വിശദമായി ചർച്ച ചെയ്തു.

# മൂന്നാറിൽ കനത്ത മഴ: കൊച്ചി ധനുഷ്കോടി ദേശീയപാത ഇടിഞ്ഞു, വീട്ടുകാരെ രാത്രി മാറ്റിപ്പാർപ്പിച്ചു

**മൂന്നാർ :** കനത്ത മഴയെത്തുടർന്ന് കൊച്ചിധനുഷ്കോടി ദേശീയപാതയിൽ റോഡ് ഇടിഞ്ഞുവീണു. റോഡ് ഇടിഞ്ഞു വീണതിന്റെ താഴ്ഭാഗത്തുള്ള വീട്ടുകാരെ അപകടഭീഷണിയെത്തുടർന്ന് രാത്രി മാറ്റിപ്പാർപ്പിച്ചു. അപകടാവസ്ഥയിലായ പാതയിലൂടെ ഒരു നിരയായാണ് വാഹനങ്ങൾ കടത്തിവിടുന്നത്. പള്ളിവാസൽ മൂലക്കടയിലാണ് തിങ്കളാഴ്ച രാത്രി 10.30ന് റോഡ് തകർന്നു വീണത്.

ദേശീയപാതയുടെ വീതികൂട്ടലിന്റെ ഭാഗമായി റോഡിന്റെ വശത്ത് സംരക്ഷണ ഭിത്തി കെട്ടുന്നതിന് പത്തടി താഴ്ചയിൽ മണ്ണു മാറ്റിയിരുന്നു. കോൺക്രീറ്റ് വാർക്കുന്നതിന് കമ്പികളും സ്ഥാപിച്ചിരുന്നു. ഇതിനിടയിലാണ് റോഡിന്റെ ഒരു ഭാഗം ഇടിഞ്ഞുവീണത്. രാത്രി ഇതുവഴി വാഹനങ്ങൾ കുറവായിരുന്നതിനാൽ അപകടം ഒഴിവായി. ചൊവ്വാ രാവിലെ മുതൽ ഈ ഭാഗം ബലപ്പെടുത്തുന്നതിനുള്ള പണികൾ ആരംഭിച്ചിട്ടുണ്ട്. മൂന്നാർ, പള്ളിവാസൽ മേഖലകളിൽ തിങ്കളാഴ്ച രാവിലെ മുതൽ കനത്ത മഴയാണ് പെയ്തത്.

ഇടുക്കി ജില്ലയിൽ മഴ തുടരുമെന്ന് മുന്നറിയിപ്പ്

തൊടുപുഴ ന്മ ജില്ലയിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് മുന്നറിയിപ്പ്. കേന്ദ്ര



കാലാവസ്ഥാ വകുപ്പ് ജില്ലയിൽ 29നും യെലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജാഗ്രത പുലർത്തണമെന്നാണ് നിർദേശം. 28ന് രാവിലെ അവസാനിച്ച 24 മണിക്കൂറിൽ ജില്ലയിൽ പെയ്തത് ശരാശരി 32.56 മില്ലിമീറ്റർ മഴയാണ്. യെലോ അലർട്ട് നിലനിന്നിരുന്ന ഇന്നലെ പകൽ പലയിടങ്ങളിലും മഴയെത്തി. കാര്യമായ കെടുതികൾ റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിലും, ഇടവിട്ടുള്ള ശക്തമായ മഴ ആശങ്ക വിതയ്ക്കുകയാണ്. ശനിയാഴ്ച രാത്രി മണ്ണിടിച്ചിലുണ്ടായ അടിമാലിയിലെ ലക്ഷം വീട് നഗറിലടക്കം ആശങ്ക നിലനിൽക്കുന്നുണ്ട്. അപകടസാധ്യത കണക്കിലെടുത്ത് ജില്ലാ ഭരണകൂടവും ജാഗ്രതയിലാണ്. ദേവികുളം താലൂക്കിലെ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കൊഴികെ എല്ലാവിധ ഖനന പ്രവർത്തനങ്ങളും മണ്ണെടുപ്പും ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ നിരോധിച്ച് കലക്ടർ ഉത്തരവിറക്കി.

റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശം

തൊടുപുഴ ന്മ മഴക്കെടുതിയിലുണ്ടായ നാശനഷ്ടം വിലയിരുത്തി ഉടൻ റിപ്പോർട്ട് സമർപ്പിക്കാൻ എല്ലാ വകുപ്പുകളോടും ജില്ലാ വികസന സമിതി യോഗം നിർദേശിച്ചു. കഴിഞ്ഞയാഴ്ചയുണ്ടായ കനത്ത മഴയും ഉരുൾപൊട്ടലും മൂലം വ്യാപക നാശനഷ്ടങ്ങൾ ജില്ലയിൽ റിപ്പോർട്ട് ചെയ്തിരുന്നു. കൃഷി നാശം സംബന്ധിച്ചതിന്റെ കണക്കെടുക്കാനും എഡിഎം ഷൈജു പി.ജേക്കബിന്റെ അധ്യക്ഷതയിൽ ഇടുക്കി കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗം നിർദേശിച്ചു. പല സ്ഥലത്തും റോഡുകളുടെ അരിക് ഇടിഞ്ഞു പോയിട്ടുള്ളതിനാൽ ഇത്തരം സ്ഥലങ്ങളിൽ അപകട സാധ്യതാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കാനും യോഗം നിർദേശിച്ചു.

മണ്ണുനീക്കാനെത്തിയവരെ ദുരിതബാധിതർ തടഞ്ഞു

അടിമാലി ന്മ ദേശീയപാതയിൽ അടിമാലിക്കു സമീപം ദുരന്തം ഉണ്ടായ സ്ഥലത്തെ മണ്ണ് നീക്കം ചെയ്യാനെത്തിയ കരാർ കമ്പനി പ്രതിനിധികളെ ദുരിത ബാധിതർ തടഞ്ഞു. ദുരന്തത്തിന് ഇരയായ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം നൽകിയതിനു ശേഷം നിർമാണ ജോലികൾ നടത്താൻ അനുവദിക്കുകയുള്ളുവെന്ന് ദുരിതാശ്വാസ ക്യാംപിൽ നിന്ന് എത്തിയ യുവാക്കൾ ആവശ്യപ്പെട്ടു. പാതയിലേക്ക് വീണു കിടക്കുന്ന മൺകൂന നീക്കം ചെയ്യുന്നതിന് മണ്ണുമാന്തി യന്ത്രവുമായാണ് തൊഴിലാളികൾ എത്തിയത്. വിവരം അറിഞ്ഞ് ക്യാംപിൽ നിന്ന് യുവാക്കളുടെ സംഘം എത്തുകയായിരുന്നു. ഇതോടെ പണികൾ അവസാനിപ്പിച്ച് തൊഴിലാളികൾ മടങ്ങി.

ദേവികുളം താലൂക്കിൽ മണ്ണെടുപ്പ് നിരോധിച്ചു

ചെറുതോണി ജില്ലയിൽ കാറ്റും മഴയും ശക്തമാകുന്ന സാഹചര്യത്തിൽ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ദേവികുളം താലൂക്കിലെ ഖനന പ്രവർത്തനങ്ങളും മണ്ണെടുപ്പും ഇനിയൊരു അറിയിപ്പ് ഉണ്ടാകും വരെ നിരോധിച്ച് കലക്ടർ ഉത്തരവായി. താലൂക്കിലെ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് ഒഴികെയുള്ള എല്ലാവിധ ഖനന പ്രവർത്തനങ്ങളും ഉടൻ നിർത്തിവയ്ക്കണമെന്ന് ഉത്തരവിൽ പറയുന്നു. ദേവികുളം തഹസിൽദാരുടെ ശുപാർശ പ്രകാരമാണ് നടപടി.

## കലുങ്ക് നിർമാണം മുടങ്ങി ശക്തമായി മഴ പെയ്താൽ കലുങ്ക് തകരുന്ന സ്ഥിതി

**മൂലമറ്റം:** അശോക കവലയിലെ കലുങ്ക് നിർമാണം പുനരാരംഭിക്കണമെന്ന ആവശ്യമുയരുന്നു. അശോകമൂലമറ്റം റോഡ് ബിഎംബിസി നിലവാരത്തിൽ പണിയുന്നതിന്റെ ഭാഗമായി അശോക കവലയിലെ റോഡിന് വീതി കൂട്ടുന്നതിന്റെ ഭാഗമായാണ് കലുങ്ക് പൊളിച്ചത്. ഇപ്പോൾ ഇവിടെ ഒറ്റവരിയായാണ് ഗതാഗതം. കലുങ്കുപൊളിച്ചശേഷമാണ് സമീപത്തെ 11 കെവി പോസ്റ്റ് ശ്രദ്ധയിൽപെട്ടത്. ഇതോടെ ജോലി ഇവിടെ നിർത്തി. ഇനി ഇതു മാറ്റിയാൽ മാത്രമേ ഇവിടെ കലുങ്ക് നിർമാണം നടത്താൻ കഴിയുകയുള്ളൂ എന്നാണ് പറയുന്നത്. ഇതിനായി നടപടി എടുക്കാതെ കഴിഞ്ഞ രാഴ്ചയിലേറെയായി നിർമാണ ജോലികൾ നിർത്തിയിരിക്കുകയാണ്.

ഇപ്പോൾ കലുങ്ക് പാതി പൊളച്ചിട്ടിരിക്കുന്നതിനാൽ ശക്തമായ മഴെയത്തിയാൽ കലുങ്ക് തകരുന്ന സ്ഥിതിയിലാണ്. കൂടാതെ, ഇവിടെ അപകടസാധ്യതയുമു്. അതിനാൽ കലുങ്ക് നിർമാണം ഉടൻ പൂർത്തിയാക്കണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

## നെടുങ്കണ്ടം താലൂക്ക് ആശുപത്രി നിർമാണം 5 വർഷം കഴിഞ്ഞിട്ടും

**നെടുങ്കണ്ടം:** നിന്നും കിതച്ചും നെടുങ്കണ്ടം താലൂക്ക് ആശുപത്രി നിർമാണം, ആരോഗ്യമന്ത്രിയുടെ ഇടപെടലിൽ പുരോഗതിയുണ്ടാമെന്ന് പ്രതീക്ഷ. രണ്ടു വർഷത്തിൽ പൂർത്തിയാകേണ്ട കെട്ടിടനിർമാണം 2020 ഫെബ്രുവരി മൂന്നിന് ആരംഭിച്ചെങ്കിലും അഞ്ചു വർഷത്തിനിപ്പുറവും പാതിവഴിയിലാണ്. ഇതിനിടെ കോവിഡ് മൂലം നിർത്തിവയ്ക്കേണ്ടി വന്നതും നിർമാണം വൈകാൻ കാരണമായി. നിലവിൽ വളരെക്കുറച്ച് ജോലിക്കാരുമായി പേരിന് മാത്രമാണ് നിർമാണപ്രവർത്തനങ്ങൾ നടക്കുന്നത്.

ഏറ്റവുമൊടുവിൽ കഴിഞ്ഞ ദിവസം നടന്ന ജില്ലാ ആശുപത്രി നിർമാണ മോണിറ്ററിങ് കമ്മിറ്റി മീറ്റിങ്ങിൽ മന്ത്രി വീണാ ജോർജ് കരാർ കമ്പനിയെ അതൃപ്തി അറിയിച്ചെങ്കിലും നിർമാണത്തിലെ മെല്ലപ്പോക്കിനെതിരെ മുൻപ് തന്നെ വ്യാപക പ്രതിഷേധം ഉയർന്നിട്ടും മന്ത്രി തലത്തിൽ ഇടപെടലുണ്ടായില്ലെന്ന ആക്ഷേപമുണ്ട്. അടിയന്തരമായി 150 ജോലിക്കാരെ നിയമിക്കണമെന്നും 15 ദിവസത്തെ നിർമാണ പുരോഗതി വിലയിരുത്തിയ ശേഷം ജീവനക്കാരുടെ എണ്ണം 200 ആയി കൂട്ടണമെന്നും അലംഭാവമുണ്ടായാൽ നിയമ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി പറഞ്ഞു.

അടുത്ത ജനുവരിയിൽ നിർമാണം പൂർത്തീകരിക്കുമെന്നാണ് നിർമാണ കമ്പനിയുടെ അവകാശവാദം. നിർമാണം വൈകുന്നതിനെതിരെ പലതവണ ഇടതു നേതാക്കളിൽ നിന്നുൾപ്പെടെ പ്രതിഷേധമുയർന്നിരുന്നു. ബില്ലുകൾ യഥാസമയം മാറിനൽകുന്നില്ലെന്ന ആക്ഷേപമായി കരാറുകാരും മുൻപ് രംഗത്തെത്തിയിരുന്നു. കിഫ്ബി ഫണ്ടായ 59.29 കോടി ചെലവിലാണ് കെട്ടിടങ്ങൾ നിർമിക്കുന്നത്.

കരാറുകാരന് ഒരു ബിൽ പോലും കിഫ്ബിയിൽനിന്ന് മാറിനൽകാനില്ലെന്ന് മന്ത്രി പറഞ്ഞു.

കരാറുകാരന് സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ നേരിട്ട് നിർമാണ സാമ



ഗ്രികൾ ഇറക്കി നൽകുന്നതിനായി കിഫ്ബി, സ്പെഷൽ പർപ്പസ് വെഹിക്കിളായ ഹൈറ്റ്സ് (എച്ച് എൽ എൽ ഇൻഫ്രാ ടെക് സർവീസസ് ലിമിറ്റഡ്),കരാർ കമ്പനി എന്നിവർ ചേർന്ന് ത്രികക്ഷി കരാറിലേർപ്പെട്ടിട്ടുണ്ട്.ഇത്തരം ത്രികക്ഷി കരാറിൽ കിഫ്ബി ഏർപ്പെടുന്നത് സംസ്ഥാനത്ത് തന്നെ ഒന്നോ രണ്ടോ സ്ഥലങ്ങളിൽ മാത്രമാണെന്ന് മന്ത്രി പറഞ്ഞു.

# സ്റ്റേഡിയം വിവാദം: പ്രതിഷേധം കനക്കുന്നു ന്യായീകരിച്ച് സി.പി.എമ്മും ജി.സി.ഡി.എയും



**കൊച്ചി:** കലൂരിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയം നവീകരണവുമായി ബന്ധപ്പെട്ട വിവാദവും പ്രതിഷേധവും മുറുകുമ്പോൾ, നവംബർ 30നകം നിർമ്മാണം പൂർത്തിയാക്കുമെന്ന് വിശാല കൊച്ചി വികസന അതോറിട്ടി (ജി.സി.ഡി.എ). ഇന്ത്യൻ സൂപ്പർ ലീഗ് (ഐ.എസ്.എൽ) മത്സരങ്ങൾ നടക്കു. നവീകരണത്തിന് പൊതുമേഖലാ സ്ഥാപനമായ കേരള സ്പോർട്സ് ഫൗണ്ടേഷനാണ് കരാർ.അവരാണ് സ്റ്റേഡിയം സ്പോൺസറായ റിപ്പോർട്ടർ ബ്രോഡ്കാസ്റ്റിംഗ് കമ്പനിക്ക് കൈമാറിയതെന്നും ജി.സി.ഡി.എ ചെയർമാൻ കെ. ചന്ദ്രൻപിള്ള ആവർത്തിച്ചു. മത്സരങ്ങൾക്ക് മാറ്റമുണ്ടാകില്ലെന്നും ഇന്നലെ ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിനു ശേഷം ജി.സി.ഡി.എ വാർത്താക്കുറിപ്പിൽ അറിയിച്ചു.

സ്റ്റേഡിയം വിഷയത്തിൽ കോൺഗ്രസ് രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്നുവെന്നാണ് സി.പി.എമ്മിന്റെ തിരിച്ചടി.സ്റ്റേഡിയം നവീകരണത്തിന് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നതല്ലാതെ കരാർ ഒപ്പുവച്ചിട്ടില്ലെന്ന് കെ.പി.സി.സി വൈസ് പ്രസിഡന്റ് ഹൈബി ഈഡൻ എം.പി പറഞ്ഞു.നവീകരണത്തിന് 70 കോടി രൂപ എങ്ങനെയാണ് ചെലവഴിക്കുന്നതെന്ന് അവ്യക്തമെന്ന് ഡി.സി.സി പ്രസിഡന്റ് മുഹമ്മദ് ഷിയാസിനൊപ്പം നടത്തിയ വാർത്താസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു. മുഖ്യമന്ത്രിയെ വരെ തെറ്റിധരിപ്പിച്ചാണ് പദ്ധതിക്ക് കായികമന്ത്രി പിന്തുണ നൽകിയത്. സ്പോൺസറുമായി ഔദ്യോഗികമായ കരാറില്ലെന്ന് വ്യക്തമാണെന്നും അദ്ദേഹം പറഞ്ഞു.ജി.സി.ഡി.എ ഭരണ സമിതിയെ പിരിച്ചുവിടണമെന്ന് ആവശ്യപ്പെട്ട് യുവമോർച്ച എറണാകുളം സിറ്റി ജില്ലാ കമ്മിറ്റി ജി.സി.ഡി.എ ഓഫീസ് മാർച്ച് നടത്തി. ബി.ജെ.പി സംസ്ഥാന വൈസ് പ്രസിഡന്റ് ഉണ്ണിക്കൃഷ്ണൻ ഉദ്ഘാടനം ചെയ്തു.സിറ്റി ജില്ലാ പ്രസിഡന്റ് പി.ബി. സുജിത്ത് ഉദ്ഘാടനം ചെയ്തു. നേതാക്കളായ സി. സതീശൻ, കെ.കെ പീതാംബരൻ, ഉമേഷ് ഉല്ലാസ്, സി.കെ ദിലീപ്, ബീനാ നന്ദകുമാർ, ടി. ബാലചന്ദ്രൻ, അശോകൻ, ഷാജി ഇരുമ്പനം തുടങ്ങിയവർ നേതൃത്വം നൽകി.

ജി.സി.ഡി.എ വാദങ്ങൾ

നവീകരണത്തിൽ സ്പോൺസർ തന്നിഷ്ടപ്രകാരം ചെയ്തിട്ടില്ല

നിർമ്മാണ കരാറുണ്ട്

നിർമ്മാണം വിലയിരുത്തുന്നുണ്ട്

മരം മുറിച്ചത് ചുറ്റുമതിലിന്

പെയിന്റിംഗ് മാറ്റിയതിൽ ദുരൂഹതകളില്ല

നവീകരണച്ചെലവ് ജി.സി.ഡി.എക്ക് അറിയില്ല.

മെസി വരും, മാർച്ചിൽ കളി നടക്കും

സ്റ്റേഡിയം- മെസി പദ്ധതിക്ക് പിന്നിൽ സി.പി.എമ്മിന് സാമ്പത്തിക താത്പര്യമുണ്ട്;മുഹമ്മദ് ഷിയാസ് ,ഡി.സി.സി പ്രസിഡന്റ് നവീകരണത്തിന്റെ മറവിൽ കോടികൾ വെട്ടിക്കാൻ സാഹചര്യമൊരുക്കിയ ജി.സി.ഡി.എ ഭരണസമിതി പിരിച്ചുവിടണംപി.ബി. സുജിത്ത് ജില്ലാ പ്രസിഡന്റ് ബി.ഡി.ജെ.എസ് എറണാകുളം സിറ്റി, തിരഞ്ഞെടുപ്പ് മുന്നിൽ കണ്ട് കേരളത്തിന്റെ വികസന സാദ്ധ്യതകളെ നശിപ്പിക്കരുത്. അന്താരാഷ്ട്ര മത്സരങ്ങൾ കേരളത്തിൽ നടക്കണമെന്നാണ് സി.പി.എമ്മിന്റെ നയം. എസ്. സതീഷ് ജില്ലാ സെക്രട്ടറി.



# നെടുമ്പാശേരി റെയിൽവേ സ്റ്റേഷന് അനുമതിയായി

**കൊച്ചി:** നെടുമ്പാശേരിയിലെ കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ യാത്രക്കാരുടെ ചിരകാല സ്വപ്നമായ എയർപോർട്ട് റെയിൽവേ സ്റ്റേഷൻ നിർമ്മാണത്തിന് കേന്ദ്ര റെയിൽവേ ബോർഡ് അനുമതി നൽകി.സംസ്ഥാനത്തിന്റെ തെക്കും വടക്കും പ്രദേശങ്ങളിൽ നിന്നുള്ളവർക്ക് നേരിട്ട് വിമാനത്താവളത്തിൽ എത്താനും മടങ്ങാനും കഴിയുന്നതാണ് പുതിയ റെയിൽവേ സ്റ്റേഷൻ. നിലവിൽ അങ്കമാലിയിലോ ആലുവയിലോ ഇറങ്ങിവേണം എത്താൻ. വിമാനത്താവളത്തിന് സമീപത്തുകൂടിയാണ് റെയിൽപ്പാത കടന്നുപോകുന്നത്. സ്റ്റേഷൻ നിർമ്മാണത്തിനുള്ള നടപടികൾ വേഗത്തിലാക്കുമെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് ഉറപ്പുനൽകിയിരുന്നതായി കേന്ദ്രമന്ത്രി ജോർജ് കുര്യൻ അറിയിച്ചു. കഴിഞ്ഞ വർഷം വിൻഡോ ട്രെയിലിംഗ് പരിശോധന നടത്തിയപ്പോൾ റെയിൽവേ മന്ത്രി തന്നെയാണ് ഉദ്യോഗസ്ഥർക്ക് സ്റ്റേഷന്റെ സ്ഥാനവും മറ്റും കാണിച്ചുകൊടുത്തത്. റെയിൽവേ മന്ത്രിക്കൊപ്പം ജോർജ് കുര്യനും ഇൻസ്പെക്ഷനിൽ പങ്കെടുത്തിരുന്നു.
വിമാനയാത്രക്കാർക്ക് സൗകര്യപ്രദമായ റെയിൽവേ സ്റ്റേഷൻ നിർമ്മാണത്തിന് നടപടികൾ സ്വീകരിച്ച പ്രധാനമന്ത്രി നരേന്ദ്രമോദിക്കും റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിനും ജോർജ് കുര്യൻ നന്ദി അറിയിച്ചു.

പദ്ധതി ഗുണകരമാകും
1. കാർഗോ കോംപ്ലക്സിന് സമീപമാണ് റെയിൽവേ സ്റ്റേഷൻ നിർമ്മിക്കുക.
2. അങ്കമാലിയിൽ ആരംഭിക്കുന്ന നിർദിഷ്ട ശബരി റെയിൽ പാത പൂർത്തിയായാൽ ഇടുക്കി, കോട്ടയം, പത്തനംതിട്ട മേഖലകളിലെ വിമാനയാത്രക്കാർക്കും ഇത് ഗുണകരമാകും.
3. മെട്രോ: മെട്രോ റെയിൽ വിമാനത്താവളത്തിലേക്ക് നീട്ടാനും പദ്ധതിയുണ്ട്. മെട്രോയും വിമാനത്താവളത്തിലെത്തിയാൽ സുഗമമായ യാത്രക്ക് വിവിധ മാർഗങ്ങളാകും.

## ഡോ.സി.വി. ആനന്ദ ബോസിന് പുരസ്കാരം



**കൊച്ചി:** 28-ാമത് കൊച്ചി അന്താരാഷ്ട്ര പുസ്തകോത്സവ സമിതി വേദിയിൽ ബംഗാൾ ഗവർണർ ഡോ. സി.വി. ആനന്ദബോസിന് ബുക്ക് ഒഫ് ദി ഇയർ മലയാളരത്ന പുരസ്കാരം നവംബർ ഒന്നിന് സമർപ്പിക്കും. രാവിലെ 11ന് നടക്കുന്ന പുസ്തകോത്സവ ഉദ്ഘാടന ചടങ്ങിൽ ഉത്തർപ്രദേശ് ഗവർണർ ആനന്ദിബെൻ പട്ടേൽ പുരസ്കാരം സമർപ്പിക്കും. ഡോ. സി.വി. ആനന്ദ ബോസ് രചിച്ച 'മിത്തും സയൻസും ഒരു പുനർവായന' എന്ന പുസ്തകത്തെ അധികരിച്ചാണ് പുരസ്കാരം. ശാസ്ത്രവും ആത്മീയതയും സമന്വയിപ്പിച്ച് ഉൾക്കാഴ്ചയും ഗ്രാഹ്യവും നേടുക എന്നതാണ് പുസ്തകത്തിന്റെ മൂലതന്തു. ഉപഹാരവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം. അദ്ദേഹം രചിച്ച 14 പുസ്തകങ്ങളുടെ പ്രകാശനകർമ്മവും ആനന്ദിബെൻ ചടങ്ങിൽ നിർവഹിക്കും.

## ഇൻവെർട്ടറുകൾ വിതരണം



**കൊച്ചി:** എറണാകുളം ഗവ. ഒബ്സർവേഷൻ ഹോമിലേക്ക് സൗജന്യമായി രണ്ട് യൂണിറ്റ് ഇൻവെർട്ടർ സബ് ജഡ്ജിയും ജില്ലാ നിയമ സേവനാ അതോറിട്ടി സെക്രട്ടറിയുമായ ആർ.ആർ. രജിത കൈമാറി. ജുവനൈൽ ജസ്റ്റിസ് ബോർഡ് പ്രിൻസിപ്പൽ മജിസ്ട്രേറ്റ് ജി. പദ്മകുമാർ അദ്ധ്യക്ഷത വഹിച്ചു. ബോർഡ് അംഗങ്ങളായ അഡ്വ. ഉല്ലാസ് മധു, ജിൻസിമോൾ കുര്യൻ, ഒബ്സർവഷൻ ഹോം സൂപ്രണ്ട് പി.എസ്. സിനി, ജില്ലാ ശിശു സംരക്ഷണ ഓഫീസ് ലീഗൽ കം പ്രൊബേഷൻ ഓഫീസർ കിരൺ വി. കുമാർ, കാവൽ ബ്ലൂ പോയിന്റ് ഓർഗ് സ്റ്റേറ്റ് കോ-ഓർഡിനേറ്റർ റിൻസൺ, ഫാമിലി കൗൺസിലർ സീമ എന്നിവർ സംസാരിച്ചു.

## അക്കാഡമികിൽ ധാരണാപത്രം

**കൊച്ചി:** നാഷണൽ യൂണിവേഴ്സിറ്റി ഒഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസും (നുവാൽസ്), നാഷണൽ അക്കാഡമി ഒഫ് കസ്റ്റംസ്, ഇൻഡയറക്ട് ടാക്സസ് ആൻഡ് നാർകോട്ടിക്സും (നാസിൻ), സംയുക്തമായി നിയമം, നികുതി, കസ്റ്റംസ് ഭരണവിഭാഗം തുടങ്ങിയ മേഖലകളിൽ അക്കാഡമിക് സഹകരണം ഉറപ്പാക്കാൻ ധാരണാപത്രം ഒപ്പുവച്ചു. ധാരണാപത്രത്തിൽ നുവാൽസ് രജിസ്ട്രാർ ഡോ. ലീന അക്ക മാത്യു, നാസിൻ അഡീഷണൽ ഡയറക്ടർ രാജേശ്വരി ആർ. നായർ, നാസിൻ കൊച്ചി എന്നിവരാണ് ഒപ്പുവച്ചത്. നുവാൽസ് പ്രൊ. വൈസ് ചാൻസലർ (ഡോ.) ജി.ബി. റെഡ്ഡി, നാസിൻ സോണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് അഡീഷണൽ ഡയറക്ടർ ജനറൽ മിനു പ്രമോദ് എന്നിവർ പങ്കെടുത്തു.



# വിലങ്ങൻകുന്ന് ടൂറിസം വികസനം 3.45 കോടി രൂപയുടെ ഭരണാനുമതി



പുഴയ്ക്കൽ വിലങ്ങൻകുന്ന് വിനോദസഞ്ചാരകേന്ദ്രം വികസനത്തിന് 3.45 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതായി സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ അറിയിച്ചു. ആദ്യഘട്ട സൗന്ദര്യവൽക്കരണ പ്രവൃത്തികൾക്ക് 2024-25 സാമ്പത്തിക വർഷം ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. ടൂറിസം വകുപ്പിന്റെ 2025-26 വർഷത്തെ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി 'വിലങ്ങൻകുന്ന് സൗന്ദര്യവൽക്കരണം -രണ്ടാംഘട്ടം' പദ്ധതിക്ക് 2.45 കോടി രൂപയുടെ കൂടി ഭരണാനുമതിയായി. ഇതോടെ 3.45 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് വിലങ്ങൻകുന്നിൽ യാഥാർഥ്യമാകുന്നത്. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് കീഴിൽ അടാട്ട് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന വിനോദസഞ്ചാര കേന്ദ്രമാണ് വിലങ്ങൻകുന്ന്. കുന്നിനു മുകളിൽ നിന്നുള്ള തൃശൂർ നഗരത്തിന്റെയും കോൾപ്പാടങ്ങളുടെയും മനോഹരമായ കാഴ്ചയാണ് ഇവിടുത്തെ പ്രധാന ആകർഷണം. വ്യായാമത്തിനും സൈക്കിൾ സവാരിക്കും മറ്റുമായി നിരവധിപേരാണ് ഇവിടെയെത്തുന്നത്. വിലങ്ങൻകുന്നിന്റെ വിനോദസഞ്ചാര സാധ്യതകൾക്ക് കൂടുതൽ ഊർജം പകരുകയെന്ന ലക്ഷ്യത്തോടെ എംഎൽഎയുടെ നേതൃത്വത്തിൽ വിവിധ തലത്തിൽ കൂടിയാലോചനകൾ നടന്നിരുന്നു. തൃശൂർ മാനേജ്മെന്റ് അസോസിയേഷൻ തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കൂടി പരിഗണിച്ചുകൊണ്ടുള്ള ആദ്യഘട്ട, രണ്ടാംഘട്ട സൗന്ദര്യവൽക്കരണ പ്രവർത്തനങ്ങളാണ് ഭരണാനുമതി നേടി നിർമാണത്തിന് ഒരുങ്ങുന്നത്. വിലങ്ങൻകുന്നിൽ നിന്നുള്ള ദൃശ്യം പൂർണമായി ആസ്വദിക്കാൻ സാധിക്കുന്ന തരത്തിൽ വാച്ച് ടവർ കൂടാതെ റെസ്റ്റോറന്റ്, സെമിനാർ ഹാൾ, ഓപ്പൺ ജിം, ബട്ടർഫ്ലൈ ഗാർഡൻ, ടോയ്ലറ്റ് ബ്ലോക്ക്, നടപ്പാത നവീകരണം, സൈൻ ബോർഡുകൾ എന്നീ സൗകര്യങ്ങളോടെയുള്ള പദ്ധതിക്കാണ് ഭരണാനുമതിയായത്. സെമിനാർ ഹാൾ തയ്യാറാകുന്നതോടെ കൂട്ടായ്മകളും കലാ പരിപാടികളും സംഘടിപ്പിക്കാൻ സൗകര്യമൊരുങ്ങും. വിലങ്ങൻകുന്നിലേക്കുള്ള റോഡ് പുനരുദ്ധാരണം പുരോഗമിക്കുകയാണ്. ടിക്കറ്റ് കൗണ്ടർ മുതൽ ഹിൽടോപ്പ് വരെയുള്ള റോഡ് കാലവർഷക്കെടുതി പുനരുദ്ധാരണത്തിൽ ഉൾപ്പെടുത്തി മൂന്ന് റീച്ചുകളിലായി 30 ലക്ഷം രൂപയ്ക്ക് പുനർനിർമിക്കുന്നതിന് ഭരണാനുമതിയായി. ആദ്യ റീച്ച് ടെൻഡറായി. എംഎൽഎയുടെ ആസ്തി വികസന പദ്ധതിയിൽനിന്നുള്ള 15 ലക്ഷം രൂപ ചെലവഴിച്ച് വിലങ്ങൻകുന്ന് കൾവർട്ട് നിർമാണം പൂർത്തിയായി. സംസ്ഥാനപാത മുതൽ ടിക്കറ്റ് കൗണ്ടർ വരെയുള്ള റോഡ് അടാട്ട് പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി 22 ലക്ഷം രൂപയ്ക്ക് നവീകരിക്കുന്നതിനും ടെൻഡറായിട്ടുണ്ടെന്നും സേവ്യർ ചിറ്റിലപ്പിള്ളി എംഎൽഎ പറഞ്ഞു.

# ശ്രീഫുഡ് പദ്ധതിയിൽ ക്രമക്കേട് ആരോപിച്ച് കോൺഗ്രസ് പ്രതിഷേധം



**കൊരട്ടി :** ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കുന്ന ശ്രീഫുഡ് പദ്ധതിയിൽ അഴിമതിയും ക്രമക്കേടും ആരോപിച്ച് കോൺഗ്രസ് അംഗങ്ങളുടെ പ്രതിഷേധവും ഇറങ്ങിപ്പോക്കും. ശ്രീഫുഡ് പദ്ധതിയുടെ ഉദ്ഘാടനം 30-ന് നടക്കാനിരിക്കേയാണ് ഗ്രാമപ്പഞ്ചായത്തിലും പഞ്ചായത്തിന് പുറത്തും കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധിച്ചത്. മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് ആൽബിൻ പൗലോസ് ഉദ്ഘാടനം ചെയ്തു. കോൺഗ്രസ് പാർലമെന്ററി പാർട്ടി നേതാവ് ബിജോയ് പെരെപ്പാടൻ അധ്യക്ഷനായിരുന്നു. ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി വൈസ് പ്രസിഡന്റ് ഫിൻസോ തങ്കച്ചൻ, ഗ്രാമപ്പഞ്ചായത്തംഗങ്ങളായ വർഗീസ് പയ്യപ്പിള്ളി, ഗ്രേസി സ്കറിയ, വർഗീസ് തച്ചുപറമ്പിൽ, ചാക്കപ്പൻ പോൾ വെളിയത്ത്, പോൾസി ജിയോ എന്നിവർ പ്രസംഗിച്ചു.

## ഓൾ കേരള ഭവൻസ് കൾച്ചറൽ ഫെസ്റ്റ് നവംബർ ഒന്നിന്

**തൃശൂർ:** ഇരുപത്തിയേഴാമത് ഓൾ കേരള ഭവൻസ് കൾച്ചറൽ ഫെസ്റ്റ് 'പകൽപ്പൂരം' നവംബർ ഒന്നിന് പോട്ടോർ കുലപതി മുൻഷി ഭവൻസ് വിദ്യാമന്ദിറിൽ നടക്കും. നവംബർ ഒന്നിന് രാവിലെ 8.30ന് സ്കൂൾ ഓഡിറ്റോറിയത്തിൽ സംഗീത നാടക അക്കാഡമി ചെയർപേഴ്സൺ മട്ടന്നൂർ ശങ്കരൻകുട്ടി മാരാർ ഉദ്ഘാടനം നിർവഹിക്കും. ഭാരതീയ വിദ്യാഭവൻ കേന്ദ്ര ചെയർമാൻ ടി.എസ്.പട്ടാഭിരാമൻ അദ്ധ്യക്ഷനാകും. കാറ്റഗറി അഞ്ചിലെ പ്ലസ് വൺ, പ്ലസ്ടു വിദ്യാർത്ഥികളാണ് മാറ്റുരയ്ക്കുന്നത്. 15 വേദികളും പോട്ടോർ ഭവൻസിലാണ് ഒരുക്കിയിക്കുന്നത്. നാല് ഓഫ് സ്റ്റേജ് ഇനം ഉൾപ്പെടെ 23 മത്സരയിനങ്ങളാണ്. 25 ഭവൻസ് വിദ്യാലയങ്ങളിൽ നിന്നുള്ള 450 വിദ്യാർത്ഥികൾ പങ്കെടുക്കും.
സമാപനസമ്മേളനത്തിൽ കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടർ ഡോ. എസ്. കെ.സനിൽ മുഖ്യാതിഥിയാകും. കല വിദ്യാർത്ഥികളെ ഒന്നിപ്പിക്കുന്നതിനാലാണ് ഭവൻസ് ഇത്തരം ഫെസ്റ്റ് സംഘടിപ്പിക്കുന്നതെന്ന് ടി.എസ്.പട്ടാഭിരാമൻ പത്രസമ്മേളനത്തിൽ പറഞ്ഞു. ഭാരതീയ വിദ്യാഭവൻ തൃശൂർ കേന്ദ്ര സെക്രട്ടറി കെ.പി.രാധാകൃഷ്ണൻ, വൈസ് ചെയർമാൻ എൻ.വേണുഗോപാൽ, അസോസിയേറ്റ് സെക്രട്ടറി ഡോ. പി.ഇന്ദിര ദേവി, പോട്ടോർ ഭവൻസ് പ്രിൻസിപ്പൽ ഡോ. വി.ബിന്ദു എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

## അതിദാരിദ്ര്യമുക്ത നഗരസഭപ്രഖ്യാപനം

**വടക്കാഞ്ചേരി :** അതിദരിദ്രരുടെ സർവേ സംസ്ഥാനത്ത് ആദ്യമായി നടത്തിയ വടക്കാഞ്ചേരി നഗരസഭ അതിദാരിദ്ര്യമുക്തമായതിന്റെ പ്രഖ്യാപനം നഗരസഭാ ചെയർപേഴ്സൺ പി.എൻ. സുരേന്ദ്രൻ നടത്തി. വികസനരേഖ ഡിജിറ്റൽ പതിപ്പിന്റെ പ്രകാശനവും നടന്നു.



91 കുടുംബങ്ങളെയാണ് അതിദാരിദ്ര്യത്തിൽനിന്നു നഗരസഭ മോചിപ്പിച്ചത്.

വൈസ് ചെയർപേഴ്സൺ ഷീലാ മോഹൻ അധ്യക്ഷയായി. സ്ഥിരം സമിതി അധ്യക്ഷരായ എം.ആർ. അനൂപ്കിഷോർ, പി.ആർ. അരവിന്ദാക്ഷൻ, എ.എം. ജെമീലാബി, സി.വി. മുഹമ്മദ് ബഷീർ, നഗരസഭാ സെക്രട്ടറി ടി.ബി. വിശ്വനാഥൻ എന്നിവർ പ്രസംഗിച്ചു.

## തെങ്ങിൻതോപ്പിൽ 1260 ലീറ്റർ സ്പിരിറ്റ്: സിപിഎം ലോക്കൽ സെക്രട്ടറി പ്രതി



**മീനാക്ഷിപുരം:** തെങ്ങിൻതോപ്പിലെ ഷെഡിൽ സൂക്ഷിച്ചിരുന്ന 1260 ലീറ്റർ സ്പരിറ്റ് പൊലീസ് പിടികൂടിയ സംഭവത്തിൽ സിപിഎം ലോക്കൽ സെക്രട്ടറി ഉൾപ്പെടെ 6 പേർക്കെതിരെ പൊലീസ് കേസെടുത്തു. തോപ്പ് ഉടമയുൾപ്പെടെ 4 പേരെ അറസ്റ്റ് ചെയ്തു. പ്രധാന പ്രതി ലോക്കൽ സെക്രട്ടറി എൻ.ഹരിദാസ് ഉൾപ്പെടെ 2 പേർ ഒളിവിലാണ്. ഹരിദാസിനെ സിപിഎം പുറത്താക്കി. 27നു വൈകിട്ട് മീനാക്ഷിപുരം സർക്കാർപതിയിലെ തെങ്ങിൻതോപ്പിൽ ചിറ്റൂർ ഡിവൈഎസ്പി പി.അബ്ദുൽ മുനീറിന്റെ നേതൃത്വത്തിൽ ഡാൻസാഫ് സംഘവും മീനാക്ഷിപുരം പൊലീസും സംയുക്തമായി നടത്തിയ പരിശോധനയിലാണ് 36 കന്നാസുകളിൽ സൂക്ഷിച്ച സ്പിരിറ്റ് പിടികൂടിയത്. ബി.മനോജ്, വാസവ് ചന്ദ്രൻ, വികാസ്, തോപ്പുടമ കെ.കണ്ണയ്യൻ. തോപ്പുടമ കെ.കണ്ണയ്യൻ (56), തമിഴ്നാട്ടിൽ നിന്നു സ്പിരിറ്റ് എത്തിച്ച കായംകുളം കാർത്തികപ്പള്ളിയിലെ ബി.മനോജ് (43), നെയ്യാറ്റിൻകര സ്വദേശി വി.വികാസ് (29), കന്യാകുമാരി ചെറുവള്ളൂർ സ്വദേശി സി.വാസവ് ചന്ദ്രൻ (30) എന്നിവരെ കുഴൽമന്ദത്തു നിന്നാണ് അറസ്റ്റ് ചെയ്തത്. കരിയിലക്കുളങ്ങരയിൽ എക്സൈസ് ഉദ്യോഗസ്ഥനെ ആക്രമിച്ചതും സ്പിരിറ്റ് കടത്തും ഉൾപ്പെടെ 4 കേസുകളിൽ പ്രതിയാണു മനോജ്. മറ്റു 3 പേർക്കെതിരെയും നേരത്തേ കേസുകളുണ്ട്. 4 പ്രതികളെയും ചിറ്റൂർ കോടതി റിമാൻഡ് ചെയ്തു.

## എലപ്പുള്ളിയിലെ വിവാദ കമ്പനിക്ക് വെള്ളം എടുക്കാൻ അനുമതി നൽകി സിപിഎം ഭരിക്കുന്ന പഞ്ചായത്ത്



**പാലക്കാട്:** എലപ്പുള്ളിയിലെ വിവാദ കമ്പനിക്ക് വെള്ളം എടുക്കാൻ അനുമതി നൽകി സിപിഎം ഭരിക്കുന്ന പുതുശ്ശേരി പഞ്ചായത്ത്. കമ്പനിയുടെ കെട്ടിട നിർമാണത്തിനാണ് വാളയാർ, കോരയാർ പുഴകളിൽനിന്ന് വെള്ളം എടുക്കാൻ ഗ്രാമ പഞ്ചായത്ത് അനുമതി നൽകിയത്. പ്രതിപക്ഷം ഉയർത്തിയ പ്രതിഷേധം വകവെക്കാതെയാണ് പുതുശ്ശേരി പഞ്ചായത്ത് ഭരണസമിതി രണ്ട് സ്വതന്ത്രരുടെ പിന്തുണയോടെ അനുമതി പാസ്സാക്കിയത്. ഈ മാസം 17-നാണ് വെള്ളം എടുക്കാൻ അനുമതി തേടി ഒയാസിസ് കമ്പനി പഞ്ചായത്തിൽ അപേക്ഷ നൽകിയത്. അജണ്ടയിൽ ഉൾപ്പെടുത്താതെയാണ് പഞ്ചായത്ത് വിഷയം യോഗത്തിൽ ചർച്ചയ്ക്കുവെച്ചത്. പുഴയിൽ നിന്ന് വെള്ളം എടുക്കുന്നത് കൃഷിദ യേയോ കുടിവെള്ളത്തേയോ ബാധിക്കില്ലെന്നും വ്യവസായത്തിന് പിന്തുണ നൽകുന്നതാണ് തീരുമാനമെന്നുമാണ് പഞ്ചായത്ത് ഭരണസമിതിയുടെ വാദം. അനുമതിക്കെതിരെ പരാതിയുമായി മുന്നോട്ടുപോകാനാണ് കോൺഗ്രസ് അംഗങ്ങളുടെ തീരുമാനം. സർക്കാരും സിപിഎമ്മും മദ്യക്കമ്പനിക്കായി ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുകയാണെന്ന് എലപ്പുള്ളി പഞ്ചായത്ത് പ്രസിഡന്റ് രേവതി ബാബു പറഞ്ഞു. എല്ലാ ഓഫീസുകളിലും ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തിയും സമ്മർദ്ദത്തിലാക്കിയുമാണ് സർക്കാർ പ്ലാന്റുമായി മുന്നോട്ട് പോകുന്നതെന്നും പഞ്ചായത്ത് പ്രസിഡന്റ് ആരോപിച്ചു. ഹൈക്കോടതിയെ സമീപിക്കാൻ എലപ്പുള്ളി പഞ്ചായത്ത് ഒയാസിസ് മദ്യക്കമ്പനിക്ക് അനുമതി നൽകാനുള്ള സർക്കാർ തീരുമാനത്തിനെതിരെ ഹൈക്കോടതിയെ സമീപിക്കാൻ എലപ്പുള്ളി പഞ്ചായത്ത് തീരുമാനിച്ചു. ഉച്ചയ്ക്ക് രണ്ട് മണിയോടെയാണ് ഒയാസിസ് കമ്പനിക്കെതിരെ അജണ്ട പാസ്സാക്കാൻ ഭരണ സമിതി യോഗം ചേർന്നത്. ഒയാസിസ് കമ്പനിക്കെതിരെ ഹൈക്കോടതിയെ തീരുമാനിക്കാനുള്ള അജണ്ട യോഗത്തിൽ പാസ്സാക്കി. മുഴുവൻ കോൺഗ്രസ്, ബിജെപി അംഗങ്ങളുടേയും പിന്തുണയോടെയാണ് അജണ്ട പാസ്സാക്കിയത്. സർക്കാരിനെതിരെ കേസെടുക്കാൻ കഴിയില്ലെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതോടെ പ്രതിഷേധം ഉയർന്നു. നിയമനടപടിക്ക് പഞ്ചായത്തിന്റെ പണം ചെലവഴിക്കാൻ കഴിയില്ലെങ്കിൽ വ്യക്തികൾ പണം ചെലവഴിക്കുമെന്ന് കോൺഗ്രസ് അംഗങ്ങൾ പറഞ്ഞു. ഇന്നലെ നടത്താൻ തീരുമാനിച്ച യോഗം സിപിഎം പ്രതിഷേധത്തെ തുടർന്ന് മുടങ്ങിയിരുന്നു.

## ക്രിസ്മസ് അവധി: ട്രെയിനുകളിൽ ടിക്കറ്റ് അതിവേഗം വിറ്റഴിയുന്നു

**പാലക്കാട്:** ക്രിസ്മസ് അവധിക്കാലത്ത് നാട്ടിലെത്താൻ മറുനാടൻ മലയാളികൾ ട്രെയിൻ ടിക്കറ്റ് ബുക്കിംഗ് തുടങ്ങി. ക്രിസ്മസിനു തൊട്ടുമുമ്പുള്ള ദിവസങ്ങളിലെ ടിക്കറ്റുകൾ അതിവേഗമാണ് വിറ്റഴിയുന്നത്. ചെന്നൈയിൽ നിന്ന് തിരുവനന്തപുരം ഭാഗത്തേക്കാണ് കൂടുതൽ യാത്രക്കാരുള്ളത്. ഈ റൂട്ടിലെ പ്രധാന ട്രെയിനുകളായ ചെന്നൈ - തിരുവനന്തപുരം മെയിൽ, ചെന്നൈ - തിരുവനന്തപുരം സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ്, ചെന്നൈ -ആലപ്പുഴ സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ് ട്രെയിനുകളിൽ ഡിസംബർ 22,23, 24 തിയതികളിലെ ടിക്കറ്റുകൾ ചൂടപ്പം പോലെയാണ് വിറ്റഴിയുന്നത്. ചെന്നൈയിൽ നിന്നു മംഗളൂരു ഭാഗത്തേക്കുള്ള ചെന്നൈ - മാംഗ്ലൂർ മെയിൽ, ചെന്നൈ മാംഗ്ലൂർ സൂപ്പർ ഫാസ്റ്റ് എക്സ്പ്രസ് വണ്ടികളിലും വൻ തിരക്കാണ് അനുഭവപ്പെടുന്നത്. ഈ വണ്ടികളിൽ സ്ലീപ്പർ ക്ലാസ് കോച്ചുകളിലേക്കും എ.സി കോച്ചുകളിലേക്കും ഏതാനും സീറ്റുകളുണ്ട്. ബെംഗളൂരുവിൽ നിന്നു കേരളത്തിലേക്കുള്ള ട്രെയിനുകളിലും സമാന സ്ഥിതിയാണ്. ബെംഗളൂരു-കന്യാകുമാരി എക്സ്പ്രസ്(16526), മൈസൂരു-ബെംഗളൂരു-തിരുവനന്തപുരം(16315), ബെംഗളൂരു-എറണാകുളം എക്സ്പ്രസ്(16377), യശ്വന്തപുരം-തിരുവനന്തപുരം ഗരീബ്രഥ് എക്സ്പ്രസ്(12257), യശ്വന്തപുരം-കണ്ണൂർ എക്സ്പ്രസ്(16527) ട്രെയിനുകളിലെല്ലാം അതിവേഗം ടിക്കറ്റുകൾ വിറ്റഴിയുകയാണ്. ഗ് ട്രെൻഡ് സൂചിപ്പിക്കുന്നത്.

## വെട്ടേറ്റ് മരിച്ചുകിടക്കുന്ന ഭാര്യ, കൊടുവാളുമായി ഭർത്താവ്



**പാലക്കാട്:** മാത്തൂർ പല്ലഞ്ചാത്തനൂരിൽ ഭർത്താവ് ഭാര്യയെ വെട്ടിക്കൊന്നു. മാത്തൂർ പല്ലഞ്ചാത്തനൂർ പൊള്ളംപാടം വീട്ടിൽ ഇന്ദിര(55)യെയാണ് ഭർത്താവ് വാസു(62) കൊലപ്പെടുത്തിയത്. ബുധനാഴ്ച രാവിലെ പത്തിനായിരുന്നു നാടിനെ നടുക്കിയ സംഭവം. രാവിലെ പത്തിന് അയൽവാസിയായ രാജനാണ് നിലവിളി കേട്ട് ആദ്യം ഓടിയെത്തിയത്. വീടിന്റെ അടുക്കളഭാഗത്ത് മരിച്ച നിലയിലാണ് ഇന്ദിരയെ കണ്ടെത്തിയത്. വീടിനു മുൻവശത്ത് കൊടുവാളുമായി വാസു നിൽപ്പുണ്ടായിരുന്നു. വാസുവിന്റെ കൈയിലുണ്ടായിരുന്ന കൊടുവാൾ രാജൻ പിടിച്ചുമാറ്റി. കുടുംബവഴക്കാണ് കൊലപാതകത്തിന് കാരണമെന്ന് പോലീസ് പറഞ്ഞു. ഭാര്യയും മക്കളും പക്ഷംചേർന്ന് തന്നെ കുറ്റപ്പെടുത്തുന്നതായി വാസു ആരോപിച്ചിരുന്നു. ഇതിനെത്തുടർന്നാണ് വാസു ഭാര്യയെ വെട്ടിക്കൊന്നതെന്നും പോലീസ് പറഞ്ഞു. ചൊവ്വാഴ്ച രാത്രി ഇന്ദിരയും വാസുവും തമ്മിൽ വാക്കുതർക്കം ഉണ്ടായിരുന്നു. ബുധനാഴ്ച രാവിലെ ആൺമക്കൾ ജോലിക്ക് പോയ ശേഷം വീണ്ടും ഇരുവരും തമ്മിൽ വാക്കുതർക്കമായി. ഇതേത്തുടർന്ന് പ്രകോപിതനായ വാസു കൊടുവാളുകൊണ്ട് ഇന്ദിരയെ വെട്ടിക്കൊലപ്പെടുത്തുകയായിരുന്നു.

## നെല്ലുസംഭരണം: പാടത്തെ ചേറ്റിലിറങ്ങി കർഷക പ്രതിഷേധം

**കുഴൽമന്ദം:** നമ്മളൊക്കെ കഴിക്കുന്ന ഭക്ഷണം വിളയിച്ചെടുക്കുന്ന പാടമാണ്. ആ പാടത്തു ചേറിൽ ചവിട്ടിനിന്നു പ്രതിഷേധിക്കേണ്ടിവരുന്ന ഞങ്ങൾ കർഷകരുടെ ഗതികേട് സർക്കാരും മന്ത്രിമാരും നാട്ടുകാരും കാണണം. ഞങ്ങൾ ഇതുവരെ ചേറ്റിലിറങ്ങിയിരുന്നതു നെല്ലു വിളയിക്കാനാണ്. ഇങ്ങനെ പ്രതിഷേധവുമായി ആ പാടത്തെ ചേറിൽ ചവിട്ടി നിൽക്കേണ്ട അവസ്ഥയിലെത്തിച്ചത് ഭരണാധികാരികളാണ് കുളവൻമുക്ക് പാടത്തു നടത്തിയ പ്രതിഷേധത്തിൽ വനിതകളുടെ ഉൾപ്പെടെ പ്രതിഷേധമിരമ്പി. കൊയ്ത്തു തുടങ്ങിയിട്ട് ഒന്നരമാസമായി. ഭൂരിഭാഗം കൊയ്ത്തും കഴിഞ്ഞു. ഇതുവരെ നെല്ലെടുത്തിട്ടില്ല. രണ്ടാം വിളയ്ക്കു ഞാറ്റടി തയാറാക്കാൻ പോലും കടം വാങ്ങണം.ഇതുവരെ നെല്ലെടുക്കാത്തതു സർക്കാരിന്റെയും സപ്ലൈകോയുടെയും കടുത്ത വീഴ്ചയാണ്. അതു മനഃപൂർവമാണെന്നു പറയേണ്ടിവരും.നിങ്ങളുടെയൊക്കെ വേതനം ഇന്നുവരെ മുടങ്ങിയിട്ടുണ്ടോ? ഞങ്ങൾക്കു പണിയെടുത്തതിന്റെ കൂലി




പോലും കിട്ടുന്നില്ല.ഓരോ വർഷവും ഓരോരോ കാരണങ്ങൾ പറഞ്ഞു നെല്ലുസംഭരണം നീട്ടിക്കൊണ്ടു പോകും. ഈ വർഷത്തെ കാരണം മില്ലുകളുടെ തലയിലിട്ടു. ഇതു സർക്കാർ തന്നെ നെല്ലു സംഭരണം അട്ടിമറിക്കുന്നതാണ്. സർക്കാരും സപ്ലൈകോയും ഇനി എപ്പോൾ നെല്ലെടുക്കാനാണ്? ഇതെന്തു സർക്കാരും സപ്ലൈകോയും മന്ത്രിമാരുമാണ്?, കർഷകർ ചോദിക്കുന്നു.കുഴൽമന്ദം ബ്ലോക്ക് പാടശേഖര സമിതി കോ ഓർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ സമരം ചെയർമാൻ കെ.എ.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ ഐ.സി.ബോസ് അധ്യക്ഷനായി.ഭാരവാഹികളായ പി.ആർ.കരുണാകരൻ എം.സി.മുരളീധരൻ, സജീഷ് കുത്തനൂർ, പി.വി.സുരേഷ് കുമാർ, കെ.സി.അശോകൻ, രഘു മാത്തൂർ, കെ.അപ്പു, കെ.ഉണ്ണിക്കൃഷ്ണൻ, സി.പ്രകാശൻ, എൻ.പത്മിനി, എം.ഡി.റെയിൻ സിങ്, എം.ആർ. വിജയശങ്കർ എന്നിവർ പ്രസംഗിച്ചു.

## കാഴ്ചകൾ മനോഹരം പക്ഷേ, ഡ്രൈവറുടെ ശ്രദ്ധ പാളിയാൽ ഡാമിൽ വീഴും

**മലമ്പുഴ :** കാഴ്ചകൾ നയന മനോഹരം. പക്ഷേ, കവ ഉൾപ്പെടുന്ന അകമലവാരത്തേക്കു പോകുന്ന റിങ് റോഡിലെ ഓരോ വളവിലും അപകടം പതിയിരിക്കുന്നു. ഡ്രൈവറുടെ ശ്രദ്ധ ഒന്നു പാളിയാൽ വാഹനം 20 അടിയിലേറെ ആഴമുള്ള ഡാമിൽ വീഴും. മലമ്പുഴ ഡാമിലെ ജലനിരപ്പ് ഉയർന്നതോടെ വെള്ളം റോഡ് വരെ എത്തിയിട്ടുണ്ട്. ഇവിടങ്ങളിൽ സുരക്ഷാ വേലിയോ കൈവരികളോ സ്ഥാപിച്ചിട്ടില്ല. മഴ പെയ്യുന്നതിനാൽ റോഡിൽ വഴുക്കലും കൂടുതലാണ്. വാഹനങ്ങൾ റോഡിൽ നിന്നു തെന്നി ഡാമിലേക്കു വീഴാനുള്ള സാധ്യതയേറെ. കഴിഞ്ഞ ദിവസം രാത്രി റിങ് റോഡിലെ പറച്ചാത്തിയിൽ കോയമ്പത്തൂർ സ്വദേശികളായ ദമ്പതികൾ സഞ്ചരിച്ച ബൈക്ക് നിയന്ത്രണം വിട്ടു ഡാമിലേക്കു മറിഞ്ഞിരുന്നു. ദിവസവും നൂറുകണക്കിനു വിനോദ സഞ്ചാരികളാണു കവ സന്ദർശിക്കാനെത്തുന്നത്.മലമ്പുഴ ഉദ്യാനം അടച്ചിരിക്കുന്നതിനാൽ സന്ദർശകർ കവയിലേക്കാണു കൂടുതലും പോകുന്നത്. വെള്ളം കയറി റോഡിനോടു ചേർന്നുള്ള മണ്ണും ഇളകിപ്പോയിട്ടുണ്ട്. ചിലയിടത്തു റോഡും ഇളകിയിട്ടുണ്ട്. വിനോദ സഞ്ചാരികൾ ഈ ഭാഗത്തു നിന്നു സെൽഫി പകർത്തുന്നത് അപകടമുണ്ടാക്കുമെന്നും നാട്ടുകാരുടെ മുന്നറിയിപ്പുണ്ട്. ഡാമിനോടു ചേർന്ന റോഡിന്റെ ഭാഗങ്ങളിലെങ്കിലും കൈവരികൾ സ്ഥാപിക്കണമെന്നതു നാട്ടുകാരുടെ വർഷങ്ങളായുള്ള ആവശ്യമാണ്. മലമ്പുഴ റിങ് റോഡിൽ കവ, ചേമ്പന, പറച്ചാത്തി, കല്ലുകൂട്ടിൽ, തെക്കേ മലമ്പുഴ, കൊല്ലങ്കുന്ന് എന്നിവിടങ്ങളിലായി 13 ഇടങ്ങൾ അതീവ അപകടമേഖലയായി ജലസേചന വകുപ്പ് നേരത്തെ കണ്ടെത്തിയിട്ടുണ്ട്. മഴക്കാലത്തു ഡാമിൽ വെള്ളം കയറുമ്പോൾ ഇവിടെ അപകടങ്ങൾ പതിവാണ്. എന്നിട്ടും സുരക്ഷാ വേലിയോ കൈവരികളോ സ്ഥാപിച്ചിട്ടില്ല. സന്ദർശകർക്കു ഡാമിൽ ഇറങ്ങാൻ വിലക്കുണ്ടെങ്കിലും ആരും പാലിക്കാറില്ല. ഇതു പരിശോധിക്കാൻ ടൂറിസം പൊലീസോ ജലസേചന വകുപ്പ് അധികൃതരോ ഇവിടെ എത്താറില്ല. സന്ദർശകർ വഴുക്കുന്ന പാറക്കെട്ടിൽ കയറുന്നതും പതിവാണ്. ഡാമിൽ വെള്ളം കയറിയതോടെ അനധികൃതമായി മീൻ പിടിക്കാനെത്തുന്നവരുടെ എണ്ണവും കൂടുന്നുണ്ട്.



## കടകശ്ശേരി ഐഡിയൽ സ്കൂളിന്റേത് അഭിമാനാർഹമായ വിജയഗാഥ

**എടപ്പാൾ :** തുടർച്ചയായ നാലാം തവണയും സംസ്ഥാന സ്കൂൾ കായികമേളയിൽ മലപ്പുറത്തിന്റെ അഭിമാനം വാനോളമുയർത്തി ഐഡിയലിന്റെ ചുണക്കുട്ടികൾ. കൃത്യമായതും ചിട്ടയായതുമായ പരിശീലനവും അധ്യാപകരുടെയും വിദ്യാർഥികളുടെയും അർപ്പണ മനോഭാവവും മാനേജ്മെന്റിന്റെ പൂർണ സഹകരണവും തന്നെ സ്വപ്നതുല്യമായ ഈ നേട്ടത്തിനു പിന്നിൽ. ഐഡിയൽ സ്കൂളിൽ പഠിക്കുന്ന എല്ലാ വിദ്യാർഥികളിലും കായികക്ഷമതയും കായിക സംസ്കാരവും വളർത്തിയെടുക്കാനായി 2007ൽ ആണ് ഐഡിയൽ സ്പോർട്സ് അക്കാദമിക്കു രൂപം നൽകിയത്. ഐഡിയൽ ക്യാംപസിൽ കായിക വിദ്യാഭ്യാസത്തിന് മികച്ച കായിക ഉപകരണങ്ങളും സൗകര്യങ്ങളും മാനേജ്മെന്റ് ഒരുക്കി. അതോടെ വർഷം തോറും പുതിയ പുതിയ താരങ്ങളുടെ ഉദയത്തിനും അക്കാദമി സാക്ഷ്യം വഹിച്ചു. ഇന്നു സംസ്ഥാന സ്കൂൾ കായിക മേളയിൽ നാലാമതും സംസ്ഥാനതല ചാംപ്യൻപട്ടം നിലനിർത്തുന്ന സ്കൂളിന്റെ സൂപ്പർ താരങ്ങൾ, ദേശീയ കായികമേളയിൽ ഒട്ടേറെ റെക്കോർഡുകൾ ഭേദിക്കാനും വളർന്നു. ജില്ലാ അത്‌ലറ്റിക് ചാംപ്യൻഷിപ്പിൽ തുടർച്ചയായി 17 തവണ ചാംപ്യന്മാരാണ് ഐഡിയൽ. ദേശീയ സ്കൂൾ കായികമേളയിൽ ട്രിപ്പിൽ സ്വർണം നേടിയതും ഐഡിയൽ താരങ്ങളാണ്. ഐഡിയൽ സ്പോർട്സ്




അക്കാദമിയിൽ പരിശീലനം നേടി പുറത്തിറങ്ങിയ നൂറിലധികം താരങ്ങൾ സംസ്ഥാന -കേന്ദ്രതലത്തിൽ സ്പോർട്സ് ക്വോട്ടയിൽ ഉന്നത പദവികളിലെത്തിയിട്ടുണ്ട്. ഫിസിക്കൽ എജ്യുക്കേഷൻ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ചിട്ടയായ കരിക്കുലം ഇവിടെയുണ്ട്. കിന്റർഗാർട്ടൻ മുതൽ കായിക പരിശീലനം നൽകുന്നു. മോണ്ടിസോറി, പ്രൈമറി മോണ്ടിസോറി ക്ലാസുകളിൽ മൂവ്മെന്റ് എജ്യുക്കേഷനും കിഡ്സ് അത്‌ലറ്റിക്സുമടക്കം ഇന്റർനാഷനൽ കരിക്കുലമാണ് പിന്തുടരുന്നത്. പ്രഗല്ഭരായ പരിശീലകരെ ഉപയോഗിച്ച് വിദ്യാർഥികൾക്കു വ്യത്യസ്ത ഇനങ്ങളിൽ പരിശീലനം നൽകുന്നു. അത്‌ലറ്റിക്സ് ഇനങ്ങൾക്കു പുറമേ സ്വിമ്മിങ്, തയ്ക്വൻഡോ, ഫുട്ബോൾ, സ്കേറ്റിങ് ഇനങ്ങളിൽ പരിശീലകരുണ്ട്. എല്ലാ ക്ലാസുകളിലും ഓരോ മണിക്കൂർ വീതം കായികപഠന ക്ലാസുകൾ 16 കായികാധ്യാപകരുടെ നേതൃത്വത്തിൽ നടക്കുന്നു. സ്കൂൾ മാനേജ്മെന്റ് ഇതിനുവേണ്ട എല്ലാ ഭൗതിക-സാങ്കേതിക സൗകര്യങ്ങളും ഇവിടെ ഒരുക്കിയിരിക്കുന്നു. ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിങ് പൂൾ, ജിംനേഷ്യം സെന്റർ, ഓപ്പൺ ജിം ഏരിയ, അത്‌ലറ്റിക് ട്രാക്കുകൾ, ഫുട്ബോൾ ടർഫ്, ബാസ്കറ്റ് ബോൾ കോർട്ട് എന്നിവയെല്ലാം ഉന്നത നിലവാരമുള്ളതാണ്. കഴിവുണ്ടായിട്ടും പരിശീലനം നേടാൻ സാമ്പത്തിക സ്ഥിതിയില്ലാത്ത കുട്ടികൾക്ക് സൗജന്യമായും ഇവിടെ പഠനവും പരിശീലനവും നൽകുന്നു. കായികവിഭാഗം മേധാവി ഷാഫി അമ്മായത്ത്, ചീഫ് കോച്ച് നദീഷ് ചാക്കോ, സീനിയർ കോച്ച് ടോമി ചെറിയാൻ, അസിസ്റ്റന്റ് കോച്ചുമാരായ ഹാരിസ് റഹ്മാൻ, കെ.പി.അഖിൽ, മുഹമ്മദ് ഹാസിൽ തുടങ്ങിയ പരിശീലകർ നേതൃത്വം നൽകുന്നതായി ഐഡിയൽ ട്രസ്റ്റ് ചെയർമാൻ പി.കുഞ്ഞാവു ഹാജി, സെക്രട്ടറി കെ.കെ.എസ്.ആറ്റക്കോയ തങ്ങൾ, മാനേജർ മജീദ് ഐഡിയൽ എന്നിവർ പറഞ്ഞു

## പരപ്പനങ്ങാടിയിൽ നിന്നും കടലിൽ പോയ വള്ളം മറിഞ്ഞ് അപകടം



**മലപ്പുറം:** പരപ്പനങ്ങാടിയിൽ നിന്നും കടലിൽ പോയ വള്ളം മറിഞ്ഞ് അപകടം. വള്ളത്തിൽ ഉണ്ടായിരുന്ന ഇരുപത് പേരെ രക്ഷപ്പെടുത്തി. രണ്ടുപേരെ പരപ്പനങ്ങാടി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരപ്പനങ്ങാടിയിൽ നിന്നും കടലിൽ പോയ ഹുദാ എന്ന വള്ളമാണ് അപകടത്തിൽപ്പെട്ടത്. ശക്തമായ തിരമാലയിൽ ആടിയുലഞ്ഞ് വള്ളം മറിയുകയായിരുന്നു.മറ്റു മത്സ്യബന്ധന വള്ളങ്ങളും ബോട്ടുകളും എത്തിയാണ് ഇവരെ കരയ്ക്ക് എത്തിച്ചത്. ആശുപത്രിയിൽ പ്രവേശിപ്പിച്ചവരുടെ പരുക്ക് ഗുരുതരമല്ല.

## എലപ്പുള്ളിയിലെ ബ്രൂവറിക്ക് വാളയാർ ഡാമിലെ വെള്ളം



**കഞ്ചിക്കോട്:** ബ്രൂവറിക്കെതിരെ ശക്തമായ നിലപാടുമായി എലപ്പുള്ളി പഞ്ചായത്ത് മുന്നോട്ട് പോകവേ, ബ്രൂവറിക്കാവശ്യമായ വെള്ളം കോരയാർ, വരട്ടയാർ പുഴകളിൽ നിന്നു വിട്ടുനൽകാൻ തീരുമാനവുമായി പുതുശ്ശേരി പഞ്ചായത്ത്. വാളയാർ ഡാമിലെ വെള്ളമാണ് ഈ പുഴകളിലൂടെ ഒഴുകുന്നത്. പ്രതിപക്ഷത്തിന്റെ എതിർപ്പ് മറികടന്നുകൊണ്ടാണ് രണ്ട് സ്വതന്ത്ര അംഗങ്ങളുടെ പിന്തുണയോടെ കമ്പനിക്ക് വെള്ളം നൽകാനുള്ള തീരുമാനം സി.പി.എം നേതൃത്വത്തിലുള്ള പുതുശേരി പഞ്ചായത്ത് ഭരണ സമിതി എടുത്തത്. ഇതിനിടെ സി.പി.എമ്മിന്റെ പന്ത്രണ്ടാം വാർഡ് അംഗം ബിന്ദു കമ്പനിക്ക് വെള്ളം നൽകാനുള്ള തീരുമാനത്തെ അനുകൂലിച്ച് വോട്ട് ചെയ്യാൻ തയ്യാറാകാതിരുന്നത് സി.പി.എം ക്യാംപിനു ക്ഷീണമായി. കമ്പനിക്ക് വെള്ളം നൽകാനുള്ള ശ്രമം ജനങ്ങളെ അണിനിരത്തി പ്രതിരോധിക്കുമെന്ന് കോൺഗ്രസ് മെമ്പർ പി.ബി. ഗിരീഷ് പറഞ്ഞു. ബ്രൂവറിക്ക് വെള്ളം നൽകാനുള്ള തീരുമാനത്തിൽ പ്രതിഷേധിച്ച് ബി.ജെ.പി മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ പ്രതിഷേധ ധർണ നടത്തി. സംസ്ഥാന വൈസ് പ്രസിഡന്റ് കൃഷ്ണകുമാർ ഉദ്ഘാടനം ചെയ്തു.സന്തോഷ്, ഗിരീഷ് എന്നിവർ നേതൃത്വം നൽകി. കോൺഗ്രസ് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് പുതുശ്ശേരി പഞ്ചായത്ത് ഓഫീസ് ഉപരോധിക്കും. കെ.പി.സി.സി ജനറൽ സെക്രട്ടറി സന്ദീപ് വാര്യർ ഉദ്ഘാടനം ചെയ്യും. വിവിധ കർഷക സംഘടനകളും സമരം ആഹ്വാനം ചെയ്തിട്ടുണ്ട്.വാളയാർ ഡാമിലെ വെള്ളം പുതുശേരി, എലപ്പുള്ളി, മരുതറോഡ് പഞ്ചായത്തുകളിലെ രണ്ടായിരം ഏക്കറോളം കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്നുണ്ട്. കുടിവെള്ളത്തിനും ഇവിടുത്തെ വെള്ളം ഉപയോഗിക്കുന്നുണ്ട്. തീരുമാനം നടപ്പായാൽ വാളയാർ ഡാമിലെ വെള്ളം മുഴുവൻ കമ്പനി കൊണ്ടുപോകുന്ന സ്ഥിതിയുണ്ടാകുമെന്ന് കോൺഗ്രസും ബി.ജെ.പിയും ആരോപിക്കുന്നു. കമ്പനിക്ക് വെള്ളം നൽകാൻ തീരുമാനിച്ചിട്ടില്ലെന്നും എൻ.ഒ.സി മാത്രമാണ് നൽകിയതെന്നും പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.അജീഷ് പറഞ്ഞു. പഞ്ചായത്ത് നൽകിയ എൻ.ഒ.സി ഫലത്തിൽ കമ്പനിക്ക് വെള്ളം എടുക്കാൻ നൽകിയ അനുമതി തന്നെയാണെന്ന് കോൺഗ്രസ് മണ്ഡലം പ്രസിഡന്റും പഞ്ചായത്ത് മെമ്പറുമായ പാലാഴി ഉദയകുമാർ പറഞ്ഞു.



## റോഡ് ഉദ്ഘാടനം

**മുണ്ടൂർ:** പഞ്ചായത്തിൽ നിർമ്മാണം പൂർത്തീകരിച്ച കിഴക്കേക്കര-തെക്കുംപുറം, ഗ്രാമദീപം വായനശാല-ചമ്മലക്കുന്ന് റോഡുകളുടെ ഉദ്ഘാടനം എ.പ്രഭാകരൻ എം.എൽ.എ നിർവഹിച്ചു. മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ നിന്ന് 15 ലക്ഷം രൂപ വിനിയോഗിച്ച് കിഴക്കേക്കര-തെക്കുംപുറം റോഡ് 320 മീറ്ററും, ഗ്രാമദീപം വായനശാല-ചമ്മലക്കുന്ന് റോഡ് അഞ്ച് ലക്ഷം രൂപ ചെലവിലുമാണ് നിർമ്മാണം പൂർത്തീകരിച്ചത്. മുണ്ടൂർ പഞ്ചായത്ത് പ്രസിഡന്റ് എം.വി.സജിത അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് വി.സി.ശിവദാസൻ, അംഗങ്ങളായ കെ.ബി. പ്രശോഭ്, വി.ലക്ഷ്മണൻ, ബേബി ഗണേഷ്, സ്വാമിനാഥൻ എന്നിവർ സംസാരിച്ചു.

## പ്രിയങ്കാഗാന്ധി വിവിധ പദ്ധതികൾ ഉദ്ഘാടനം ചെയ്തു

**നിലമ്പൂർ :** ചുങ്കത്തറ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടനം വയനാട് ലോക്സഭാ എംപി പ്രിയങ്കാഗാന്ധി നിർവഹിച്ചു. സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സൗജന്യ ഡയാലിസിസ് കേന്ദ്രത്തിന്റെ വെള്ളം ശുദ്ധീകരിക്കുന്നതിനാവശ്യമായ പുതിയ പ്ലാന്റിന്റെ ഉദ്ഘാടനം, ഡയാലിസിസ് കേന്ദ്രത്തിന് ലഭിച്ച നാലു മെഷീനുകളുടെ ഉദ്ഘാടനം, സിഎച്ച്സിക്ക് കീഴിലുള്ള എട്ട് പഞ്ചായത്തുകളിലും നിലമ്പൂർ നഗരസഭയിലും കുത്തിവെപ്പിന് പോകാൻ എംപി ഫണ്ടിൽ നിന്നനുവദിച്ച വാഹനത്തിന്റെ ഫ്ളാഗ് ഓഫ് എന്നിവയാണ് എംപി ബുധനാഴ്ച നിർവഹിച്ചത്.നാലു പുതിയ ഡയാലിസിസ് മെഷീനുകളുടെ ഉദ്ഘാടനവും അവർ നിർവഹിച്ചു. സി.എച്ച്.സിക്ക് എംപി ഫണ്ടിൽ 14 ലക്ഷം രൂപ ഉൾപ്പെടുത്തിയാണ് പുതിയ വാഹനം വാങ്ങിയത്. നിലവിൽ 20 ഡയാലിസിസ് മെഷീനുകളാണ് ചുങ്കത്തറ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ സൗജന്യ ഡയാലിസിസ്



നൽകിവരുന്നത്. 132 പേർക്ക് നാലു ഷിഫ്റ്റുകളിലൂടെയാണ് ഡയാലിസിസ് ചെയ്യുന്നത്. 25 മെഷീനുകൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ രണ്ട് ഡയാലിസിസ് യൂണിറ്റുകൾ ചുങ്കത്തറയിൽ സജ്ജമാണ്. ചുങ്കത്തറ സിഎച്ച്സിയിൽ നടന്ന പരിപാടിയിൽ പി.വി. അബ്ദുൾ വഹാബ് എംപി, ആര്യാടൻ ഷൗക്കത്ത് എംഎൽഎ, നിലമ്പൂർ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി. പുഷ്പവല്ലി, ഉപാധ്യക്ഷ പാത്തുമ്മ ഇസ്മായിൽ, ഡിസിസി പ്രസിഡന്റ് വി.എസ്. ജോയ്, ചുങ്കത്തറ പഞ്ചായത്ത് പ്രസിഡന്റ് വത്സമ്മ സെബാസ്റ്റ്യൻ, മെഡിക്കൽ ഓഫീസർ ഡോ. ബഹാവുദീൻ, ജനപ്രതിനിധികൾ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, എച്ച്എംസി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# ലംഘിക്കാൻ മാത്രം നിയമങ്ങൾ

**കുറ്റ്യാടി :** പക്രംതളം ചുരത്തിലെ പത്താംവളവിൽ പരിധിവിട്ട് വാഹനപാർക്കിങ്. ഇത് യാത്രക്കാർക്ക് വലിയ പ്രയാസമാണുണ്ടാക്കുന്നത്. പത്താംവളവിൽ വാഹനം പാർക്ക് ചെയ്യരുതെന്ന് തൊട്ടിൽപ്പാലം പോലീസിന്റെ മുന്നറിയിപ്പ്ബോർഡ് ഉണ്ടെങ്കിലും പാലിക്കുന്നില്ല.വൈകുന്നേരങ്ങളിലും രാത്രിയിലും ഒട്ടേറെ വാഹനങ്ങളാണ് ഇവിടെ പാർക്ക് ചെയ്യുന്നത്. മൈസൂരു, തമിഴ്നാട്, വയനാട് പോകുന്ന ഭാഗത്തെ വാഹനങ്ങൾ ഗതാഗതക്കുരുക്കിൽപ്പെടുന്നതിന് ഇത് കാരണമാകുന്നുണ്ട്.പത്താംവളവിൽ കെഎസ്ആർടിസിയും വലിയ ലോറിയും വളയ്ക്കാൻ കഴിയാത്ത അവസ്ഥയാണ്. കാറും ബൈക്കുമടക്കമുള്ള സ്വകാര്യ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് മൂലമാണിത്.കോൺക്രീറ്റ് പണിക്ക് പോകുന്ന അതിഥിത്തൊഴിലാളികളെ കരാറുകാർ അപകടമാംവിധത്തിൽ ലോറിയിൽ കൊണ്ടുപോകുന്നത് പതിവാണ്. കോൺക്രീറ്റ് മിക്സിങ് യന്ത്രവും അത് ലോറിയിൽ കയറ്റാൻ ഉപയോഗിക്കുന്ന റെയിലും ഒപ്പം കുറെ പണിക്കാരും. ഇതാണ് സ്ഥിരംകാഴ്ച. വർക്ക് സൈറ്റിലേക്കും തിരിച്ചും ജോലിക്കാരെ കൊണ്ടുപോകുന്നത് ഇങ്ങനെയാണ്.ഒരു ലോറിയിൽ ഇരുപതുപേരെവരെ കയറ്റും. ലോറിയുടെ ബോഡിയിൽ ഇരുന്നാണ് തൊഴിലാളികൾ യാത്രചെയ്യുന്നത്. എപ്പോൾ വേണമെങ്കിലും അപകടം സംഭവിക്കാവുന്ന യാത്രയാണിത്.കല്ലാച്ചി മിനിബൈപ്പാസിൽ നോപാർക്കിങ് സ്ഥലത്താണ് ഇരുചക്രവാഹനങ്ങളും കാറുകളും പാർക്ക്ചെയ്യുന്നത്. നാദാപുരം-കുറ്റ്യാടി സംസ്ഥാനപാതയിൽ കല്ലാച്ചി മത്സ്യമാർക്കറ്റ് പരിസരത്ത് ഗതാഗതക്കുരുക്ക് ഉണ്ടാകുമ്പോൾ മിനിബൈപ്പാസ് വഴിയാണ് വാണിമേൽ, വിലങ്ങാട്, വളയം ഭാഗത്തേക്ക് വാഹനങ്ങൾ പോകുന്നത്. എന്നാൽ, റോഡിന്റെ ഇരുഭാഗത്തും വാഹനങ്ങളുടെ നീണ്ടനിരയാണ്.നാദാപുരം-കുറ്റ്യാടി സംസ്ഥാനപാതയിൽ കല്ലാച്ചി ടൗണിൽ ഗതാഗതക്കുരുക്ക് ഉണ്ടാകുമ്പോൽ വാണിമേൽ, വളയം, ആവോലം ഭാഗത്തേക്ക് പോകുന്ന ഇരുചക്രവാഹനങ്ങൾക്ക് പോകാൻ ബൈപ്പാസുണ്ട്. ഇതുവഴി ഇരുചക്രവാഹനങ്ങളേ പോകാവൂ എന്ന ബോർഡുമുണ്ട്. ഇത് കണക്കിലെടുക്കാതെയാണ് ബൈപ്പാസ് വഴി ഓട്ടോ, കാർ, ജീപ്പ് അടക്കമുള്ള വാഹനങ്ങൾ പോകുന്നത്. കഷ്ടിച്ച് ഒരു വാഹനത്തിന് പോകാൻപറ്റുന്ന റോഡാണിത്.



## അകലാപ്പുഴ ടൂറിസം ഭൂപടത്തിലേക്ക്

**തിക്കോടി :** 'കോഴിക്കോടിന്റെ കുട്ടനാട്' എന്നറിയപ്പെടുന്ന അകലാപ്പുഴയെ ടൂറിസം സ്പോട്ടായി സംസ്ഥാന പൊതുമരാമത്ത്-ടൂറിസം വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകരിക്കാൻ നടപടി സ്വീകരിക്കുമെന്ന് ടൂറിസം വകുപ്പ് ജോയിന്റ് ഡയറക്ടർ ഡി. ഗിരീഷ് കുമാർ പറഞ്ഞു. ഹോംസ്റ്റേ ആൻഡ് ടൂറിസം സൊസൈറ്റി (ഹാറ്റ്സ്) അകലാപ്പുഴ ഡെസ്റ്റിനേഷൻ കമ്മിറ്റിയുടെ 'അകലാപ്പുഴ ടൂറിസം നേരിടുന്ന വെല്ലുവിളികളും സാധ്യതകളും' സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.നൂറുകണക്കിനാളുകൾ പ്രകൃതിസൗന്ദര്യം ആസ്വദിക്കാനും ബോട്ടുസവാരി നടത്താനുമായി അകലാപ്പുഴയിൽ എത്തുന്നുണ്ട്. സർക്കാരുകളുടെയോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയോ ഒരു സഹായവുമില്ലാതെ അകലാപ്പുഴയെയും അനുബന്ധപ്രദേശങ്ങളെയും സഞ്ചാരികളുടെ പറുദീസയാക്കി മാറ്റിയത് നാട്ടുകാരുടെ ഇടപെടലുകളിലൂടെയാണ്. പരമ്പരാഗത തൊഴിൽമേഖലയും കാർഷികമേഖലയും തകർച്ചയെ നേരിടുമ്പോൾ ഗ്രാമീണ തൊഴിൽമേഖലയെ ഉത്തേജിപ്പിക്കാൻ കഴിയുന്ന ഒരേയൊരു മാർഗം ടൂറിസം വികസനമാണ്. സഞ്ചാരികളായി എത്തുന്നവർക്ക് അടിസ്ഥാനസൗകര്യവികസനം, തെരുവുവിളക്കുകൾ, ടോയ്‌ലറ്റുകൾ, വിശ്രമസ്ഥലങ്ങൾ എന്നിവയുടെ കാര്യത്തിൽ പഞ്ചായത്തുകൾ നടപടി സ്വീകരിക്കണമെന്നും ആവശ്യമുയർന്നു.അകലാപ്പുഴ ലെയ്ക്ക് വ്യൂ പാലസിൽ നടന്ന പരിപാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സുരേഷ് ചങ്ങാടത്ത് ഉദ്ഘാടനംചെയ്തു. ഡെസ്റ്റിനേഷൻ കമ്മിറ്റി കൺവീനർ രാജീവൻ കൊടലൂർ അധ്യക്ഷനായി. കേരള ഹാറ്റ്സ് സംസ്ഥാനപ്രസിഡന്റ് എം.വി. ശിവദത്തൻ മുഖ്യപ്രഭാഷണം നടത്തി. ജില്ലാപ്രസിഡന്റ് റഫീഖ് കക്കാടംപൊയിൽ, സെക്രട്ടറി രാജൻ തേങ്ങാപറമ്പത്ത്, വാർഡ് മെമ്പർ സൗജത്ത്, സന്തോഷ് തിക്കോടി, കെ. സുകുമാരൻ, ആർ.ടി. ജാഫർ, കെ.പി. ഹർഷാദ്, വി.പി. ഗോപി, എടവനക്കണ്ടി രവീന്ദ്രൻ, ജ്യോതിഷ് പുറക്കാട് എന്നിവർ സംസാരിച്ചു.

# ഗാന്ധിവേഷം ധരിച്ച് നിരാഹാരം; മാലിന്യപ്ലാന്റിനെതിരേ വേറിട്ടസമരം

**താമരശ്ശേരി :** കട്ടിപ്പാറ അമ്പായത്തോട് ഇറച്ചിപ്പാറയിലെ ഫ്രഷ്കട്ട് മാലിന്യപ്ലാന്റിന്റെ മാലിന്യപ്രശ്നങ്ങൾക്കെതിരേ സമരംചെയ്യുന്ന പ്രദേശവാസികൾക്ക് ഐക്യദാർഢ്യമർപ്പിച്ച് ഗാന്ധിയൻമാർഗത്തിൽ ഒരു വേറിട്ടസമരം. പൊതുപ്രവർത്തകനായ താമരശ്ശേരി അവേലം ചാമപ്പുറായിൽ അബ്ദുൾ അസീസ് എന്ന അസീസ് അവേലമാണ് താമരശ്ശേരി ഗാന്ധിപാർക്കിലേക്ക് ഗാന്ധിവേഷം ധരിച്ചെത്തി നിരാഹാരസത്യാഗ്രഹം നടത്തിയത്. ശുദ്ധവായുവിനും ശുദ്ധജലത്തിനും വേണ്ടി പ്ലാന്റിന്റെ പരിസരപ്രദേശങ്ങളിലുള്ള ജനങ്ങൾ നടത്തിവരുന്ന പോരാട്ടങ്ങൾക്ക് പൂർണപിന്തുണ പ്രഖ്യാപിച്ചുകൊണ്ടായിരുന്നു സത്യാഗ്രഹം. മുൻ എംഎൽഎ വി.എം. ഉമ്മർ ഉദ്ഘാടനംചെയ്ത സമരം സംസ്കാരസാഹിതി ജനറൽ സെക്രട്ടറി കാവിൽ പി. മാധവൻ നാരങ്ങാനീര് നൽകിയാണ് അവസാനിപ്പിച്ചത്. സൈനുൽ അബിദിൻ തങ്ങൾ, ജോസഫ് മാത്യു, മനോജ് കുമാർ, പി.സി. അഷ്റഫ്, കരിം പുതുപ്പാടി, അഷ്റഫ് കോരങ്ങാട്, എ.പി. മുസ്തഫ, മജീദ് കോരങ്ങാട്, ബദറുദ്ദീൻ ഹാജി, വി.കെ.എ. കബീർ, തുടങ്ങി രാഷ്ട്രീയ, സാംസ്കാരിക, സാമൂഹിക, തൊഴിലാളി യൂണിയൻ മേഖലകളിലെ ഒട്ടേറെപ്പേർ സത്യഗ്രഹസമരവേദിയിലെത്തി അസീസ് അവേലത്തിന് അഭിവാദ്യമർപ്പിച്ച് നിരാഹാരസമരത്തിൽ പങ്കെടുത്തു.



# ഇരുപതാം മൈൽസ് വെള്ളക്കെട്ടിലെ കുഴിനികത്താൻ നടപടിയായില്ല

**തിക്കോടി :** ദേശീയപാതയിൽ തിക്കോടിക്കും നന്തിയ്ക്കുമിടയിൽ ഇരുപതാം മൈൽസിലെ വെള്ളക്കെട്ടിലെ കുഴിയടയ്ക്കാൻ ഇതുവരെ നടപടിയായില്ല. ചൊവ്വാഴ്ച രാവിലെ സർവീസ് റോഡിലൂടെ നടന്നുപോവുകയായിരുന്ന അയനിക്കാട് സ്വദേശി ദേവി (65) വെള്ളക്കെട്ടിലെ കുഴിയിൽവീണ് മുങ്ങി പ്പോവുകയായിരുന്നു. കണ്ണൂർ- കോഴിക്കോട് റൂട്ടിലൂടെ ഓടുന്ന സ്വകാര്യ ബസ് കണ്ടക്ടർ ചാടിയിറങ്ങിയാണ് ഇവരെ രക്ഷപ്പെടുത്തിയത്.ഭാഗ്യംകൊണ്ട് ഇവർ വലിയപരിക്കേൽക്കാതെ രക്ഷപ്പെട്ടു. ഒരാഴ്ചയ്ക്കിടയിൽ ഒട്ടേറെ അപകടമാണ് ഇവിടെ നടന്നത്. 24-ന് ഉച്ചയ്ക്ക് സ്ലാബ് പൊട്ടി സ്വകാര്യബസ് ഓടയിൽ വീണു. ക്രെയിൻ എത്തിച്ചാണ് വാഹനംഉയർത്തിയത്. സർവീസ് റോഡ് പണി തുടങ്ങിയപ്പോൾത്തന്നെ ഇരുപതാം മൈൽസുകാർ അവഗണന നേരിടുകയാണെന്ന് പ്രദേശവാസികൾ പറഞ്ഞു. ബസ് സ്റ്റോപ്പിനോട് ചേർന്ന് ഏകദേശം 100 മീറ്ററോളം ദൂരം വെള്ളത്തിൽമുങ്ങിക്കിടപ്പാണ്. അതുകൊണ്ടുതന്നെ കുഴി എവിടെയാണെന്ന് മനസ്സിലാകാത്ത അവസ്ഥയാണ്. ഒൻപത് ദിവസത്തിനുള്ളിൽ അഞ്ചാമത്തെ അപകടമാണ് ഇവിടെ നടന്നതെന്ന് പ്രദേശവാസികൾ പറഞ്ഞു. അപകടങ്ങൾ തുടർക്കഥയായിട്ടും ഈ ഭാഗത്ത് ഒരു മുന്നറിയിപ്പ് ബോർഡ് വെക്കാൻപോലും അധികൃതർ തയ്യാറായിട്ടില്ല.പലപ്പോഴും പരാതിയുമായി പോകുമ്പോൾ ആളുകളുടെ കണ്ണിൽ പൊടിയിടാൻ ക്വാറിവേസ്റ്റും കൊണ്ടുവന്ന് കുഴിയടയ്ക്കുന്ന പരിപാടിയാണ് ഇവിടെ നടക്കുന്നത്. രണ്ടുദിവസം വെയിലാണെങ്കിൽ സമീപവാസികൾക്ക് പൊടികൊണ്ട് വീട്ടിലിരിക്കാൻ പറ്റാത്ത അവസ്ഥയാണ്. മഴയാകുമ്പോൾ ഡ്രെയ്നേജിലേക്ക് വെള്ളം പോകാതെ റോഡിൽത്തന്നെ കെട്ടിക്കിടക്കുകയാണ്. ഈ ഭാഗത്തെ വെള്ളത്തിന് പുറത്തേക്ക് പോകാൻ യാതൊരു മാർഗവുമില്ലെന്നും ഇപ്പോൾ ഈ ബസ് സ്റ്റോപ്പ് പോലും ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയാണെന്നും സമീപവാസിയായ കാട്ടിൽ ഇസ്മായിൽ പറഞ്ഞു. അതുപോലെ റോഡിന്റെ ഈ അവസ്ഥ കാരണം കൊയിലാണ്ടി നെസ്റ്റിൽ പഠിക്കുന്ന ഭിന്നശേഷിക്കാരിയായ മകളെ അവിടെ എത്തിക്കാനും തിരിച്ചുകൊണ്ടുവരാനും വളരെ പ്രയാസമനുഭവിക്കുന്നുണ്ടെന്ന് പ്രദേശവാസിയായ യൂസഫ് ചങ്ങരോത്ത് പറഞ്ഞു.



# പാസായെന്ന് കരുതി വീടു പൊളിച്ചു, കരാർ വച്ചപ്പോൾ ഗുണഭോക്താവല്ല പെരുവഴിയിലായി ഗോത്രകുടുംബം

**ബാവലി:** രണ്ടു പതിറ്റാണ്ടുമുമ്പ് ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം ലഭിച്ച വീട്ടിലായിരുന്നു ബാവലി ഷാണമംഗലത്തെ അരുപതു പിന്നിട്ട കാളിയും ഭർത്താവ് മല്ലനും കഴിഞ്ഞിരുന്നത്. ഏതുനേരവും തകർന്നു വീഴാറായ വീടിനു ഊന്നുകാലുകൾ കുത്തിയായിരുന്നു രാവും പകലും പേടിയോടെ കഴിഞ്ഞത്. നേരമിരുട്ടിയാൽ കാട്ടാന മുറ്റത്തെത്തും. അടച്ചുറപ്പുള്ള വീടെന്നതായിരുന്നു ഇവരുടെ വർഷങ്ങളായുള്ള സ്വപ്നം. പ്രധാൻമന്ത്രി ആവാസ് യോജന പദ്ധതി പ്രകാരം പുതിയ വീടു പാസായെന്നു കേട്ടപ്പോൾ ആശ്വാസമായിരുന്നു മല്ലനും കാളിക്കും. വീടുപണി തീരുന്നതുവരെ തൊട്ടുമുന്നിലുള്ള മകൾ സബിതയുടെ വീട്ടിൽ താമസിക്കാമെന്നായിരുന്നു കാളി കരുതിയത്. ഇപ്പോൾ പൊളിച്ച വീടിന്റെ തറയിൽ ടാർ പോളിൻ ഷീറ്റുകൊണ്ടു കെട്ടിയ കൂരയ്ക്കുള്ളിലാണ് കാളിയും ഭർത്താവ് മല്ലനും അന്തിയുറങ്ങുന്നത്.വില്ലേജ് എക്റ്റൻഷൻ ഓഫീസറുടേയും അന്വേഷണ റിപ്പോർട്ടും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ജോയിന്റ് ബിഡിഒയുടെ ശുപാർശയുമായി മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലെത്തി അപേക്ഷ നൽകി. ഉടമ്പടി തയ്യാറാക്കാനുള്ള മുദ്രപത്രവും കൈമാറിയിരുന്നു. പിഎംഎവൈ ഗുണഭോക്താവായി അംഗീകരിച്ച് സഹായധനം അനുവദിക്കാൻ ബിഡിഒ ഉത്തരവിട്ടെങ്കിലും സഹായം കിട്ടാതെ പ്രയാസപ്പെട്ടിരിക്കുകയാണ് നിർധനരായ ഗോത്രകുടുംബം. തിരുനെല്ലി ഗ്രാമപ്പഞ്ചായത്ത് വൈസ് പ്രസിഡന്റ് സി.ടി. വത്സലകുമാരിയുടെ വാർഡിലാണ് ഇവർ താമസിക്കുന്നത്. കാളി മല്ലൻ എന്ന പേരിൽ ഷാണമംഗലത്ത് രണ്ടുപേർ ഉള്ളതാണ് തിരിച്ചടിയായത്. രണ്ടു കാളിമാരുടേയും തൊഴിൽകാർഡ് നമ്പർ ഒന്നായാണ് കാണിക്കുന്നത്. മുമ്പ് വീടുലഭിച്ച കാളി മല്ലൻ തന്നെയാണ് പിഎംഎവൈ ഗുണഭോക്തൃലിസ്റ്റിലും ഉൾപ്പെട്ടത്.വീടുണ്ടെന്നു പറഞ്ഞ് ഉള്ള വീടുപൊളിച്ചു മാറ്റിയത് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടേയും തിരുനെല്ലി ഗ്രാമപ്പഞ്ചായത്തിനറേയും വീഴ്ചയാണെന്ന് കാളി മല്ലൻ പറഞ്ഞു. ഇവരുടെ പേരിൽ നടപടി ആവശ്യപ്പെട്ട് കാളി മാനന്തവാടി താലൂക്ക് നിയമസഹായസമിതിയെ സമീപിച്ചിട്ടുണ്ട്. വീടുപൊളിച്ചു മാറ്റാനുള്ള നിർദേശം നൽകിയിരുന്നില്ലെന്നു തിരുനെല്ലി ഗ്രാമപ്പഞ്ചായത്ത് വൈസ് പ്രസിഡന്റും വാർഡംഗവുമായ സി.ടി. വത്സലകുമാരി പറഞ്ഞു. ഉടമ്പടിവെക്കാനുള്ള രേഖകൾ കൊടുത്തിട്ട് മാസങ്ങൾ പിന്നിട്ടിട്ടും സഹായധനം ലഭിക്കാത്തത് അന്വേഷിച്ചപ്പോഴാണ് ഗുണഭോക്താവല്ലെന്ന മറുപടി കാളിക്കു ലഭിച്ചത്. വീടിനായി അപേക്ഷ നൽകിയ കാളി മല്ലന്റെ പേരിൽ പിഎംഎവൈ ആവാസ് സോഫ്റ്റ്വെയറിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നില്ലെന്നു മാനന്തവാടി ബിഡിഒ കെ.കെ. രാജേഷ് പറഞ്ഞു. തൊഴിൽകാർഡ് നമ്പർ നമ്പർ വഴിയാണ് നടപടിക്രമങ്ങൾ തുടങ്ങിയത്. രജിസ്ട്രേഷൻ നടത്താൻ ശ്രമിക്കുന്നതിനിടയിലാണ് ആധാർ നമ്പറിലെ വ്യത്യാസവും കുടുംബവിവരങ്ങളും മാറ്റമുള്ളതായി കണ്ടത്. അതുകൊണ്ടുതന്നെ വീടുപൊളിച്ച കാളി മല്ലനെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നിർവാഹമില്ലാത്ത അവസ്ഥയാണ്. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാൻ സാധിക്കുന്നില്ലെന്ന കാര്യം ബന്ധപ്പെട്ടവരെ അറിയിക്കുമെന്നും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ബിഡിഒ പറഞ്ഞു





# കെഎസ്എഫ്ഇ മാനന്തവാടി ശാഖ വള്ളിയൂർക്കാവ് റോഡിലേക്ക് മാറ്റി

**മാനന്തവാടി:** സെയ്ന്റ് ജോസഫ്സ് ആശുപത്രിക്കു സമീപം പ്രവർത്തിച്ചിരുന്ന കെഎസ്എഫ്ഇ മാനന്തവാടി ശാഖയുടെ പ്രവർത്തനം വള്ളിയൂർക്കാവ് റോഡിലെ ഗോവിന്ദ് ബിൽഡിങിലേക്ക് മാറ്റി. പുതിയ ഓഫീസ് കെഎസ്എഫ്ഇ മാനേജിങ് ഡയറക്ടർ ഡോ. എസ്.കെ. സനിൽ ഉദ്ഘാടനം ചെയ്തു. കോഴിക്കോട് റൂറൽ റീജിയൺ അസി. മാനേജർ അഭിരാംകൃഷ്ണ അധ്യക്ഷത വഹിച്ചു. മാനന്തവാടി ബ്രാഞ്ച് മാനേജർ കെ. സൗമ്യ, അസിസ്റ്റന്റ് മാനേജർ വി.പി. സുധീരൻ, റിട്ട. പ്രധാനാധ്യാപകൻ കെ.എം. വർക്കി, ഡോ. ടി.വി. സുരേന്ദ്രൻ, ജോസ് പോൾ ചിറ്റിലപ്പുള്ളി, ടി.വി. പ്രദീപകുമാർ എന്നിവർ സംസാരിച്ചു.



# തിരുനെല്ലിക്ഷേത്രത്തിൽ പുത്തരി ഉത്സവം

തിരുനെല്ലി : തിരുനെല്ലി ദേശത്ത് ആദ്യമായി വിളഞ്ഞ നെൽക്കതിർ ഭഗവാന് സമർപ്പിക്കുക എന്നതാണ് ചടങ്ങ്. അതിനായി തലേ ദിവസം തന്നെ പ്രധാന ഉപക്ഷേത്രമായ ആക്കൊല്ലി അമ്മക്കാവ് പരിസരത്തു നിന്ന് അവകാശികൾ ശേഖരിച്ച് നെൽക്കതിർ കറ്റകളാക്കി പ്രതേക ചടങ്ങായി വാദ്യഘോഷങ്ങളോട് കൂടി ക്ഷേത്രജീവനക്കാർ ഏറ്റുവാങ്ങുകയും ദൈവത്താർ മണ്ഡപത്തിൽ എത്തിക്കുകയും ചെയ്യുന്നു. പുത്തരി ദിവസം വാദ്യഘോഷത്തോട് കൂടി നെൽക്കതിർ ക്ഷേത്രത്തിലെത്തിച് ക്ഷേത്ര മേൽശാന്തി കതിർ പൂജ നടത്തി ഭക്തജനങ്ങൾക്ക് കതിർ വിതരണം ചെയ്യും അന്നേദിവസം പുത്തരി സദ്യ ഉണ്ടായിരിക്കും

# സമ്പൂർണ്ണ ഹരിത ഗ്രന്ഥശാല പ്രഖ്യാപനം

**മാനന്തവാടി:** ഹരിതകേരള മിഷന്റെയും ജില്ലാ ലൈബ്രറി കൗൺസിലിന്റെയും നേതൃത്വത്തിൽ ഹരിത ഗ്രന്ഥശാല ക്യാമ്പയിന്റെ ഭാഗമായി മാനന്തവാടി താലൂക്കിലെ മുഴുവൻ ഗ്രന്ഥശാലകളും ഹരിത ഗ്രന്ഥശാലകളായി പ്രഖ്യാപിച്ചു. മാനന്തവാടി ബ്ലോക്ക്പഞ്ചായത്ത് പ്രസിഡന്റ് ജസ്റ്റിൻ ബേബി ഹരിത ഗ്രന്ഥശാല പ്രഖ്യാപനം നടത്തി. മാനന്തവാടി താലൂക്കിലെ 82 ഗ്രന്ഥശാലകളാണ് ഹരിതഗ്രന്ഥശാല പദവി നേടിയത്. ഗ്രന്ഥശാല പ്രവർത്തനങ്ങളിലെ ഹരിതചട്ട പാലനം, ജൈവ-അജൈവ മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം, ബിന്നുകൾ സ്ഥാപിക്കൽ, പുനരുപയോഗിക്കാൻ കഴിയുന്ന പാത്രങ്ങളുടെ ഉപയോഗം, അജൈവ പാഴ്വസ്തുക്കളുടെ ശേഖരണവും ഹരിതകർമസേനക്ക് കൈമാറലും ദ്രവമാലിന്യ സംസ്കരണം, ശുചിമുറി, പൊതുശുചിത്വം, പച്ചക്കറി-പൂന്തോട്ടം സ്ഥാപിക്കൽ, ഊർജ്ജ സംരക്ഷണം തുടങ്ങിയ ഘടകങ്ങൾ വിലയിരുത്തിയാണ് ഹരിത ഗ്രന്ഥശാല പ്രഖ്യാപനം നടത്തിയത്.




ക്യാമ്പയിന്റെ ഭാഗമായി ജില്ലാ-താലൂക്ക്തലത്തിൽ വിവിധ ഘട്ടങ്ങളിലായി ശില്പശാലകൾ സംഘടിപ്പിച്ച് തദ്ദേശ നേതൃസമിതി അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകി. ഹരിത കേരളം മിഷൻ തയ്യാറാക്കിയ വിലയിരുത്തൽ ഫോറത്തിന്റെ അടിസ്ഥാനത്തിൽ മിഷൻ റിസോഴ്സ് പേഴ്സൺമാർ, നേതൃസമിതി അംഗങ്ങൾ ഗ്രന്ഥശാലകൾ സന്ദർശിച്ച് നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധന നടത്തിയാണ് ഹരിത ഗ്രന്ഥശാല പദവി നൽകിയത്. ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി പി.കെ സുധീർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. നവകേരളം കർമ്മപദ്ധതി ജില്ലാ കോ-ഓർഡിനേറ്റർ ഇ സുരേഷ് ബാബു, താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി പി സുരേഷ് ബാബു, താലൂക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം കെ.വി സുരേന്ദ്രൻ, സംസ്ഥാന ലൈബ്രറി കൗൺസിൽ അംഗം പി.ടി സുഗതൻ, ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ഷാജൻ ജോസ്, താലൂക്ക് ജോയിന്റ് സെക്രട്ടറി പി.ടി സുഭാഷ്, താലൂക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം എം സദാനന്ദൻ, താലൂക്ക് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ടി.ടി വസന്ത കൃഷ്ണൻ, പി ഇബ്രാഹിം, വിശാന്ത എന്നിവർ സംസാരിച്ചു.

# വികസന നേട്ടങ്ങൾ അവതരിപ്പിച്ച് മീനങ്ങാടി ഗ്രാമ പഞ്ചായത്ത് വികസന സദസ്

**മീനങ്ങാടി :**വികസന നേട്ടങ്ങൾ അവതരിപ്പിച്ച് മീനങ്ങാടി ഗ്രാമപഞ്ചായത്ത് വികസന സദസ്. ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന പരിപാടി സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി അസൈനാർ ഉദ്ഘാടനം ചെയ്തു. ജനാധിപത്യ മൂല്യങ്ങൾ പരിപാലിക്കുന്ന ഭരണ സംവിധാനമാണ് സംസ്ഥാന സർക്കാർ നടപ്പാക്കുന്നതെന്നും വികസന പ്രക്രിയയിൽ ജനങ്ങളുടെ സജീവ പങ്കാളിത്തം സർക്കാർ ഉറപ്പാക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് ജില്ലാ പഞ്ചായത്ത് അംഗം സിന്ധു ശ്രീധരൻ സുൽത്താൻബത്തേരി ബ്ലോക്ക് പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ലതാ ശശിക്ക് കൈമാറി പ്രകാശനം ചെയ്തു. ലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി 327 കുടുംബങ്ങൾക്ക് ഭവന നിർമ്മാണം പൂർത്തിയാക്കി. തനത് പദ്ധതികളായി ഓക്സിജൻ പാർക്ക്, മണിവയൽ പച്ചതുരുത്ത്, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിച്ച് ആടിൻകൂട്, തൊഴുത്ത്, കോഴികൂട് നിർമ്മാണം തുടങ്ങിയവ നടപ്പാക്കി. കൂടാതെ, ഉണരാം ഉയരാം പദ്ധതിയിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വിതരണം ചെയ്തു. ആയുർ ആരോഗ്യം, മെൻസ്ട്രൽ കപ്പ് വിതരണം, സമഗ്ര വയോജന ആരോഗ്യ പദ്ധതി, ഇ-ഗുരുകുലം, ബേബി ഹെൽത്ത് ഷോ, വന്ദനം വയോജനക്ഷേമ പദ്ധതി, കെയർ ഫോർ ലൗ സെർവിക്കൽ ക്യാൻസർ, ഗ്രീൻസ് കഫെറ്റീരിയ, സുഗതകുമാരി സ്മൃതിവനം, ആരോഗ്യ പോഷണം പദ്ധതി, ഓഗ്മെന്റഡ് വെതർ സ്റ്റേഷൻ, അഗ്രോ റൂട്ട് പദ്ധതി, ക്ലീൻ ആൻഡ് ഗ്രീൻ മീനങ്ങാടി തുടങ്ങി നിരവധി നൂതനാശയങ്ങൾ പഞ്ചായത്ത് വിജയകരമായി നടപ്പാക്കി.മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ വ്യാപാര സമുച്ചയം യാഥാർഥ്യമാക്കണമെന്ന ആവശ്യം ഓപ്പൺ ഫോറത്തിൽ ചർച്ചയായി. സമ്പൂർണ്ണ ശുചിത്വം കൈവരിക്കാൻ മാലിന്യ പരിപാലന പദ്ധതി ആവിഷ്ക്കരിക്കണമെന്നും കാർഷിക മേഖലയിൽ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാൻ ആവശ്യമായ പദ്ധതികൾ രൂപീകരിക്കണമെന്നും പ്രതിനിധികൾ നിർദ്ദേശിച്ചു. പരിസ്ഥിതി സൗഹൃദ വികസന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകണമെന്ന ആവശ്യവും ഉയർന്നു.

മീനങ്ങാടി ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ പി വാസുദേവൻ അധ്യക്ഷനായ പരിപാടിയിൽ ജില്ലാ പഞ്ചായത്ത് അംഗം സിന്ധു ശ്രീധരൻ, സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് വികസനകാര്യ സ്റ്റാന്റിങ് കമ്മിറ്റി ചെയർപേഴ്സൺ ലത ശശി, മീനങ്ങാടി ഗ്രാമ പഞ്ചായത്ത് അംഗം പി.വി വേണുഗോപാൽ, ആസൂത്രണ സമിതി വൈസ് ചെയർമാൻ ബാവ പാലക്കുന്ന്, ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി രാജേന്ദ്രൻ പിള്ള, ജനപ്രതിനിധികൾ, പൊതുജനങ്ങൾ എന്നിവർ പങ്കെടുത്തു.

# സർക്കാരും ജനങ്ങളും ചേരുമ്പോൾ വികസനം സാധ്യമാകും; സ്പീക്കർ



**കണ്ണൂർ:** സർക്കാരും ജനങ്ങളും ഒരുപോലെ ചേർന്ന് പ്രവർത്തിക്കുമ്പോഴാണ് വികസനം എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ സാധിക്കുകയെന്ന് നിയമസഭാ സ്പീക്കർ അഡ്വ എ.എൻ ഷംസീർ പറഞ്ഞു. എരഞ്ഞോളി ഗ്രാമപഞ്ചായത്ത് കെട്ടിടനിർമ്മാണ ശിലസ്ഥാപനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. തലശ്ശേരി മണ്ഡലത്തിലെ എല്ലാ പഞ്ചായത്തിലും ജനപങ്കാളിത്തത്തോടെ വികസനങ്ങൾ സാധ്യമാക്കാൻ സാധിച്ചിട്ടുണ്ടെന്നും ആധുനിക കാലത്തെ വെല്ലുവിളികൾ കൂടി നേരിടാൻ സാധിക്കുന്ന രീതിയിലായിരിക്കണം പഞ്ചായത്തിന്റെ നിർമ്മാണ പ്രവൃത്തിയെന്നും സ്പീക്കർ പറഞ്ഞു.അഡ്വ എ.എൻ ഷംസീർ എം എൽ എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും രണ്ട് കോടി രൂപയും ജനകീയ പങ്കാളിത്തത്തോടെ സ്വരൂപിച്ച 50,8865 രൂപയും ഉപയോഗിച്ചാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത്. എരഞ്ഞോളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.പി ശ്രീഷ അധ്യക്ഷയായി. തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് വസന്തൻ മാസ്റ്റർ, എരഞ്ഞോളി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പി വിജു, തലശ്ശേരി ബ്ലോക്ക് വികസന കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ കെ.ഡി മഞ്ജുഷ, പഞ്ചായത്ത് ആസൂത്രണ സമിതി ഉപാധ്യക്ഷ എ.കെ രമ്യ, വാർഡ് അംഗങ്ങളായ എം ബാലൻ, പി പ്രീത, പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി എം പി സാരജൻ, പി പ്രസന്നൻ, കരിമ്പിൽ രാംദാസ്, ടി.പി ശ്രീധരൻ, സജീവ് മാറോളി, ടി ഷെഫീർ, വി.വി രജീഷ് തുടങ്ങിയവർ പങ്കെടുത്തു.

## കേരള ക്ഷേത്രകലാ അക്കാദമി അവാർഡ് ദാനം 30ന്

**കണ്ണൂർ:** കേരള ക്ഷേത്രകലാ അക്കാദമിയുടെ 2023-24 വർഷത്തെ അവാർഡ് വിതരണം ഒക്ടോബർ 30 ന് (വ്യാഴാഴ്ച) ഉച്ച 2.30 ന് എരിപുരം മാടായി ബാങ്ക് ഓഡിറ്റോറിയത്തിൽ സഹകരണം, തുറമുഖം, ദേവസ്വം വകുപ്പ് മന്ത്രി വി.എൻ. വാസവൻ ഉദ്ഘാടനം ചെയ്യും. എം. വിജിൻ എംഎൽഎ അധ്യക്ഷനാവും. 52 കലാകാരൻമാരെയാണ് പുരസ്കാരങ്ങൾ നൽകി ആദരിക്കുന്നത്. ഒരു ക്ഷേത്ര കലാശ്രീ പുരസ്കാരം, രണ്ട് ക്ഷേത്രകലാ ഫെല്ലോഷിപ്പ്, ഇരുപത്തിയേഴ് ക്ഷേത്രകലാ അവാർഡ്, 12 ഗുരുപൂജാ പുരസ്കാരം, ആറ് ക്ഷേത്ര കലാമൃതം പുരസ്കാരം, നാല് യുവപ്രതിഭാ പുരസ്കാരം എന്നിവയാണവ. പ്രമുഖ ഗാനരചയിതാവ് ശ്രീകുമാരൻ തമ്പി, പ്രശസ്ത നങ്ങ്യാർകൂത്ത് കലാകാരി ഉഷ നങ്ങ്യാർ, നർത്തകിയും അഭിനേത്രിയുമായ നിഖില വിമൽ എന്നിവർ ആദരിക്കപ്പെടുന്നവരിൽ ചിലരാണ്. രാവിലെ 9.30ന് അക്കാദമിയിൽ നിന്നും പരിശീലനം പൂർത്തീകരിച്ച വിദ്യാർഥികളുടെ ചുമർചിത്ര പ്രദർശനം- ഉൻമീലനം 25 ഗോവിന്ദൻ കണ്ണപുരം ഉദ്ഘാടനം ചെയ്യും. 11.30ന് മിഴാവിൽ ഇരട്ടതായമ്പക (കലാമണ്ഡലം വിജയ്, കലാമണ്ഡലം രാഹുൽ), ഉച്ച് ഒരു മണിക്ക് ഡോ. എൻ സുമിത നായരുടെ മോഹിനിയാട്ടം, 1.30 ന് വിജിൻകാന്ത് വയലപ്രയുടെ നേതൃത്വത്തിൽ 'കേളി' എന്നിവയുണ്ടാകും. തുടർന്ന് ഉച്ചയ്ക്കുശേഷം 2.30 ന് അവാർഡ് ദാന പരിപാടി. ക്ഷേത്രകലാ അക്കാദമി ചെയർമാൻ കാഞ്ഞങ്ങാട് രാമചന്ദ്രൻ ആമുഖഭാഷണം നടത്തും.

## റിമൈൻഡർ നോട്ടീസ് അന്വേഷണം പൂർത്തിയാക്കാൻ: റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസ്

**കൊട്ടിയൂർ :**പന്നിയാംമലയിൽ കടുവ കെണിയിൽ കുടുങ്ങിയ സംഭവത്തിൽ രേഖകൾ ഹാജരാക്കാൻ സ്ഥലമുടമയ്ക്ക് നോട്ടീസ് നൽകിയത് നോട്ടീസ് ആരെയും പ്രതിചേർക്കാനോ പ്രകോപനം സൃഷ്ടിക്കാനോ വേണ്ടിയല്ലെന്ന് കൊട്ടിയൂർ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ അറിയിച്ചു.കടുവ കുടുങ്ങിയ സ്ഥലം ഔദ്യോഗികമായി രേഖപ്പെടുത്തുന്നതോടൊപ്പം സ്ഥലമുടമയുടെ മൊഴി രേഖപ്പെടുത്തി അന്വേഷണം പൂർത്തിയാക്കുന്നതിനാണ് റിമൈൻഡർ നോട്ടീസ് നൽകിയത്. കേസ് നിയമപരമായി അവസാനിപ്പിക്കാനുള്ള നടപടിക്രമമാണിത്. കടുവ കുടുങ്ങിയ സ്ഥലത്തിന്റെ സർവെ നമ്പറും സ്കെച്ചും കൈവശ സർട്ടിഫിക്കറ്റും കോടതിയിൽ സമർപ്പിക്കേണ്ടത് നിയമപരമായ നിബന്ധനയാണ്. ഫെബ്രുവരി മാസം നൽകിയ അപേക്ഷയ്ക്ക് മറുപടി ലഭിക്കാത്തതിനാലാണ് റിമൈൻഡർ നോട്ടീസ് നൽകിയതെന്നും അറിയിച്ചു.

## കടുവ കമ്പിവേലിയിൽ കുടുങ്ങിയതിന് സ്ഥലമുടമയ്ക്ക് നോട്ടീസ് വനംവകുപ്പിനെതിരെ കൊട്ടിയൂരിൽ പ്രതിഷേധം

**കൊട്ടിയൂർ:** കഴിഞ്ഞ വർഷം പന്നിയാംമലയിലെ കൃഷിയിടത്തിലെ മുള്ളു കമ്പിവേലിയിൽ കടുവ കുടുങ്ങിയ സംഭവത്തിൽ നോട്ടീസ് അയച്ച വനംവകുപ്പിന്റെ നടപടി വിവാദത്തിൽ. സ്ഥലത്തിന്റെ വിവരങ്ങളും രേഖകളും കൈമാറണമെന്ന് ആവശ്യപ്പെട്ട് കൊട്ടിയൂർ വില്ലേജ് ഓഫീസർക്കാണ് കൊട്ടിയൂർ റേഞ്ച് ഓഫീസറുടെ നോട്ടീസ് ലഭിച്ചത്. സ്ഥലത്തിന്റെ സ്കെച്ച്, സർവേ നമ്പർ, കൈവശരേഖകൾ എന്നിവ നൽകണമെന്നാണ് റേഞ്ച് ഓഫീസർ ആവശ്യപ്പെട്ടത്.കോടതിയിൽ ഹാജരാക്കുന്നതിന് വേണ്ടി ഈ രേഖകൾ മുമ്പും ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ലെന്ന് റേഞ്ച് ഓഫീസർ അയച്ച നോട്ടീസിൽ പറയുന്നുണ്ട്. വേഗത്തിൽ രേഖകൾ ലഭ്യമാക്കണമെന്നാണ് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നത്. പന്നിയാംമല ഉന്നതി റോഡരികിൽ 2024 ഫെബ്രുവരി 13ന് രാവിലെയാണ് കടുവയെ കമ്പിവേലിയിൽ കുടുങ്ങിയ നിലയിൽ കണ്ടെത്തിയത്. മയക്കുവെടി വച്ച് പിടികൂടി തൃശൂർ മൃഗശാലയിലേക്ക് കൊണ്ടുപോകും വഴി കടവു ചത്തിരുന്നു.കടുവ കുടുങ്ങിയത് സംബന്ധിച്ച് വനംവകുപ്പ് കേസെടുത്ത് അന്വേഷണ നടത്തിയിരുന്നു. സ്ഥലം ഉടമയ്ക്കെതിരേ കേസെടുക്കുന്നുവെന്നാരോപിച്ച് അന്ന് നാട്ടുകാരും കർഷകരും ശക്തമായ പ്രതിഷേധമുയർത്തിയതാണ്. തുടർ നടപടികളില്ലാത്ത സാഹചര്യത്തിൽ വിഷയം അവസാനിച്ചുവെന്ന് കരുതിയിരിക്കുമ്പോഴാണ് വനംവകുപ്പിന്റെ നോട്ടീസ് വീണ്ടുമെത്തിയത്.കടുവ കമ്പിവേലിയിൽ കുടുങ്ങിയ സംഭവത്തിൽ സ്ഥലം ഉടമയ്ക്കോ കർഷകർക്കോ എതിരെ നിയമനടപടി ഉണ്ടായാൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് നാട്ടിൽ നടക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാകുമെന്നാണ് കൊട്ടിയൂർ പഞ്ചായത്ത് പ്രസിഡന്റ് റോയ് നമ്പുടാകം പ്രതികരിച്ചത്.. കൃഷിയിടം സംരക്ഷിക്കേണ്ടത് കർഷകന്റെ ആവശ്യമാണ്. വന്യജീവികളെ കാട്ടിൽ സംരക്ഷിച്ചു നിർത്താനാണ് വനം വകുപ്പിനെ നിയോഗിച്ചിട്ടുള്ളത്. അവ കൃഷിയിടത്തിൽ ഇറങ്ങാതെ തടയേണ്ടത് വനംവകുപ്പിന്റെ ചുമതലയാണ്. കേസ് എടുത്തിട്ടുണ്ടെങ്കിൽ അത് ഒഴിവാക്കണമെന്നും പ്രസിഡന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.അതെ സമയം കടുവ കെണിയിൽ കുടുങ്ങിയ സംഭവത്തിൽ രേഖകൾ ഹാജരാക്കാൻ സ്ഥലമുടമയ്ക്ക് നോട്ടീസ് നൽകിയത് നോട്ടീസ് ആരെയും പ്രതിചേർക്കാനോ പ്രകോപനം സൃഷ്ടിക്കാനോ വേണ്ടിയല്ലെന്ന് കൊട്ടിയൂർ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ അറിയിച്ചു.കടുവ കുടുങ്ങിയ സ്ഥലം ഔദ്യോഗികമായി രേഖപ്പെടുത്തുന്നതോടൊപ്പം സ്ഥലമുടമയുടെ മൊഴി രേഖപ്പെടുത്തി അന്വേഷണം പൂർത്തിയാക്കുന്നതിനാണ് റിമൈൻഡർ നോട്ടീസ് നൽകിയത്. കേസ് നിയമപരമായി അവസാനിപ്പിക്കാനുള്ള നടപടിക്രമമാണിതെന്നും റേഞ്ച് ഓഫീസർ അറിയിച്ചു.

## ആർദ്രകേരളം പുരസ്കാരം ഏറ്റുവാങ്ങി കണ്ണൂർ ജില്ലാപഞ്ചായത്ത്

**കണ്ണൂർ:** ആരോഗ്യമേഖലയിൽ നടത്തിയ മികച്ച പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാന സർക്കാരിന്റെ ആർദ്രകേരളം പുരസ്കാരം കണ്ണൂർ ജില്ലാ പഞ്ചായത്ത് ഏറ്റുവാങ്ങി. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ബിനോയ് കുര്യന് പുരസ്കാരം കൈമാറി. 2022-23 വർഷത്തിൽ സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനവും 2023-24 വർഷത്തിൽ മൂന്നാം സ്ഥാനവുമാണ് കണ്ണൂർ ജില്ലാപഞ്ചായത്ത് നേടിയത്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ എൻ.വി ശ്രീജിനി, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ യു. പി. ശോഭ, ജില്ലാ പഞ്ചായത്ത് അംഗം സിപി ഷിജു, എൻ എച്ച് എം പ്രോഗ്രാം മാനേജർ ഡോ. അനിൽകുമാർ എന്നിവർ പങ്കെടുത്തു.



## ഇരിക്കൂർ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ നവീകരിച്ച ഓഡിറ്റോറിയം ഉദ്ഘാടനം ചെയ്തു

**ഇരിക്കൂർ** ഗവ. ഹയർസെക്കൻഡറി സ്കൂളിൽ നവീകരിച്ച ഓഡിറ്റോറിയം, ചുറ്റുമതിൽ എന്നിവയുടെ ഉദ്ഘാടനം ജില്ലാപഞ്ചായത്ത് അംഗം എൻ.പി ശ്രീധരൻ നിർവഹിച്ചു. ഇരിക്കൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.പി ഫാത്തിമ അധ്യക്ഷയായി. ജില്ലാപഞ്ചായത്ത്, എസ് എസ് കെ എന്നിവയുടെ ഫണ്ട് വിനിയോഗിച്ചാണ് നിർമാണ പ്രവൃത്തികൾ പൂർത്തീകരിച്ചത്. ഗുരു ജ്യോതി സംസ്ഥാന അധ്യാപക പുരസ്കാര ജേതാവ് കെ.പി സുനിൽ കുമാർ, സംസ്ഥാന ഇൻക്ലൂസീവ് കായികമേളയിൽ മികച്ച പ്രകടനം കാഴ്ചവെച്ച നശ്വ ഷറഫുദ്ദീൻ എന്നിവരെ പരിപാടിയിൽ ആദരിച്ചു.സമഗ്രശിക്ഷാ കേരളം ഡിപിസി ഇ.സി വിനോദ് പദ്ധതി വിശദീകരിച്ചു. ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ സുലേഖ ടീച്ചർ, സ്കൂൾ പ്രിൻസിപ്പൽ സിറീന, പ്രധാനധ്യാപകൻ പി.പി അഷറഫ്, കെ.ടി നസീർ, എം.കെ ഉണ്ണികൃഷ്ണൻ, സഹീദ് കീത്തടത്ത്, എം.പി ജലീൽ, നൂർജഹാൻ, സി രാജീവൻ, ഷുഐബ്, എ.സി റുബീന എന്നിവർ സംസാരിച്ചു.

# ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണങ്ങൾ വിതരണം ചെയ്തു

**കണ്ണൂർ:** ജില്ലാ ഭരണകൂടം, തദ്ദേശ സ്വയംഭരണ വകുപ്പ്, തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, ഇരിട്ടി ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ സാമൂഹ്യനീതി വകുപ്പ്, തലശ്ശേരി നഗരസഭ, മട്ടന്നൂർ നഗരസഭ, അലിംകോ, എൻ എസ് ഐ എൽ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഭിന്നശേഷി വിഭാഗക്കാർക്കുള്ള സഹായ ഉപകരണങ്ങളുടെ വിതരണോദ്ഘാടനം ജില്ലാ കലക്ടർ അരുൺ കെ വിജയൻ നിർവഹിച്ചു. ജില്ലയിൽ അഞ്ചിടങ്ങളിലായി നടത്തിയ ഭിന്നശേഷി നിർണയ ക്യാമ്പിൽ നിന്നും തെരഞ്ഞെടുത്തവർക്ക് 240 സഹായ ഉപകരണങ്ങളാണ് വിതരണം ചെയ്യുന്നത്. കേന്ദ്രസർക്കാർ അംഗീകൃത സ്ഥാപനമായ അലിംകോ മുഖേനെ ന്യൂ സ്പേസ് ഇന്ത്യ ലിമിറ്റഡ് കമ്പനിയുടെ സി എസ് ആർ ഫണ്ട് ഉപയോഗിച്ചാണ് ഉപകരണങ്ങൾ വിതരണം ചെയ്തത്. തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, തലശ്ശേരി നഗരസഭ പരിധികളിലെ വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും എ.ഡി.ഐ.പി /ആർ.വി.വൈ പദ്ധതി മുഖേന നടത്തിയ ഭിന്നശേഷി നിർണയ ക്യാമ്പ് വഴി തെരഞ്ഞെടുത്ത 104 പേർക്കാണ് ഉപകരണങ്ങൾ നൽകിയത്. മോട്ടോർ ഘടിപ്പിച്ച മുച്ചക്ര വാഹനം, ജോയ്സ്റ്റിക്ക് വീൽ ചെയർ, വീൽചെയർ, വാക്കർ, വാക്കിംഗ് സ്റ്റിക്ക്, ടി എൽ എം കിറ്റ്, ശ്രവണ സഹായി, ടെട്രാപോഡ്, സി പി ചെയർ തുടങ്ങിയ ഉപകരണങ്ങളാണ് വിതരണം ചെയ്തത്.തലശ്ശേരി ടൗൺ ഹാളിൽ നടന്ന പരിപാടിയിൽ നഗരസഭ ചെയർപേഴ്സൺ കെ.എം ജമുനാറാണി ടീച്ചർ അധ്യക്ഷയായി. അസിസ്റ്റന്റ് കലക്ടർ എഹ്തെദ മുഫസിർ, തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.പി അനിത എന്നിവർ മുഖ്യാതിഥികളായി. അലിംകോ മാനേജർ ലിറ്റിൻ സർക്കാർ റിപ്പോർട്ട് അവതരിപ്പിച്ചു. ബ്ലോക്ക് പഞ്ചായത്ത് ക്ഷേമ കാര്യസ്ഥിരം സമിതി അധ്യക്ഷ രജിത പ്രദീപ്, നഗരസഭ വാർഡ് കൗൺസിലർ റാഷിത ടീച്ചർ, ജില്ലാ സാമൂഹ്യ നീതി ഓഫീസർ പി ബിജു, കെഎസ്എസ്എം ജില്ലാ കോ ഓർഡിനേറ്റർ കെ അനീഷ്, എൻ എസ് ഐ എൽ പ്രോസ്തറ്റീഷ്യൻ ശിൽപ, വയോമിത്രം കോ ഓർഡിനേറ്റർ സന്ധ്യ സന്തോഷ്, പേരാവൂർ താലൂക്ക് ആശുപത്രി ഓഡിയോളജിസ്റ്റ് സി.കെ ഹരിത എന്നിവർ സംസാരിച്ചു.കൃഷ്ണ മേനോൻ സ്മാരക ഗവ. വനിതാ കോളേജിൽ ഭിന്നശേഷി വിഭാഗക്കാർക്കുള്ള സഹായ ഉപകരണ വിതരണം കെ.വി സുമേഷ് എം എൽ എ ഉദ്ഘാടനം ചെയ്തു. കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ കോർപറേഷൻ പരിധിയിലെ വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും എ.ഡി.ഐ.പി /ആർ.വി.വൈ പദ്ധതി മുഖേന നടത്തിയ ഭിന്നശേഷി നിർണയ ക്യാമ്പ് വഴി തെരഞ്ഞെടുത്ത 40 പേർക്കാണ് ഉപകരണങ്ങൾ നൽകിയത്.കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.സി ജിഷ അധ്യക്ഷയായി. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അബ്ദുൾ നാസർ വായിപ്പറമ്പ്, ചിറക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി ശ്രുതി, വളപട്ടണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി പി ഷമീമ, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.വി സുശീല, എച്ച് എസ് ഇൻ ചാർജ് വി ബാബുരാജ്, സാമൂഹ്യ നീതി ഓഫീസർ പി ബിജു, എൻഎസ്എസ് ജില്ലാ കോ ഓർഡിനേറ്റർ കെ.പി നിധീഷ്, കെഎസ്എസ്എം ജില്ലാ കോ ഓർഡിനേറ്റർ കെ അനീഷ്, അലിംകോ മാനേജർ ലിറ്റിൻ സർക്കാർ, എൻ എസ് ഐ എൽ പ്രതിനിധി ശിൽപ എന്നിവർ സംസാരിച്ചു.



# വികസന നേട്ടങ്ങളുമായി കാസർകോട് ജില്ല പഞ്ചായത്ത്

**കാസർകോട് :**വികസനരംഗത്ത് നിരവധി ഇടപെടലുകൾക്ക് സാധ്യതയുള്ള ജില്ലയാണ് കാസർകോട്. സാമൂഹിക വികസന സൂചികകളിൽ മുന്നിൽ നിൽക്കുന്നുവെങ്കിലും അടിസ്ഥാന വികസന കാര്യങ്ങളിലുള്ള വിടവുകൾ പരിഹരിക്കാൻ നിർണ്ണായക ശ്രമങ്ങളാണ് 2020 മുതൽ ജില്ല പഞ്ചായത്ത് ഏറ്റെടുത്തത്. വിജ്ഞാന സമ്പദ് വ്യവസ്ഥയെ മെച്ചപ്പെടുത്തി വിധത്തിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ചു നിക്ഷേപ, സംരംഭ സൗഹൃദമാക്കാനുള്ള ശ്രമങ്ങളാണ് ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിലും ജില്ലാ ആസൂത്രണ സമിതിയുടെ മേൽനോട്ടത്തിലും നടന്നത്.കർമ്മ പദ്ധതികൾ തയ്യാറാക്കി ജില്ലയെ അതി ദരിദ്ര അതിദരിദ്ര്യ മുക്തമാക്കി. ജില്ലയിലെ ജലലഭ്യതയും ആവശ്യകതയും തമ്മിലുള്ള വ്യതാസം രാജ്യത്ത് ആദ്യമായി മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ജലബജറ്റ് തയ്യാറാക്കിയത് കാസർകോടാണ്. ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ ജില്ലാ ജലബജറ്റും ജല സുരക്ഷാ പ്ലാനും തയ്യാറാക്കി സമർപ്പിച്ചു. ജില്ലയിൽ 2.08 ലക്ഷം മെട്രിക ടൺ പാൽ ഉത്പാദിപ്പിക്കുന്നു. ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, പ്രവാസി സംരംഭക ഗ്രൂപ്പുകൾ മിനി ഡയറി ഫാം, ക്ഷീരസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് എന്നി പ്രോജക്റ്റുകൾക്ക് പ്രാധാന്യം നൽകി.മൃഗ സംരക്ഷണ മേഖലയിൽ എ.ബി.സി പദ്ധതി, ജില്ലാ വെറ്ററിനറി കേന്ദ്രത്തിലേക്ക് അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കൽ എന്നിവയ്ക നേതൃത്വം നൽകി. മത്സ്യ മേഖലയിൽ ഫൈബർ വള്ളം, വല, ഗിൽനെറ്റ്, മത്സ്യകുഞ്ഞ് നിക്ഷേപം തുടങ്ങിയ പദ്ധതികൾ നടപ്പാക്കി. മണ്ണ് സംരക്ഷണ രംഗത്ത് ജലജീവനം, വിസിബി കുളം നിർമ്മാണം, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കി മാതൃക കാട്ടി. 13 ലക്ഷം മാത്രം ജനസംഖ്യയുള്ള ജില്ലയിലൂടെ ഭൂവിസ്തൃതിയുടെ മൂന്നിലൊന്ന് ഭാഗം കൃഷിക്കായി ഉപയോഗിക്കുന്നു. കൃഷി ഫാമുകളുടെ സംരക്ഷണത്തോടെ ഉത്പാദനക്ഷമതയും കാർഷികോല്പാദനവും വർദ്ധിപ്പിക്കുന്ന സവിശേഷ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. മണ്ണറിഞ്ഞ് കൃഷി ചെയ്യാൻ കർഷകരെ പര്യാപ്തമാക്കാനും തരിശുഭൂമി കൃഷിയുക്തമാക്കാനും, പച്ചക്കറി വികസനത്തിനും, നെൽകൃഷി വ്യാപനത്തിലും, മില്ലറ്റ് കൃഷി വ്യാപനത്തിനും പദ്ധതികൾ തയ്യാറാക്കി വിജയിപ്പിച്ചു. ക്ഷീര വികസന മേഖലയിൽ സംസ്ഥാന സർക്കിനോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്നു.ജില്ലാ ആശുപത്രികളുടെയും അടിസ്ഥാന സൗകര്യ വികസനത്തിനോടൊപ്പം രോഗി സൗഹൃദമാക്കുന്നതിനും ദൈനംദിന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പദ്ധതികൾ തയ്യാറാക്കി. ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 84 വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വികസനം, കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 62 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. എസ്.എസ്.എൽ.സി വിജയശതമാനം ഉയർത്താൻ പദ്ധതി സ്മാർട്ട് ക്ലാസ് വിതരണം.ശുദ്ധജല വിതരണം ഉറപ്പാക്കാൻ ആർ.ഒ. പ്ലാന്റുകൾ, സ്റ്റീം കുക്കർ ഉൾപ്പെടുത്തിയുള്ള അടുക്കളകൾ, സോളാർ, കളിസ്ഥലം, എന്നിവയിലൂടെ വിദ്യാലയങ്ങൾ ഹരിത വിദ്യാലയങ്ങൾ ആക്കി.. സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച ആദ്യ ജില്ലയായി മാറാൻ കഴിഞ്ഞു. സാക്ഷരതാ മിഷന്റെ ഇടപെടലിലൂടെ തുല്യത മികച്ച നിലയിൽ മുന്നോട്ടുപോകുന്നു. തുല്യതാ പാഠപുസ്തകങ്ങൾ, കന്നട ഭാഷയിലേക്ക് തർജ്ജമ ചെയ്തു കാഴ്ച പരിമിതി ഉള്ളവർക്ക് ബ്രയിൽ സാക്ഷരത പദ്ധതിയും നടപ്പിലാക്കി. പട്ടികജാതി പട്ടികവർഗ്ഗ ഉന്നതികളുടെ സമഗ്ര വികസനത്തിനാണ് സവിശേഷത ശ്രദ്ധ നൽകി. വ്യവസായ പാർക്ക് മെച്ചപ്പെടുത്തി. ഓക്സിജൻ പ്ലാന്റ് സ്ഥാപിച്ചു. അസാപ്പ് കമ്മ്യൂണിറ്റി സ്കിൽ പാർക്കുമായി സഹകരിച്ച് പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.ബേക്കൽ ടൂറിസം കാർണിവൽ സംഘടിപ്പിച്ചു. ഖാദി കേന്ദ്രങ്ങൾക്ക് അടിസ്ഥാന സൌകര്യം ഒരുക്കി. ജില്ല ജൈവവൈവിധ്യ പരിപാലന സമിതിക്ക് സംസ്ഥാന അവാർഡ് ലഭിച്ചു. ജില്ലയുടെ തനത് പക്ഷി, ജീവി, പൂവ്, മരം എന്നിവ പ്രഖ്യാപിച്ചു. കാർഷിക രംഗത്ത് കാസർകോട് തനതു തെങ്ങും വളർത്തു മൃഗവും പ്രഖ്യാപിച്ചു. പ്രകൃതി സംരക്ഷണത്തിന് ജൈവവൈവിധ്യ പരിപാലനത്തിനും പ്രത്യേക പുരസ്കാരങ്ങൾ ഏർപ്പെടുത്തി. കുടുംബശ്രീയുമായി ചേർന്ന് വനിതാക്ഷേമ രംഗത്ത് ദർപ്പണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

വയോജന ക്ഷേമം മുൻനിർത്തി പോഷകാഹാരം നൽകുന്ന പാഥേയം, പകൽ വിശ്രമകേന്ദ്രം, മരുന്നും ചികിത്സയും പദ്ധതി നടപ്പാക്കുന്നു.ഭിന്നശേഷി സൌഹൃദ ജില്ലയായി മാറാൻ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടത്തി. അഗതിരഹിത കേരളം പദ്ധതിക് നേതൃത്വ നൽകി. ജില്ലാ പഞ്ചായത്തിന്റെ കീഴിൽ വനിതാ ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു. അംഗൻവാടി കെട്ടിടങ്ങൾക്കുള്ള തുകയും ലൈഫ് ഭവന പദ്ധതിയിൽ 23030 പേർക്കുള്ള ധനസഹായത്തിൽ ജില്ലാ പഞ്ചായത്തിന്റെ വിഹിതവും കൃത്യമായി നൽകി. ജെറിയാട്രിക് ഫുഡ് നിർമ്മാണം, വനിതാ തൊഴിൽ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് എന്നിവ നൽകി. 520-ൽ കൂടുതൽ റോഡ് പ്രവർത്തികളും 525 കെട്ടിട നിർമ്മാണ പ്രവർത്തികളും 28 കളിസ്ഥലങ്ങളും, കുടിവെള്ള പദ്ധതികളും, ജലസേചന പദ്ധതികളും നടപ്പാക്കി. കാസർകോടിന്റെ ബഹുസ്വരതയെ സംരക്ഷിച്ച് വികസനത്തിൽ തുല്യ നീതി ഉറപ്പാക്കാൻ കഴിഞ്ഞ ആത്മവിശ്വാസത്തിലാണ് ജില്ല പഞ്ചായത്ത്.

## ഇന്ന് മന്ത്രിമാർ ജില്ലയിൽ

ഇന്ന് മന്ത്രിമാർ ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് രാവിലെ ഒൻപതിന് മീഞ്ച കൃഷിഭവൻ കെട്ടിടവും രാവിലെ 11ന് പുത്തിഗെ സ്മാർട്ട് കൃഷിഭവനും നാടിന് സമർപ്പിക്കും.മൃഗസംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി ഇന്ന് (ഒക്ടോബർ 30ന്) രാവിലെ 9.30ന് ചെർക്കള ഐമാക്സ് ഓഡിറ്റോറിയത്തിൽ കാസർകോട് ജില്ലാ പഞ്ചായത്തിന്റെ വികസന സെമിനാർ 'പടവുകൾ ' ഉദ്ഘാടനം ചെയ്യും. രാവിലെ 11ന് ബേഡഡുക്ക പഞ്ചായത്തിലെ കല്ലളിയിൽ പൂർത്തീകരിച്ച ഹൈടെക് ആട് ഫാം നാടിന് സമർപ്പിക്കും.

## പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്ത് ഹരിപുരം സ്മാർട് അംഗൻവാടി സി.എച്ച്. കുഞ്ഞമ്പു എം.എൽ.എ നാടിന് സമർപ്പിച്ചു

**പുല്ലൂർ :**പെരിയ ഗ്രാമ പഞ്ചായത്തിലെ ഹരിപുരം അംഗൻവാടിക്ക് നിർമ്മിച്ച പുതിയ കെട്ടിടം സി.എച്ച് കുഞ്ഞമ്പു എം.എൽ.എ നാടിന് സമർപ്പിച്ചു. കുട്ടികളെ വളരെ മനോഹരമായി പരിചരിക്കുന്ന സ്ഥാപനങ്ങളാണ് അംഗൻവാടികളെന്നും അംഗൻവാടികൾ സ്മാർട് ആകുന്നതലൂടെ കൂടുതൽ കുട്ടികളെ അവിടേക്ക് എത്തിക്കാൻ സാധിക്കണമെന്നും എം.എൽ.എ പറഞ്ഞു. മറ്റു സംസ്ഥാനങ്ങളിൽ സ്കൂളുകൾ ഉൾപ്പെടെ അടച്ചുപൂട്ടുന്ന സാഹചര്യത്തിൽ കേരളത്തിൽ എല്ലാ വിദ്യാഭ്യാസ മേഖലയും സ്മാർട്ടായി മാറിക്കൊണ്ടിരിക്കുകയാണെന്നും കുഞ്ഞുങ്ങളുടെ മനസ്സറിഞ്ഞു കൊണ്ട് അംഗൻവാടികളിലെ ഭക്ഷണ മെനുവിൽ മാറ്റം വരുത്തികൊണ്ട് വിപ്ലവം സൃഷ്ടിക്കാൻ സാധിച്ചതായും അദ്ദേഹം പറഞ്ഞു. കുട്ടികളുടെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി വനിതാ ശിശു വികസന വകുപ്പും പുല്ലൂർ പെരിയ ഗ്രാമ പഞ്ചായത്തും കൈകോർത്ത് കാസർകോട് വികസന പാക്കേജിൽ ഉൾപ്പെടുത്തി 27.70 ലക്ഷം രൂപ ചെലവഴിച്ച് ജില്ലാ നിർമ്മിതി കേന്ദ്രമാണ് സ്മാർട്ട് അംഗൻവാടി നിർമിച്ചത്. ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് സി.കെ അരവിന്ദാക്ഷൻ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് എ.കാർത്യായണി, ക്ഷേമ കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ഷാഹിദ റാഷീദ്, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ സുമ കുഞ്ഞികൃഷ്ണൻ, വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ചന്ദ്രൻ കരിച്ചേരി, ഐ.സി.ഡി.എസ് ജില്ലാ പ്രോഗ്രാം ഓഫീസർ ജിജി ജോൺ, ശിശു വികസന പദ്ധതി ഓഫീസർ കെ.ബീന, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ സംസാരിച്ചു. പഞ്ചായത്ത് സെക്രട്ടറി അർജുൻ ബാലൻ സ്വാഗതവും ഐ.സി.ഡി.എസ് സൂപ്പർവൈസർ ടി.വി ലേഖ നന്ദിയും പറഞ്ഞു.

## ദർഘാസ് ക്ഷണിച്ചു

സൂപ്രണ്ട്, താലൂക്കാശുപത്രി, നീലേശ്വരം, വള്ളിക്കുന്ന്, 360 ഡിഗ്രി എൻ സി ഡി കെയർ സെന്ററിന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി നവംബർ നാലിന് ഉച്ചക്ക് ഒന്ന് . ഉച്ചക്ക് രണ്ടിന് ദർഘാസ് തുറക്കും. ഫോൺ - 0467 2282933.

## നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് അഞ്ച് പുരസ്കാരങ്ങൾ ഏറ്റുവാങ്ങി

**നീലേശ്വരം** ബ്ലോക്ക് പഞ്ചായത്തിന് ആരോഗ്യ രംഗത്ത് സംസ്ഥാനതലത്തിൽ നേടിയ അഞ്ച് പുരസ്കാരങ്ങൾ തിരുവനന്തപുരത്ത് ആരോഗ്യമന്ത്രി വീണ ജോർജിൽ നിന്നും ഏറ്റുവാങ്ങി. ആരോഗ്യരംഗത്തുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധങ്ങളായിട്ടുള്ള പ്രവർത്തനങ്ങളിൽ ആർദ്രം പുരസ്കാരം, സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനവും അഞ്ച് ലക്ഷം രൂപയും പുരസ്കാരവും ലഭിച്ചു. സംസ്ഥാനത്തെ കായകല്പം അവാർഡ് ഒന്നാം സ്ഥാനം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിക്ക് 15 ലക്ഷം രൂപയും പുരസ്കാരവും ലഭിച്ചു. പരിസ്ഥിതി സൗഹൃദ അവാർഡ് സംസ്ഥാനത്തെ ഏറ്റവും മികച്ച സ്ഥാപനത്തിന് തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിക്ക് അഞ്ച് ലക്ഷം രൂപയും പുരസ്കാരവും ലഭിച്ചു.സംസ്ഥാന ആരോഗ്യ വകുപ്പ് സിസ്റ്റർ ലിനിയുടെ സ്മരണാർത്ഥം നൽകുന്ന സ്റ്റേറ്റ് നേഴ്സസ് അവാർഡ് തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിലെ സീനിയർ നഴ്സിംഗ് ഓഫീസർ സിസ്റ്റർ പി.ബിനിക്ക് ലഭിച്ചു. തിരുവനന്തപുരം ടാഗോർ തിയറ്ററിൽ നടന്ന അവാർഡ് ദാന ചടങ്ങ് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്തു, തദ്ദേശസ്വയംഭരണ, എക്സൈസ്, പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ് അധ്യക്ഷത വഹിച്ചു. നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മാധവൻ മണിയറ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ കെ അനിൽകുമാർ, ഡോക്ടർ രാധിക സോമൻ, ഡോക്ടർ രാജ് മോഹൻ, സിജി, നിഗീഷ് എം വി, ഹർഷവർദ്ധൻ, സ്മിത, രൂപ എന്നിവർ ചേർന്ന് പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.



# ആരോഗ്യവും യൗവനവും കൂടുതൽകാലം നിലനിർത്താൻ പാലുത്പന്നങ്ങൾ നിത്യവും കഴിക്കാം



പാൽ പാലുത്പന്നങ്ങളായി മാറുന്നത് മൂല്യവർധനയ്ക്കു മാത്രമല്ല ആരോഗ്യ സംരക്ഷണത്തിനും സഹായിക്കുമെന്ന് പഠനങ്ങൾ പറയുന്നു. ബൾഗേറിയൻ കർഷകരുടെ ദീർഘായുസ്സിന്റെ കാരണം പുളിപ്പിച്ച പാൽവിഭവങ്ങൾ നിത്യാഹാരമാക്കുന്നതിനാലാണെന്നു പറയുന്ന ഗവേഷണങ്ങളുണ്ട്. കൂടാതെ മനുഷ്യരുടെ യൗവനം നിലനിർത്തുന്നതിലും പാൽ ഉത്പന്നങ്ങൾ വഹിക്കുന്ന പങ്ക് ചെറുതല്ലെന്നും കരുതപ്പെടുന്നു. ഇത് നമ്മുടെ പൂർവികർക്ക് അറിയാമായതിനാലായിരിക്കാം നിത്യവും തൈര്, മോര് തുടങ്ങിയ പുളിപ്പിച്ച ക്ഷീരോത്പന്നങ്ങൾ ഭക്ഷണത്തിന്റെ ഭാഗമാക്കിയത്. പാലിനെ വിവിധ തരത്തിലുള്ള മൂല്യവർധിത ഉൽപ്പന്നങ്ങളാക്കാൻ കഴിയും. പാലുത്പന്നങ്ങളെ അഞ്ചായി തരംതിരിക്കാം. പാലിൽ നിർദ്ദിഷ്ട ഊഷ്മാവിൽ പ്രത്യേകതരം ബാക്ടീരിയകളുടെ സഹായത്താൽ കിണ്വനം ചെയ്തുണ്ടാക്കുന്ന ഉത്പന്നങ്ങളാണ് പുളിപ്പിച്ചുണ്ടാക്കുന്ന പാലുത്പന്നങ്ങൾ. ജീവനോടുള്ള നല്ല ബാക്ടീരിയകൾ അടങ്ങിയിരിക്കുന്നതിനാൽ ഇതിനെ പ്രോബയോട്ടിക്സ് എന്നും വിളിക്കുന്നു. ഉദരസംബന്ധമായ അസുഖങ്ങൾക്ക് മരുന്നായി ഘമരശേര മരശറ ആമരലേ്യശമ അടങ്ങിയ ഗുളികകൾ ഡോക്ടർമാർ നൽകാറുണ്ട്. അതേ ലാക്ടിക് ആസിഡ് ബാക്ടീരിയയാണ് പുളിപ്പിച്ച പാലുത്പന്നങ്ങളിലും അടങ്ങിയിട്ടുള്ളത്. പുളിപ്പിച്ച പാലുത്പന്നങ്ങളുടെ ഗുണങ്ങൾ ശരീരത്തിനാവശ്യമായ ജീവനോടുള്ള ബാക്ടീരിയ അടങ്ങിയിരിക്കുന്നതിനാൽ ഉദരരോഗങ്ങൾക്ക് വളരെയേറെ ഫലപ്രദമാണ്. വർദ്ധിച്ച ഔഷധമൂല്യമുള്ള ഉത്പന്നങ്ങളാണിവ . ഇവ പോഷകസമൃദ്ധമാണ് ആന്റി ഓക്സിഡന്റ്സ് അടങ്ങിയിരിക്കുന്നതിനാൽ പ്രായമകുന്നതിന്റെ വേഗത കുറച്ച് യൗവ്വനം നിലനിർത്തുന്നു. പുളിപ്പിച്ചതായതിനാൽ മലയാളികൾ ഇഷ്ടപ്പെടുന്ന രുചിയമാണ് ഇവയ്ക്കുള്ളത് ജീവനോടുള്ള ബാക്ടീരിയ അടങ്ങിയിരിക്കുന്നതിനാൽ ദഹനത്തെ സഹായിക്കുന്നു .തൈര്; ഏറ്റവും സുപരിചിതമായ പാലുത്പന്നം കുഞ്ഞുങ്ങൾക്കും പ്രായമായവർക്കുപോലും ദഹിക്കാൻ എളുപ്പമുള്ള ഒരു ഉത്പന്നം. തയ്യാറാക്കുന്ന രീതി : പാൽ ശുചിയായ പാത്രത്തിൽ 10 മിനിറ്റ് 30-35ീര ലേക്ക് തണുപ്പിക്കുക. ഇതിലേക്ക് തൈര് ചേർത്തിളക്കുക. ഇതിനെ 8-12 മണിക്കൂർ ഇതേ ഊഷ്മാവിൽ വയ്ക്കുക. തൈര് ചേർക്കുന്ന അവസരത്തിൽ പാലിന് അധികം ചൂടോ തണുപ്പോ ഉണ്ടായാൽ ശരിയായി ഉറ കൂടില്ല. കൂടാതെ തൈര് കാഴ്ചയിലും ഗുണത്തിലും സ്വാദിലും മോശമാകാനും ഇടയുണ്ട്. തയ്യാറാക്കിയ തൈരിന് പുളിപ്പ് കൂടാതിരിക്കാൻ തണുത്ത അന്തരീക്ഷത്തിലോ റഫ്രിജറേറ്ററിലോ സൂക്ഷിക്കാവുന്നതാണ്. യോഗർട്ട് ; പാശ്ചാത്യ രാജ്യങ്ങളിൽ നിന്നും നമ്മുടെ നാട്ടിലേക്ക് എത്തപ്പെട്ട, അത്ഭുതസിദ്ധി അടങ്ങിയ പാലുത്പന്നമാണ് യോഗർട്ട്. പ്രയോജനപ്രദമായ അണുക്കൾ അടങ്ങിയിരിക്കുന്നതിനാൽ ശരീരാരോഗ്യത്തിനും ദീർഘായുസ്സിനും പേരുകേട്ടതാണ്. പുളിപ്പ് കുറഞ്ഞ രീതിയിൽ തയ്യാറാക്കുന്ന ഇതിൽ സ്ട്രെപ്റ്റോ കോക്ക്, തെർമോഫീലസ്, ലാക്ടോബാസില്ലസ് ബൾഗാരിക്ക് എന്ന അണുക്കൾ 1:1 എന്ന അനുപാതത്തിൽ ഉറയായി ഉപയോഗിക്കുന്നു. യോഗർട്ട് ആയുസ്സ് വർദ്ധിപ്പിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ തൈരിനെ അപേക്ഷിച്ച് അമ്ലം കുറവായതിനാൽ അൾസർ രോഗികൾക്കും കഴിക്കാം. തയ്യാറാക്കുന്ന രീതി: പാൽ 50-60ഡി?ഗ്രി സെൽഷ്യസ് വരെ ചൂടാക്കുക. 30-40 ഗ്രാം കൊഴുപ്പില്ലാത്ത പാൽപ്പൊടിയോ പാൽ വറ്റിച്ച് ഖരപദാർത്ഥം 12-14 ശതമാനത്തിൽ ആക്കിയ പാലോ നല്ലപോലെ ഇളക്കി യോജിപ്പിച്ച ശേഷം വെള്ളത്തിൽ ഇറക്കിവെച്ച് ചൂടാക്കിയ (90ീര മിനിറ്റ്) ശേഷം 45ഡി?ഗ്രി സെൽഷ്യസ് തണുപ്പിച്ച്കൊണ്ടുവന്ന് ഈ ഊഷ്മാവിൽ നിലനിർത്തണം (ഇൻക്യുബേഷൻ). മൂന്നര നാലു മണിക്കൂർകൊണ്ട് കട്ടിയാകും. സെറ്റ് ചെയ്ത് കഴിഞ്ഞാൽ പുളി കൂടാതിരിക്കാൻ ഉടനെ കൂളറിലേക്ക് മാറ്റണം. 5ഡി?ഗ്രി സെൽഷ്യസിൽ താഴെ സൂക്ഷിക്കേണ്ടതാണ്. ഈ രീതിയിൽ തയ്യാറാക്കുന്ന യോഗർട്ടിന് പ്ലെയിൻ യോഗർട്ട് എന്ന് വിളിക്കും. ഇതിൽ പഞ്ചസാരയും അംഗീകൃത നിറങ്ങളും ഫ്ളേവറുകളും ചേർത്ത് നല്ലതുപോല ഇളക്കി യോജിപ്പിച്ചാൽ ഫ്ളേവർഡ് യോഗർട്ട് ഉണ്ടാക്കാം. പഞ്ചസാരയും ഫ്ളേവറും, കളറുമൊന്നുമില്ലാത്തതിനാൽ കൂടുതൽ ആരോഗ്യദായകം പ്ലെയിൻ യോഗർട്ട് തന്നെ. ശ്രീകണ്ഠ്; ഇത് തൈരിൽ നിന്നും തയ്യാറാക്കുന്ന ഉത്പന്നമാണ്. ഇതിൽ 34-40 ശതമാനം ജലാംശവും, 25 ശതമാനം കൊഴുപ്പും 5-6 ശതമാനം കൊഴുപ്പിതര ഖരപദാർത്ഥങ്ങളും 45-55 ശതമാനം പഞ്ചസാരയും അടങ്ങിയിരിക്കുന്നു. തയ്യാറാക്കുന്ന വിധം : പാൽ 90 ഡി?ഗ്രി സെൽഷ്യസ് ചൂടാക്കി 28-30 ഡിഗ്രി സെൽഷ്യസിലേക്ക് തണുപ്പിച്ചതിനുശേഷം 0.5-1 ശതമാനം സ്ട്രെപ്റ്റോകോക്കസ് ലാക്ടസ് ചേർത്തിളക്കി 15-16 മണിക്കൂറോളം വയ്ക്കുക. തൈര് തയ്യാറാക്കി കഴിയുമ്പോൾ അത് ഉടച്ച് മസ്‌ലിൻ തുണിയിൽ ഒഴിച്ച് വെള്ളം വാർന്നുപോകാനായി തൂക്കിയിടുക. ചെറിയ ഭാരവും ഉപയോഗിക്കാം. ഇങ്ങനെ കിട്ടുന്ന ചക്കയാണ് ശ്രീകണ്ഠ് ഉണ്ടാക്കാൻ ഉപയോഗിക്കുന്നത്. ചക്കയുടെ ഏകദേശം അത്രതന്നെ പഞ്ചസാര പൊടിച്ചെടുക്കുക. ഏലക്ക നല്ലപോലെ പൊടിച്ചതോ, പൈനാപ്പിൾ ഫ്ളേവറോ ഉപയോഗിക്കാം. നാരങ്ങാ മഞ്ഞ (ലമൺ യെല്ലോ) കളർ ഉപയോഗിക്കുമ്പോൾ ഉത്പന്നം ആകർഷകമാവും. കൂടാതെ പഴച്ചാറുകൾ 15 ശതമാനം ഇതിൽ ചേർക്കാവുന്നതാണ്. ശ്വസനത്തിലൂടെ ശരീരത്തിലേക്ക് എടുക്കുന്ന ഓക്സിജൻ മൂലം നടക്കുന്ന ഓക്സിഡേഷൻ എന്ന പ്രക്രിയയാണ് പ്രായം കൂട്ടുന്നത്. ആന്റി ഓക്സിഡന്റ് അടങ്ങിയ ഭക്ഷണം കഴിക്കുന്നതുവഴി ഈ ഓക്സിഡേഷൻ കുറയ്ക്കാൻ കഴിയുന്നതിനാൽ വാർദ്ധക്യത്തിന്റെ വേഗത കുറച്ച് യൗവ്വനം നിലനിർത്താൻ സഹായിക്കുന്നു. രാസപദാർത്ഥങ്ങൾ അടങ്ങിയ ഉത്പന്നങ്ങളും മരുന്നുകളും ഉപയോഗിക്കുന്നതിലും എത്രയോ നല്ലതാണ് ഗ്രാമങ്ങളിൽപോലും ലഭ്യമായ പ്രകൃതിദത്തമായ പാലും പാലുത്പന്നങ്ങളും ഭക്ഷിച്ച് ആരോഗ്യവും, യൗവ്വനവും സംരക്ഷിക്കുന്നത്. അതിനാൽ ഈ അത്ഭുതസിദ്ധികളുള്ള പാലുത്പന്നങ്ങൾ നിത്യവും കഴിച്ച് ആരോഗ്യവും യൗവ്വനവും കൂടുതൽ കാലം നിലനിർത്താം.

# പ്രമേഹമുണ്ടോ? എങ്കിൽ ഒഴിവാക്കാം ഈ ആറ് ഭക്ഷണങ്ങൾ



പാൻക്രിയാസിന് ഇൻസുലിൻ ഉൽപാദിപ്പിക്കാനുള്ള കഴിവ് നഷ്ടപ്പെടുന്ന അവസ്ഥയാണ് പ്രമേഹം. രക്തത്തിൽ ഗ്ലൂക്കോസ് അടിഞ്ഞുകൂടി രക്തത്തിലെ പഞ്ചസാരയുടെ അളവ് കൂടും. നിരവധി ഘടകങ്ങൾ ഈ അവസ്ഥയ്ക്ക് കാരണമാകും. അതിൽ ഒരു ഘടകമാണ് തെറ്റായ ഭക്ഷണശീലം. പ്രമേഹ സാധ്യത കൂടുന്നതിൽ പ്രധാനഘടകമാണ് നാം കഴിക്കുന്ന ഭക്ഷണം. വേനൽക്കാലത്ത് ലഭ്യമായ രുചികളിൽ പലതും രക്തത്തിലെ പഞ്ചസാരയുടെ അളവ് കൂടുതലുള്ളവർക്കും പ്രമേഹരോഗികൾക്കും കഴിക്കാൻ പറ്റാത്തവയാണ്. ഇത്തരത്തിൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് പെട്ടെന്ന് കൂട്ടുന്ന ആറ് ഭക്ഷണങ്ങള് ഏതൊക്കെ എന്നു നോക്കാം. ഇവ പ്രമേഹരോഗികൾ ഒഴിവാക്കേണ്ടതാണ്.

**1. മധുരപാനീയങ്ങൾ**

ചൂടു കൂടുമ്പോൾ സ്വാഭാവികമായും ശീതളപാനീയങ്ങൾ കുടിക്കാൻ തോന്നും. എന്നാല് വിപണിയിൽ ലഭ്യമായ സോഡകൾ, പായ്ക്കറ്റിൽ ലഭിക്കുന്ന ജ്യൂസുകൾ, മധുരം ചേർത്ത ഐസ് ടീകൾ തുടങ്ങിയവയിലെല്ലാം പഞ്ചസാര വളരെ കൂടുതലായിരിക്കും. പ്രമേഹരോഗികൾ ഇവ പൂർണമായും ഒഴിവാക്കണം.

**2. മാമ്പഴം**

പഴങ്ങളുടെ രാജാവ് എന്ന് വിളിപ്പേരുള്ള മാമ്പഴത്തിന്റെ സീസൺ കൂടിയാണിത്. എന്നാല് ഗ്ലൈസെമിക് ഇൻഡക്സ് വളരെയധികം കൂടുതലായതിനാൽ പ്രമേഹരോഗികൾ മാമ്പഴം ഒഴിവാക്കുന്നതാണ് നല്ലത്.

**3. ഐസ്ക്രീമും ഫ്രോസൻ ഡെസർട്ടുകളും**

ഈ ചൂട് കാലാവസ്ഥയിൽ ഒരു സ്കൂപ്പ് ഐസ്ക്രീം ഒക്കെ കഴിക്കാൻ ഇഷ്ടമില്ലാത്തവർ ഉണ്ടാവില്ല. എന്നാൽ പ്രമേഹരോഗികൾ ഐസ്ക്രീം കഴിക്കും മുൻപ ഒന്നുകൂടി ചിന്തിക്കുക. ഐസ്ക്രീമും ഫ്രോസൻ ഡെസർട്ടുകളും ഒഴിവാക്കുന്നതാണ് ആരോഗ്യകരം.

**4. വറുത്ത ലഘുഭക്ഷണങ്ങൾ**

വേനൽക്കാലത്ത് എണ്ണയിൽ വറുത്ത ലഘു ഭക്ഷണങ്ങളും സ്ട്രീറ്റ് ഫുഡും ഒഴിവാക്കുന്നതാണ് പ്രമേഹ രോഗികൾക്ക് ഗുണകരം.

**5. ചോളം**

വേനല് ക്കാലത്ത് ലഭ്യമായ ചോളം, പ്രമേഹ രോഗികൾ ഒഴിവാക്കുന്നതാണ് നല്ലത്. വറുത്തതോ വേവിച്ചതോ ആയ ചോളം ഉപദ്രവകരമല്ലെന്നു തോന്നാമെങ്കിലും പ്രമേഹമുള്ളവർ ഇത് ഒഴിവാക്കണം.

**6. തണ്ണിമത്തൻ**

തണ്ണിമത്തനും മസ്ക്ക്മെലണും വേനൽക്കാലത്ത് ലഭ്യമായ പഴങ്ങളാണ് എന്നാൽ ഇവയിൽ പഞ്ചസാര ധാരാളം അടങ്ങിയിട്ടുള്ളതിനാൽ പ്രമേഹരോഗികൾ ഇത് ഒഴിവാക്കുന്നതാവും ഗുണകരം. പ്രമേഹമുള്ളവർ വേനൽക്കാല രുചികൾ പൂർണമായും ഒഴിവാക്കമെന്നല്ല മറിച്ച് ശ്രദ്ധാപൂർവം ആരോഗ്യകരമായ ഭക്ഷണങ്ങൾ തെരഞ്ഞെടുത്ത് ഉപയോഗിക്കാം.

# പുകവലി നൽകുന്നത് അകാല വാർദ്ധക്യം



പ്രായമേറുമ്പോൾ സംഭവിക്കുന്ന ന്യൂറോഡിജനറേറ്റീവ് രോഗങ്ങളാണ് ചെറിയ പ്രായത്തിലേ പുകവലിക്കാർക്ക് അനുഭവപ്പെടുക. ശ്വാസകോശത്തെയും ഹൃദയത്തെയും മാത്രമല്ല തലച്ചോറിനും പുകവലി സൃഷ്ടിക്കുന്നത് ഗുരുതര പ്രതിസന്ധിയെന്നാണ് പഠനം വിശദമാക്കുന്നത് തലച്ചോറിന് അകാല വാർദ്ധക്യം ഉണ്ടാക്കുന്നതിന് പുകവലി കാരണമാകുന്നതായി പഠനം. പ്രായമാകുന്നതിന് മുൻപ തന്നേ തലച്ചോർ ചുരുങ്ങുന്നതിന് പുകവലി കാരണമാകുന്നതായാണ് യുഎസിലെ വാഷിംഗ്ടൺ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മെഡിസിനിലെ പുതിയ പഠനം വിശദമാക്കുന്നത്. സാധാരണയായി പ്രായം കൂടുന്നതിന് അനുസരിച്ചാണ് തലച്ചോർ ചുരുങ്ങുന്നത്. പുകവലി ഈ പ്രക്രിയയുടെ വേഗത വർധിപ്പിക്കുന്നതായാണ് പഠനം വ്യക്തമാക്കുന്നത്. പുകവലിക്കാനുള്ള പ്രേരണ ജീനുകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നുവെന്നും ഗവേഷകർ വിശദമാക്കുന്നത്. പുകവലിക്കുന്നവരിൽ പ്രായവുമായി ബന്ധപ്പെട്ട അൽഷിമേഴ്സ് രോഗത്തിനും വിവേചന ശേഷി നഷ്ടമാവുന്നതിനും തലച്ചോറിന്റെ ഈ ചുരുങ്ങൽ കാരണമാകുന്നതായാണ് പഠനം വിശദമാക്കുന്നത്. പ്രായമേറുമ്പോൾ സംഭവിക്കുന്ന ന്യൂറോ ഡിജനറേറ്റീവ് രോഗങ്ങളാണ് ചെറിയ പ്രായത്തിലേ പുകവലിക്കാർക്ക് അനുഭവപ്പെടുക. പ്രായമായവരിൽ കാണുന്ന വിവേചന ശേഷി കുറവ് അടക്കമുള്ളവയ്ക്കുള്ള അപകട സാധ്യത വിശദീകരിക്കാൻ പുറത്ത് വന്ന പഠനത്തിന് സാധിച്ചിട്ടുണ്ട്. അടുത്തിടെ വരെ ശ്വാസകോശത്തിനും ഹൃദയാരോഗ്യത്തിനും പുകവലി സൃഷ്ടിക്കുന്ന ഗുരുതര പ്രത്യാഘാതങ്ങളേക്കുറിച്ചായിരുന്നു ഗവേഷകർ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. അതിനാൽ തന്നെ പുകവലി തലച്ചോറിന് സൃഷ്ടിക്കുന്ന ഭയാനകരമായ പ്രത്യാഘാതങ്ങളേക്കുറിച്ച് നടന്ന പഠനങ്ങൾ കുറവായിരുന്നു. മാനസികാരോഗ്യ വിഭാഗത്തിലെ പ്രൊഫസറായ ലോറ ജെബിയറട്ടാണ് ഗ്ലോബൽ ഓപൺ സയൻസിന്റെ ബയോളജിക്കൽ സൈക്യാട്രി ജേണലിലാണ് പഠനം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ശ്വാസകോശത്തെയും ഹൃദയത്തെയും മാത്രമല്ല തലച്ചോറിനും പുകവലി സൃഷ്ടിക്കുന്നത് ഗുരുതര പ്രതിസന്ധിയെന്നാണ് പഠനം വിശദമാക്കുന്നത്. പുകവലി ഉപേക്ഷിക്കുന്നത് തലച്ചോറിനെ പഴയ സ്ഥിതിയിലേക്ക് എത്തിക്കാൻ സഹായിക്കില്ലെങ്കിലും തുടർന്ന് നഷ്ടമുണ്ടാകുന്നത് തടയുമെന്നും ഗവേഷക വിശദമാക്കുന്നു. 32094 പേരുടെ സാംപിളുകളിൽ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് പഠനം പുറത്ത് വന്നിരിക്കുന്നത്. എത്രയധികം സിഗരറ്റുകളാണോ ഒരാൾ ഉപയോഗിക്കുന്നത് ഇതിന് ആനുപാതികമായി തലച്ചോറും ചുരുങ്ങുന്നുവെന്നാണ് കണ്ടെത്തൽ. ജനിതകപരമായ തകരാറുകൾ പുകവലിക്കാരിൽ കാണാനുള്ള സാധ്യതകളും കൂടുതലെന്നാണ് പഠനം വിശദമാക്കുന്നത്. കേൾക്കുമ്പോൾ മോശമെന്ന് തോന്നുമെങ്കിലും അതിനേക്കാൾ മോശമാണ് വസ്തുതയെന്നാണ് പഠനത്തേക്കുറിച്ച് ഗവേഷക വിശദമാക്കുന്നത്. ഒരു തലമുറ വളരെ പെട്ടന്ന് വാർധക്യത്തിലേക്ക് നടന്ന് നീങ്ങുന്നതിന് പുകവലി കാരണമാകുന്നുവെന്നും ഡിമെൻഷ്യ അടക്കമുള്ളവ പുകവലിക്കാരിൽ നേരത്തെ തന്നെ കാണാനുള്ള സാധ്യതകൾ ഏറെയാണെന്നും പഠനം വിശദമാക്കുന്നു. ഒരിക്കലും പുകവലിക്കാത്തവരിലും സമാനമായ പ്രായമുള്ള പുകവലിക്കാരുടേയും തലച്ചോറിന്റെ വലിപ്പം തമ്മിൽ സാരമായ വ്യത്യാസമുണ്ടെന്നും കണക്കുകളുടെ അടിസ്ഥാനത്തിൽ പഠനം വിശദമാക്കുന്നു. നിലവിലെ ദോഷം മാറ്റാൻ കഴിയില്ല എന്നാൽ തുടർന്ന് നഷ്ടമുണ്ടാവാതിരിക്കാൻ പുകവലി നിർത്തുന്നത് സഹായിക്കുമെന്ന് പഠനം നടത്തിയ ഗവേഷകരിലൊരാളായ യുൻഹോ ചാംഗ് പഠനം അവതരിപ്പിക്കുമ്പോൾ വിശദമാക്കുന്നത്.

# ശരീരത്തിന് വേണം വിറ്റാമിൻ കെ




നമ്മുടെ ഭക്ഷണത്തിൽ നിന്നാണ് ശരീരത്തിന് ആവശ്യമായ പോഷകങ്ങൾ അധികവും ലഭിക്കുന്നത്. രക്തം കട്ടപിടിക്കാനും ശ്വാസകോശത്തിന്റെ ആരോഗ്യത്തിനും വളരെ ആവശ്യമായ ഒന്നാണ് വിറ്റാമിൻ കെ. ഹൃദയാരോഗ്യം സംരംക്ഷിക്കാനും എല്ലുകളുടെ ആരോഗ്യം മെച്ചപ്പെടുത്താനും ഇത് ഗുണം ചെയ്യും. വിറ്റാമിൻ കെ അടങ്ങിയ ഭക്ഷണങ്ങളെ അറിഞ്ഞിരിക്കാം. ചീര കഴിക്കുന്നത് ശരീരത്തിന്റെ ആരോഗ്യത്തിന് വലിയ ഗുണം ചെയ്യും. ചീര കഴിക്കുന്നത് ശരീരത്തിന് ആവശ്യമായ വിറ്റാമിൻ കെ ലഭിക്കാൻ സഹായിക്കും. അതുപോലെ ചീസ് കഴിക്കുന്നതും നല്ലതാണ്. മുട്ടയുടെ മഞ്ഞയും ധൈര്യമായി കഴിക്കാം. വിറ്റാമിൻ കെ1, കെ2 തുടങ്ങിയവ മുട്ടയുടെ മഞ്ഞയിൽ അടങ്ങിയിട്ടുണ്ട്. വിറ്റാമിൻ കെയ്ക്ക് പുറമേ വിറ്റാമിൻ സിയും മറ്റും അടങ്ങിയതാണ് ഇത്. ഇവ രോഗ പ്രതിരോധശേഷിക്കും ചർമ്മത്തിനും ഗുണം ചെയ്യും. ധാരാളം ആരോഗ്യഗുണങ്ങളുള്ള ഒന്നാണ് അവക്കാഡോ. വിറ്റാമിനുകളും ആന്റി ഓക്സിഡന്റുകളും ധാരാളം അടങ്ങിയ അവക്കാഡോയിലും വിറ്റാമിൻ കെ അടങ്ങിയിരിക്കുന്നു. ആന്റി ഓക്സിഡന്റുകളും ഫൈബറും അടങ്ങിയ പഴമാണ്പ്രൂൺസ്. വിറ്റാമിൻ കെയും പ്രൂൺസിൽ അടങ്ങിയിട്ടുണ്ട്. ഗ്രീൻ പീസ് കഴിക്കുന്നതും നല്ലതാണ്. വിറ്റാമിൻ കെയ്ക്ക് പുറമേ, ഫൈബർ, പ്രോട്ടീൻ, അയേൺ, ഫോസ്ഫർസ്, വിറ്റാമിൻ എ, സി എന്നിവയും ഗ്രീൻപീസിൽ അടങ്ങിയിരിക്കുന്നു. ബീഫ് ലിവറിലും വിറ്റാമിൻ കെ അടങ്ങിയിരിക്കുന്നു.

# മുഖം സുന്ദരമാക്കാൻ അരിപ്പൊടി



ആരോഗ്യത്തിന് മാത്രമല്ല ചർമ്മ സംരക്ഷണത്തിനും മികച്ചതാണ് അരിപ്പൊടി. മുഖത്തെ ചുളിവുകൾ, വരണ്ട ചർമ്മം, കറുപ്പ് എന്നിവ മാറാൻ മികച്ചൊരു ചേരുവകയാണ് അരിപ്പൊടി. വീട്ടിൽ തന്നെ പരീക്ഷിക്കാം അരിപ്പൊടി കൊണ്ടുള്ള വിവിധ ഫേസ് പാക്കുകൾ.

**ഒന്ന്**

രണ്ട് സ്പൂൺ കസ്തൂരി മഞ്ഞൾ പൊടിയും ഒരു സ്പൂൺ അരിപ്പൊടിയും അൽപം പാലും യോജിപ്പിച്ച് പാക്ക് ഉണ്ടാക്കുക. ശേഷം ഈ പാക്ക് മുഖത്തും കഴുത്തിലുമായി പുരട്ടുക. നന്നായി ഉണങ്ങി കഴിഞ്ഞാൽ തണുത്ത വെള്ളത്തിൽ മുഖം കഴുകുക.

**രണ്ട്**

രണ്ട് സ്പൂൺ തൈരും രണ്ട് സ്പൂൺ അരിപ്പൊടിയും യോജിപ്പിച്ച് മുഖത്തും കഴുത്തിലുമായി പുരട്ടുക. 20 മിനുറ്റിന് ശേഷം കഴുകി കളയുക. ആഴ്ചയിൽ രണ്ടോ മൂന്നോ തവണ ഈ പാക്ക് ഇടാവുന്നതാണ്. തൈരിൽ അടങ്ങിയിട്ടുള്ള ലാക്റ്റിക് ആസിഡ് പ്രകൃതിദത്തമായ ഒരു മോയ്സ്ചറൈസറാണ്. ഇത് ചർമ്മത്തിലെ മൃതകോശങ്ങളെ നീക്കം ചെയ്ത് തിളക്കമുള്ള ചർമ്മം സ്വന്തമാക്കാൻ സഹായിക്കുന്നു. ആരോഗ്യകരമായ ചർമ്മ മൈക്രോബയോം നിലനിർത്താനും മുഖക്കുരുവിന് കാരണമാകുന്ന ബാക്ടീരിയകളെ ചെറുക്കാനും സഹായിക്കുന്ന പ്രോബയോട്ടിക്സും തൈരിൽ അടങ്ങിയിട്ടുണ്ട്.

**മൂന്ന്**

ഒരു സ്പൂൺ കറ്റാർവാഴ ജെല്ലും അൽപം അരിപ്പൊടിയും യോജിപ്പിച്ച് മുഖത്തും കഴുത്തിലുമായി പുരട്ടുക. 15 മിനിറ്റിന് ശേഷം കഴുകി കളയുക. ഉണങ്ങി കഴിഞ്ഞാൽ തണുത്ത വെള്ളത്തിൽ മുഖം കഴുകുക.

**നാല്**

ഒരു സ്പൂൺ അരിപ്പൊടിയും അൽപം തക്കാളി നീരും യോജിപ്പിച്ച് മുഖത്തും കഴുത്തിലുമായി പുരട്ടുക. നന്നായി ഉണങ്ങി കഴിഞ്ഞാൽ തണുത്ത വെള്ളത്തിൽ മുഖം കഴുകുക. മുഖത്തെ കരുവാളിപ്പ് മാറാൻ മികച്ചതാണ് ഈ പാക്ക്.

# നൂതന കാൻസർ ചികിത്സ കാർ ടി-സെൽ തെറാപ്പി ആസ്റ്റർ മിംസിൽ



കോഴിക്കോട്: കാൻസർ ചികിത്സയിൽ പ്രതീക്ഷയേറുന്ന നൂതന ചികിത്സാ രീതിയായ കാർ ടി-സെല തെറാപ്പി ആസ്റ്റർ മിംസില് ആരംഭിച്ചു. ആസ്റ്റർ ഇന്റർനാഷണല് ഇന്സ്റിറ്റിയൂട്ട് ഓഫ് ഓങ്കോളജി വിഭാഗത്തിൽ നടക്കുന്ന കാർ ടി-സെല് യൂണിറ്റിന്റെയും നവീകരിച്ച പിഎംആർ വിഭാഗത്തിന്റെയും ഉദ്ഘാടനം മെയ് 1-ന് ഷാഫി പറമ്പില് എംപി നിർവഹിക്കും. മനുഷ്യശരീരത്തിലെ രോഗപ്രതിരോധം ഉറപ്പാക്കുന്ന ഒരു തരം വെളുത്ത രക്താണുക്കളാണ് ടി സെല്ലുക്ൾ. കാര് ടി-സെല് ചികിത്സാ രീതിയില് ഈ ലിംഫോസൈറ്റുകളെ രോഗിയിൽ നിന്നും ശേഖരിച്ച ശേഷം അവയെ പ്രത്യേകം സജ്ജീകരിച്ച ലബോറട്ടറിയില് വെച്ച് ജനിതക മാറ്റം നടത്തുന്നു. ജനിതകമാറ്റം വരുത്തിയ കോശങ്ങള് രോഗിയില് തിരികെ പ്രവേശിപ്പിക്കുന്നതോടെ ഇവ ആരോഗ്യമുള്ള കോശങ്ങളെ നശിപ്പിക്കാതെ കാന്സർ കോശങ്ങളെ തിരഞ്ഞ് പിടിച്ച് നശിപ്പിക്കുന്നു.

ട്യൂമറിനെതിരായ ഏറ്റവും ഫലപ്രദമായ തെറാപ്പികളില് ഒന്നാണിതെന്നും, രക്താര്ബുദ ചികിത്സയിലും മറ്റും ഏറെ ഫലപ്രദമായ ചികിത്സയാണെന്നും ക്ലിനിക്കല് ഹെമറ്റോളജിസ്റ്റ് & ബോണ് മാരോ ട്രാൻസ്പ്ലാന്റ് ഫിസിഷന് ഡോ. സുദീപ് വി. പറഞ്ഞു. പരമ്പരാഗത കീമോതെറാപ്പി അല്ലെങ്കില് റേഡിയേഷന് തെറാപ്പി ചികിത്സയില് നിന്ന് വ്യത്യസ്തമായി കാർ ടി-സെല് തെറാപ്പി ഒറ്റത്തവണ ചികിത്സ ആണെന്ന് മാത്രമല്ല മറ്റു കാന്സർ ചികിത്സകളെ അപേക്ഷിച്ച് പാര്ശ്വഫലങ്ങള് കുറവായിരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേര്ത്തു. ഈ ചികിത്സയിലൂടെ രോഗിയുടെ രോഗലക്ഷണങ്ങള് കുറയ്ക്കുകയും മൊത്തത്തിലുള്ള ആരോഗ്യം മെച്ചപ്പെടുത്തുകയും ചെയ്യുന്നതോടൊപ്പം മറ്റ് ചികിത്സയെ അപേക്ഷിച്ച് ആശുപത്രിവാസ സമയവും താരതമ്യേന കുറവാണെന്നും ആസ്റ്റർ മിംസ് സിഒഒ ലുഖ്മാന് പൊന്മാടത്ത് പറഞ്ഞു. വിവിധ തരത്തിലുള്ള ശാരീരിക വെല്ലുവിളികളില് നിന്നും ബുദ്ധിമുട്ടുന്ന വ്യക്തികളുടെ ജീവിത നിലവാരം ഉയര്ത്തുന്നതിന് സഹായിക്കുന്ന ഒരു ആധുനിക വൈദ്യശാസ്ത്ര ശാഖയാണ് പി.എം.ആർ. അഥവാ ഫിസിക്കല് മെഡിസിന് ആന്ഡ് റീഹാബിലിറ്റേഷന്. രോഗികളെ അവരുടെ പ്രാഥമിക ആവശ്യങ്ങള് സ്വയം നിറവേറ്റാന് പ്രാപ്തരാക്കുകയും, ജീവിത നിലവാരം മെച്ചപ്പെടുത്തി, ആത്മവിശ്വാസത്തോടെ ജീവിതത്തിലേക്ക് തിരിച്ചെത്താന് പ്രാപ്തമാകുകയുമാണ് അത്യാധുനിക സംവിധാനത്തോടെ തയ്യാറാക്കിയ യൂണിറ്റിലൂടെ. ഫിസിയാട്രിസ്റ്റ് (റിഹാബിലിറ്റേഷന് വിദഗ്ദ്ധന്), ഒക്യുപേഷണല് തെറാപ്പിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് ആന്ഡ് ലാംഗ്വേജ് തെറാപ്പിസ്റ്റ്, പ്രോറ്റിസ്റ്റ്, ഓര്ത്തോട്ടിസ്റ്റ്, റിഹാബിലിറ്റേഷന് നഴ്സുമാർ, സൈക്കോളജിസ്റ്റ്, സാമൂഹികപ്രവര്ത്തകര് എന്നിവരടങ്ങിയ ടീമിലൂടെ പി.എം.ആറിന്റെ പ്രവര്ത്തനം നടക്കുന്നതെന്നും ഡോ. ആയിഷ റുബീന പറഞ്ഞു.

# മഗ്നീഷ്യം അടങ്ങിയ ഭക്ഷണങ്ങൾ കഴിക്കുന്നതിന്റെ ഗുണങ്ങൾ




മഗ്നീഷ്യം അടങ്ങിയ ഭക്ഷണങ്ങൾ കഴിക്കുന്നത് മലബന്ധവും പിഎംഎസ് ലക്ഷണങ്ങളും കുറയ്ക്കുകയും ഉറക്കത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും സമ്മർദ്ദം കുറയ്ക്കുകയും ചെയ്യുന്നു. ആരോ?ഗ്യകരമായ ശരീരത്തിന് വേണ്ട പ്രധാനപ്പെട്ട പോഷകമാണ് മഗ്നീഷ്യം. പേശികളുടെയും നാഡികളുടെയും പ്രവർത്തനത്തിന് മഗ്നീഷ്യം പ്രധാന പങ്ക് വഹിക്കുന്നു. ഇത് രക്തസമ്മർദ്ദം നിയന്ത്രിക്കുകയും രക്തത്തിലെ പഞ്ചസാരയുടെ നിയന്ത്രണത്തിന് സഹായിക്കുകയും ചെയ്യുന്നു. പ്രോട്ടീൻ സിന്തസിസ്, അസ്ഥി സാന്ദ്രത, ഊർജ്ജ ഉൽപാദനം എന്നിവയ്ക്കും മഗ്നീഷ്യം സഹായകമാണ്. മഗ്നീഷ്യത്തിന്റെ കുറവ് ക്ഷീണം, പേശിവലിവ് തുടങ്ങിയ വിവിധ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. ഇത് ചികിത്സിച്ചില്ലെങ്കിൽ ഓസ്റ്റിയോപൊറോസിസ്, ഉയർന്ന രക്തസമ്മർദ്ദം, ഹൃദയ സംബന്ധമായ അസുഖങ്ങൾ എന്നിവയ്ക്കുള്ള സാധ്യത വർദ്ധിപ്പിക്കും. മഗ്നീഷ്യം അടങ്ങിയ ഭക്ഷണങ്ങൾ കഴിക്കുന്നത് മലബന്ധവും പിഎംഎസ് ലക്ഷണങ്ങളും കുറയ്ക്കുകയും ഉറക്കത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും സമ്മർദ്ദം കുറയ്ക്കുകയും ചെയ്യുന്നു. ശരീരത്തിലെ മഗ്നീഷ്യത്തിന്റെ 60 ശതമാനവും എല്ലുകളിലാണ് ശേഖരിക്കപ്പെടുന്നത്. കാൽസ്യത്തിന്റെയും വിറ്റാമിൻ ഡിയുടെയും ആഗീരണത്തെയും ഉപാപചയ പ്രവർത്തനത്തെയും ഇത് സഹായിക്കുന്നു. ആരോഗ്യവും ശക്തിയുമുള്ള എല്ലുകൾക്ക് കാൽസ്യവും വൈറ്റമിൻ ഡിയും ആവശ്യമാണ്. കൂടാതചെ, രക്തസമ്മർദ്ദം നിയന്ത്രിക്കുകയും ഹൃദയമിടിപ്പ് ക്രമപ്പെടുത്തുകയും ചെയ്യുന്നതിനും മ???ഗ്നീഷ്യം സഹായകമാണ്. ഇത് ഹൃദയധമനികൾക്ക് കട്ടികൂട്ടുന്നതിനെ തടയുന്നു. ഇതുവഴി രക്താതിമർദം, ഹൃദയസംബന്ധമായ രോഗങ്ങളായ ഹൃദയാഘാതം,പക്ഷാഘാതം ഇവയ്ക്കുള്ള സാധ്യത കുറയ്ക്കുകയും ചെയ്യുന്നു. കൂടാതെ മാനസികാരോ?ഗ്യ ലക്ഷണങ്ങളെ നിയന്ത്രിക്കാനും മഗ്നീഷ്യം നിയന്ത്രിക്കുന്നു. കോർട്ടിസോളിന്റെ അളവ് കുറയ്ക്കാനും ഇത് സഹായിക്കുന്നു. ഉത്കണ്ഠയുടെ ലക്ഷണങ്ങളെ കുറച്ച് മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നു. ക്ഷീണം, മാനസികാവസ്ഥയിലെ മാറ്റങ്ങൾ, വയറ് എപ്പോഴും വീർത്തിരിക്കുക, അല്ലെങ്കിൽ മോശം ഉറക്കം എന്നിവ നിങ്ങളെ അലട്ടുന്നുണ്ടെങ്കിൽ മ??ഗ്നീഷ്യത്തിന്റെ കുറവ് ഉണ്ടെന്നതാണ് സൂചിപ്പിക്കുന്നതെന്ന് വിദ?ഗ്ധർ പറയുന്നു. നട്സ്, ബെറിപ്പഴങ്ങൾ, ഇലക്കറികൾ, മുട്ട എന്നിവയിൽ മഗ്നീഷ്യം ഉയർന്ന അളവിൽ അടങ്ങിയിട്ടുണ്ട്.

RNI KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com

# ആമസോൺ പ്രൈമിൽ 'തലവര' തെളിഞ്ഞു!



അർജ്ജുൻ അശോകൻ ചിത്രത്തിന് ഒടിടിയിൽ മികച്ച പ്രതികരണംഷെബിൻ ബക്കറും മഹേഷ് നാരായണനും ചേർന്ന് നിർമിച്ച് അഖിൽ അനിൽകുമാറിന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ അർജ്ജുൻ അശോകൻ ചിത്രം 'തലവര' ഒടിടിയിൽ സ്ട്രീമിങ് ആരംഭിച്ചു. തിയേറ്ററുകളിൽ മികച്ച പ്രതികരണം നേടിയ ചിത്രം ആമസോൺ പ്രൈമിലാണ് സ്ട്രീമിങ് ആരംഭിച്ചിരിക്കുന്നത്. പ്രായഭേദമന്യേ പ്രേക്ഷകരിൽ നിന്നും നല്ല പ്രതികരണങ്ങളാണ് ചിത്രത്തിന് തിയേറ്ററുകളിൽ ലഭിച്ചിരുന്നത്. ഒടിടിയിലും ചിത്രത്തിന് നല്ല പിന്തുണയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്.

അർജ്ജുൻ അശോകന്റെ കരിയറിൽ തന്നെ ഏറെ ചർച്ചയായിരിക്കുന്ന വേഷമാണ് 'തലവര'യിലെ ജ്യോതിഷ്. പാലക്കാടിന്റെ പശ്ചാത്തലത്തിൽ ഒരുക്കിയിരിക്കുന്ന ചിത്രത്തിൽ വിറ്റിലിഗോ രോഗാവസ്ഥയുള്ളൊരു യുവാവിന്റെ ജീവിതവും പ്രണയവും സംഘർഷങ്ങളുമൊക്കെയാണ് അവതരിപ്പിച്ചിരിക്കുന്നത്.മലയാളത്തിലെ ഒട്ടേറെ ഹിറ്റ് സിനിമകളുടെ അമരക്കാർ മഹേഷ് നാരായണനും ഷെബിൻ ബക്കറും ചേർന്ന് നിർമ്മിച്ചിരിക്കുന്ന 'തലവര' അഖിൽ അനിൽകുമാറാണ് സംവിധാനം ചെയ്തിരിക്കുന്നത്.

തികഞ്ഞ കൈയ്യടക്കത്തോടെ ഉള്ളിൽ തട്ടും വിധമാണ് ചിത്രം അണിയിച്ചൊരുക്കിയിരിക്കുന്നത് എന്നാണ് തിയേറ്റർ റിലീസിന് ശേഷം വന്നിരുന്ന റിപ്പോർട്ടുകൾ. ചിത്രത്തിൽ 'പാണ്ട' എന്ന കഥാപാത്രമായി അർജ്ജുൻ അശോകനെത്തിയപ്പോൾ ജ്യോതി എന്ന നായിക കഥാപാത്രമായാണ് രേവതി ശർമ്മ എത്തിയിരിക്കുന്നത്.

അശോകൻ, ഷൈജു ശ്രീധർ, അശ്വത് ലാൽ, പ്രശാന്ത് മുരളി, അഭിറാം രാധാകൃഷ്ണൻ, ദേവദർശിനി, അമിത് മോഹൻ രാജേശ്വരി, സാം മോഹൻ, മനോജ് മോസസ്, സോഹൻ സീനുലാൽ, മുഹമ്മദ് റാഫി, വിഷ്ണു രെഘു, ശരത് സഭ, ഷെബിൻ ബെൻസൺ, ആതിര മറിയം, വിഷ്ണുദാസ്, ഹരീഷ് കുമാർ, സുമ തുടങ്ങി നിരവധി താരങ്ങളാണ് ചിത്രത്തിൽ ഒരുമിച്ചിരിക്കുന്നത്. അഖിൽ അനിൽകുമാറും അപ്പു അസ്ലമും ചേർന്നാണ് തിരക്കഥ. മനോഹരമായ ദൃശ്യങ്ങൾ ഒരുക്കിയിരിക്കുന്നത് അനിരുദ്ധ് അനീഷും എഡിറ്റിംഗ് രാഹുൽ രാധാകൃഷ്ണനും ഹൃദ്യമായ പാട്ടുകൾ ഒരുക്കിയിട്ടുള്ളത് ഇലക്ട്രോണിക് കിളിയുമാണ്. പി ആർ ഒ ആതിര ദിൽജിത്ത്.

# ചിരഞ്ജീവിയുടെ തലുങ്ക് ചിത്രത്തിൽ കാർത്തി

തെലുങ്ക് സിനിമാ മേഖലയിലെ മുതിർന്ന നടനായ ചിരഞ്ജീവി ഇപ്പോൾ 'മന ശങ്കര വര പ്രസാദ് ഗാരു' എന്ന തെലുങ്ക് ചിത്രത്തിലാണ് അഭിനയിക്കുന്നത്. ഇതിൽ ചിരഞ്ജീവിക്കൊപ്പം നയൻതാരയാണ് നായകിയായി അഭിനയിക്കുന്നത്. ഈ ചിത്രത്തിന് ശേഷം ബോബി സംവിധാനം ചെയ്യുന്ന ഒരു ചിത്രത്തിലും ചിരഞ്ജീവി അഭിനയിക്കാനിരിക്കുകയാണ്. 'വാൾട്ടർ വീരയ്യ' എന്ന ചിത്രത്തിന് ശേഷം ബോബിയും, ചിരഞ്ജീവിയും ഒന്നിക്കുന്ന ചിത്രമാണിത്. ഈ ചിത്രത്തിൽ തമിഴ് നടൻ കാർത്തി ഒരു പ്രധാന വേഷത്തിൽ എത്തുമെന്നുള്ള റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്. ആന്ധ്രയിലും, തെലുങ്കാനയിലും കാർത്തിക്ക് നിറയെ ആരാധകരുണ്ട്. ഇതിന് മുൻപ് നാഗാർജുനയ്ക്കൊപ്പം 'ഊപിരി' എന്ന തെലുങ്ക് ചിത്രത്തിൽ കാർത്തി അഭിനയിച്ചിട്ടുണ്ട്. 'ഹിറ്റ് 3' എന്ന തെലുങ്ക് ചിത്രത്തിലും ഒരു അതിഥി വേഷത്തിൽ അഭിനയിച്ച കാർത്തി അടുത്ത് 'ഹിറ്റ്-4' എന്ന ചിത്രത്തിലും അഭിനയിക്കുമെന്നുള്ള റിപ്പോർട്ടും ഉണ്ട്. ചിരഞ്ജീവിയുടെ 'വാൾട്ടർ വീരയ്യ' എന്ന ചിത്രത്തിൽ രവി തേജ ചിരഞ്ജീവിക്കൊപ്പം അഭിനയിച്ചിരുന്നു. അതുപോലെ ബോബി തന്റെ അടുത്ത ചിത്രത്തിൽ ചിരഞ്ജീവിക്കൊപ്പം അഭിനയിക്കാൻ കാർത്തിയെ തിരഞ്ഞെടുത്തിരിക്കുന്നു എന്നാണ് പറയപ്പെടുന്നത്.

# കേരള സ്റ്റേറ്റ് ഫിലിം അവാർഡ്സ്







55-ാമത് കേരള സ്റ്റേറ്റ് ഫിലിം അവാർഡ്സ് അടുത്തെത്തുമ്പോൾ, ഒക്ടോബർ 31-ന് പ്രഖ്യാപനം നടക്കാനിരിക്കെ, ഈ വർഷത്തെ പ്രധാന അവാർഡുകൾ ആർക്കൊക്കെയാകും എന്നതിനെ കുറിച്ചുള്ള പ്രതീക്ഷ ഉയർന്നിരിക്കുന്നു.റിപ്പോർട്ട് അനുസരിച്ച് Best Actor, Best Actress, Best Film തുടങ്ങിയ പ്രധാന കാറ്റഗറികളിൽ മത്സരം വളരെ മുറുകിയിരിക്കുന്നു. ബെസ്ററ് ആക്ടർ കാറ്റഗറിയിൽ മമ്മൂട്ടി വീം മുൻനിരയിലെത്തിയിരിക്കുന്നു. ബ്രഹ്മയുഗത്തിലെ അദ്ദേഹത്തിന്റെ കഥാപാത്രം 2024-ലെ ഏറ്റവും മികച്ച പ്രകടനങ്ങളിൽ ഒന്നായി വ്യാപകമായി ചർച്ച ചെയ്യപ്പെട്ടിട്ടു, ഇത് അദ്ദേഹത്തെ അവാർഡ് നേടാൻ ശക്തമായ സ്ഥാനത്ത് എത്തിച്ചിരിക്കുന്നു. എന്നാൽ, മുതിർന്ന നടൻ കിഷ്കിന്ധ കാണ്ഡം, ലെവൽ ക്രോസ്, അഡിയോസ് അമിഗോ എന്നിവയിലൂടെ ഫലപ്രദമായ വർഷം കൊാടിയ ആസിഫ് അലിയിൽ നിന്ന് കടുത്ത മത്സരം നേരിടുന്നു എന്നാണ് റിപ്പോർട്ട്. ഈ സിനിമകളിൽ ആസിഫിന്റെ വ്യത്യസ്ത പ്രകടനങ്ങൾ ഈ വർഷത്തെ ഏറ്റവും സ്ഥിരത ഉള്ള നടന്മാരിൽ ഒരാളാക്കി മാറ്റിയിരിക്കുന്നു. അതേസമയം, ലിജോ ജോസ് പെല്ലിസ്സേരിയുടെ മലൈക്കോട്ടൈ വാലിബനിലെ അദ്ദേഹത്തിന്റെ പ്രകടനത്തിനായി ഷോർട് ലിസ്റ്റ് ചെയ്തിട്ടുന്നൊണ് റിപ്പോർട്ട്. മറ്റ് പ്രധാന മത്സരാർത്ഥികൾ അജയന്റെ രാം മോഷണം (ARM) എന്ന സിനിമയിലെ ടോവിനോ തോമസും കിഷ്കിന്ധ കാണ്ഡത്തിലെ വിജയരാഘവനും ഉൾപ്പെടുന്നു. ബെസ്ററ് ആക്ടറെസ്സ് വിഭാഗത്തിലും മത്സരാധിഷ്ഠിതമായ ലൈനപ്പ് റിപ്പോർട്ടുകൾ അനുസരിച്ച്, ഫെമിനിച്ചി ഫാത്തിമയിലെ ഷംല ഹംസയുടെ പ്രകടനം ശക്തമായ ശ്രദ്ധ നേടിയിട്ടു, അതേസമയം അം ആഹിലെ ശ്രുതി ജയൻ, മീര വാസുദേവ് എന്നിവരുടെ പ്രകടനവും, സൂക്ഷ്മദർശിനിയിലെ നസ്രിയ നസീമിന്റെ റോളും അവരെ മുൻനിര മത്സരാർഥികൾ ആക്കിയിരിക്കുന്നു. വ്യക്തിഗത പെർഫോർമൻസ്സ് ന് അപ്പുറം, Best Film award-നായി നിരവധി സിനിമകൾ മത്സരിക്കുന്നു. ബ്രഹ്മയുഗം, ഫെമിനിച്ചി ഫാത്തിമ, അം ആഹ്, വിക്ടോറിയ എന്നിവ shortlistൽ ഉൾപ്പെടുന്നുവെന്നാണ് റിപ്പോർട്ട്. സർവൈവൽ ത്രില്ലർ ആയ മഞ്ചുമ്മൽ ബോയ്സ്, റൊമാന്റിക് കോമഡി ആയ പ്രേമലു, കിഷ്കിന്ധ കാണ്ഡം എന്നിവ Best Film with Popular Appeal and Aesthetic Value എന്ന വിഭാഗത്തിലെ മത്സരാർത്ഥികൾ ആണെന്ന് പറയപ്പെടുന്നു. മോഹൻലാലിന്റെ directorial debut ആയ Barroz: Guardian of D'Gama's Treasure, ഒപ്പം അദ്ദേഹത്തിന്റെ പ്രധാന വേഷത്തിലുള്ള മലൈക്കോട്ടൈ വാലിബൻ എന്നിവയും ഫൈനൽ റൗ ഓഫ് കൺസിഡറേഷൻ എത്തിയതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടു. മുതിർന്ന നടനും സംവിധാമയകനുമായ പ്രകാശ് രാജ് അധ്യക്ഷനായ ഏഴംഗ ജൂറി ആണ് ഈ വർഷം സമർപ്പിച്ച 128 എൻട്രിസ് ൽ നിന്ന് തിരഞ്ഞെടുത്ത 36 ഷോർട് ലിസ്റ്റ് ചെയ്യപ്പെട്ട സിനിമകൾ അവലോകനം ചെയ്യുന്നത്. സംവിധായകരായ രഞ്ജൻ പ്രമോദും ജിബു ജേക്കബും പ്രാഥമിക റൗണ്ടിന്റെ രണ്ട subcommit-teeനെ നേതൃത്വം നൽകുന്നു, കൂടാതെ അവർ അന്തിമ വിലയിരുത്തൽ പാനലിന്റെയും ഭാഗമാണ്. Final jury-യിൽ ഡബ്ബിംഗ് ആർട്ടിസ്റ്റും സംസ്ഥാന അവാർഡ് ജേതാവുമായ ഭാഗ്യലക്ഷ്മി, പ്ലേബാക്ക് ഗായിക ഗായത്രി അശോകൻ, സംവിധായകനും സൗ ഡിസൈനറുമായ നിതിൻ ലൂക്കോസ്, എഴുത്തുകാരനും തിരക്കഥാകൃത്തുമായ സന്തോഷ് എച്ചിക്കാനം എന്നിവരും ഉൾപ്പെടുന്നു. സിനിമയെക്കുറിച്ചുള്ള രചനകളെ അംഗീകരിക്കുന്ന വിഭാഗത്തിന്, സംവിധായകനും പണ്ഡിതനുമായ മധു ഈരവങ്കര ജൂറിക്ക് നേതൃത്വം നൽകുന്നു, ഫിലിം ക്രിട്ടിക് എ. ചന്ദ്രശേഖറും എഴുത്തുകാരി വിനീത വിജയനും ഇദ്ദേഹത്തോടൊപ്പം ചേരുന്നു. അവാർഡുകളുടെ പ്രഖ്യാപനത്തിനുള്ള സ്റ്റേജ് ഒരുങ്ങിക്കഴിഞ്ഞു. മമ്മൂട്ടി വീം ബെസ്ററ് ആക്ടർ ബഹുമതി നേടുമോ അതോ പുതിയ പേരുകൾ സ്പോട്ലൈറ്റ് ൽ വരുമോ എന്നത്, 2024-ൽ മലയാള സിനിമയുടെ ശക്തമായ മത്സരാത്മക വർഷത്തെ പ്രതിഫലിപ്പിക്കുന്നതാകും 55-ാമത് കേരള സംസ്ഥാന ചലച്ചിത്ര അവാർഡുകൾ.

# ഓർമച്ചിത്രം പങ്കുവെച്ച് നവ്യാ നായർ



അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ മോണോ ആക്ട് മത്സരത്തിലെ തന്റെ നേട്ടത്തെക്കുറിച്ചുള്ള പത്രവാർത്ത പങ്കുവെച്ച് നടി നവ്യാ നായർ. നവ്യയുടേയും പരിശീലകന്റേയും ചിത്രമടക്കമുള്ള പത്രവാർത്തയാണ് താരം പങ്കുവെച്ചത്. യുപി വിഭാഗം പെൺകുട്ടികളുടെ മോണോ ആക്ട് മത്സരത്തിൽ ഒന്നാംസ്ഥാനം നേടിയപ്പോഴുള്ള പത്രവാർത്തയാണിത്. ഏത് തലത്തിലുള്ള കലാമേളയിലാണ് നേട്ടമെന്ന് വാർത്തയിൽ വ്യക്തമല്ല. നടിയുടെ യഥാർഥ പേരായ വി. ധന്യ എന്നാണ് വാർത്തയിലുള്ളത്. ആലപ്പുഴ സ്വദേശിയായ ടി. സുദർശൻ ആയിരുന്നു നവ്യയുടെ പരിശീലകൻ. 'പ്രതിഭയുടെ തിളക്കം വാനോളം' എന്ന തലക്കെട്ടിലാണ് വാർത്ത. ആലപ്പുഴ ഹരിപ്പാട് സ്വദേശിയായ നവ്യ കായംകുളം സെന്റ് മേരീസ് സ്കൂളിൽ പഠിക്കുന്ന കാലത്തുള്ള പത്രവാർത്തയാണ് പങ്കുവെച്ചത്. 'അഞ്ചാം ക്ലാസ്' എന്ന ക്യാപ്ഷനോടെയാണ് ചിത്രം പങ്കുവെച്ചത്. റത്തീന സംവിധാനം ചെയ്ത 'പാതി രാത്രി' എന്ന ചിത്രമാണ് നവ്യയുടെ ഏറ്റവും ഒടുവിലിറങ്ങിയ ചിത്രം. നവ്യ പോലീസ് വേഷത്തിലെത്തുന്ന ആദ്യചിത്രം കൂടിയാണ് 'പാതി രാത്രി'.

# അദിതിയുടെ ജന്മദിനത്തിൽ ഹൃദയസ്പർശിയായ കുറിപ്പുമായി സിദ്ധാർഥ്



തന്റെ ഭാര്യയും നടിയുമായ അദിതി റാവു ഹൈദരിക്ക് ജന്മദിനാശംസകൾ നേർന്നുകൊണ്ട് സോഷ്യൽ മീഡിയയിൽ ഹൃദയസ്പർശിയായ ഒരു കവിത പങ്കുവെച്ചിരിക്കുകയാണ് നടൻ സിദ്ധാർഥ്. ഇരുവരും ഒരുമിച്ചുള്ള ചിത്രങ്ങളും പങ്കുവെച്ചുകൊണ്ട് ഇൻസ്റ്റഗ്രാമിലൂടെയാണ് സിദ്ധാർഥ് ആശംസകൾ
പങ്കുവെച്ചത്.

*'എന്റെ പ്രണയിനി ജനിച്ചതിന്നാണ്, എല്ലാ ദിവസത്തെയും ഓരോ നിമിഷത്തിലും, എന്റെയുള്ളിൽ നിന്നെ ഞാൻ അറിയുന്നു. ഞാൻ എവിടെ പോയാലും നീ എന്റെ കൂടെയുണ്ട്, എന്റെ ഏറ്റവും നല്ല സുഹൃത്ത്, എന്റെ ഏറ്റവും വലിയ ശക്തി, നീ എന്നെ ഞാനാകാൻ പ്രേരിപ്പിക്കുന്നതുകൊണ്ടാണ് ഞാൻ ഞാനായിരിക്കുന്നത്. ജനിച്ചതിന് നന്ദി. ഈ ജീവിതത്തിന് നന്ദി. എന്റെ ശക്തിക്ക് നന്ദി, എന്റെ രാജ്ഞി, കഴിവുള്ള, അനുഗ്രഹീതയായ, സുന്ദരിയായ എന്റെ ഭാര്യക്ക് നന്ദി. ജന്മദിനാശംസകൾ അദു. ഞാൻ നിന്നെ സ്നേഹിക്കുന്നു',* സിദ്ധാർഥ് കുറിച്ചു.

സിദ്ധുവാണ് ഏറ്റവും മികച്ചതെന്നും എത്രയും വേഗം തിരിച്ചുവരണമെന്നും അതിഥി കമന്റിലൂടെ പ്രതികരിച്ചു.

2021-ൽ 'മഹാ സമുദ്രം' എന്ന തെലുങ്ക് സിനിമയുടെ ചിത്രീകരണത്തിനിടെയാണ് അദിതി റാവു ഹൈദരിയുടെയും സിദ്ധാർഥിന്റെയും പ്രണയകഥ ആരംഭിക്കുന്നത്.

2023 മാർച്ചിൽ വിവാഹനിശ്ചയം
പ്രഖ്യാപിച്ചതിന് ശേഷം, 2024 സെപ്റ്റംബർ 16-ന് ഇരുവരും ദക്ഷിണേന്ത്യൻ പരമ്പരാഗത ആചാരപ്രകാരം വിവാഹിതരായി. തെലങ്കാനയിലെ വനപർത്തിയിലുള്ള 400 വർഷം പഴക്കമുള്ള ഒരു ക്ഷേത്രത്തിൽവെച്ചായിരുന്നു ഇരുവരുടെയും വിവാഹം.

# ആടുജീവിതം എന്ന ചിത്രത്തിന് ദേശീയപുരസ്കാരം നിഷേധിച്ചപ്പോൾ പ്രതികരിക്കാതിരുന്നതിന്റെ കാരണം



**കോഴിക്കോട്:** താൻ സംവിധാനം ചെയ്ത ആടുജീവിതം എന്ന ചിത്രത്തിന് ദേശീയപുരസ്കാരം നിഷേധിച്ചപ്പോൾ പ്രതികരിക്കാതിരുന്നതിന്റെ കാരണം പറഞ്ഞ് സംവിധായകൻ ബ്ലെസി. എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി) വേട്ടയാടുമെന്ന രാഷ്ട്രീയസാഹചര്യം കാരണം കലാകാരന്മാർ പോലും മൗനം പാലിക്കാൻ നിർബന്ധിതരാകുകയാണെന്ന് അദ്ദേഹം പറഞ്ഞു. ചന്ദ്രിക ദിനപത്രത്തിന് നൽകിയ അഭിമുഖത്തിലാണ് ബ്ലെസി ഇക്കാര്യങ്ങൾ സംസാരിച്ചത്.

'ഗാസയിലെ അനീതിയോട് വലിയ അകലത്തിൽ ഇരിക്കുന്ന നമുക്കിടയിലെ ചെറിയ ശബ്ദങ്ങൾ പോലും ഉച്ചത്തിലാക്കാൻ കഴിയുന്നില്ല. ഭയമാണ് അതിന് കാരണം. ഭരണകൂടങ്ങളോടുള്ള ഭയം, നിലനിൽപ്പിനോടുള്ള ഭയം, സ്വന്തത്തോടുള്ള ഭയം. ആ ഭയങ്ങൾ കൊണ്ട് പലപ്പോഴും നമ്മുടെ പ്രതികരണങ്ങൾ നഷ്ടപ്പെടുന്ന സ്ഥിതിവിശേഷങ്ങൾ ഉാവുന്നത്. ഞാനുൾപ്പെടുന്ന കലാകാരന്മാരും പ്രതികരണത്തെ ഭയപ്പെടുകയാണ്. ധൈര്യകുറവല്ല. മറിച്ച് ധൈര്യത്തെ മൂടുന്ന ഭയമാണ് പ്രശ്നം.' -ബ്ലെസി പറഞ്ഞു.

'ഗൾഫിൽ നടന്ന സൈമ അവാർഡ് ദാന ചടങ്ങിൽ ബെസ്റ്റ് ഫിലിം ഡയറക്ടർ എന്ന നിലയിൽ പങ്കെടുത്തപ്പോൾ മഹാരാജ എന്ന സൂപ്പർഹിറ്റ് സിനിമയുടെ സംവിധായകൻ ഭക്ഷണം കഴിക്കുന്നതിനിടയിൽ എന്നോട് ചോദിച്ചു, നാഷണൽ അവാർഡ് കിട്ടാതെ പോയപ്പോൾ നിങ്ങൾ സോഫ്റ്റായിട്ടാണല്ലോ പ്രതികരിച്ചതെന്ന്. ഞാൻ മറുപടിയായി പറഞ്ഞു, എത്ര ഉറക്കെ സംസാരിച്ചാലും ഒന്നും സംഭവിക്കില്ല എന്നെനിക്കറിയാം. സ്വസ്ഥത നഷ്ടമാവും. ഇ.ഡിയുടെ വേട്ടയാടലും പ്രതീക്ഷിക്കാം. ഇങ്ങനെയുള്ള രാഷ്ട്രീയ സാഹചര്യങ്ങൾ മൂലം കലാകാരന്മാർ പോലും മൗനം പാലിക്കാൻ നിർബന്ധിതരാവുകയാണ്.' -ബ്ലെസി തുടർന്നു. സംസ്ഥാന പുരസ്കാരം പ്രഖ്യാപിച്ചപ്പോൾ മികച്ച നടനും മികച്ച സംവിധായകനും ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ നേടിയ ആടുജീവിതത്തിന് ദേശീയപുരസ്കാരം പ്രഖ്യാപിച്ചപ്പോൾ ഒന്ന് പോലും ലഭിച്ചിരുന്നില്ല. ഇതിനെതിരെ വലിയ പ്രതിഷേധം സോഷ്യൽ മീഡിയയിൽ ഉൾപ്പെടെ ഉയർന്നിരുന്നു.നിയമിച്ചിരുന്നു.

# ദയവു ചെയ്ത് മധു ഷായുടെ വീഡിയോ പകർത്തരുത്', കൈകൾ കൂപ്പി അഭ്യർഥിച്ച് രുപാലി ഗാംഗുലി



ഇക്കഴിഞ്ഞ ആഴ്ചയാണ് ബോളിവുഡിലെ പ്രശസ്ത ഹാസ്യതാരം മധു ഷാ വൃക്ക തകരാറിനെ തുടർന്ന് മരിച്ചത്. പിന്നാലെ അടുത്ത ബന്ധുക്കളും സുഹൃത്തുക്കളും ചേർന്ന് സതീഷ് ഷായുടെ വീട്ടിൽ പ്രാർഥനാ ചടങ്ങ് സംഘടിപ്പിച്ചിരുന്നു. ചടങ്ങിൽ സതീഷ് ഷായുടെ ഭാര്യ മധു ഷായുടെ ദൃശ്യങ്ങൾ പകർത്തരുതെന്ന് നടി രുപാലി ഗാംഗുലി അഭ്യർഥിക്കുന്നതിന്റെ വീഡിയോ ആണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്. അൾസ്ഹൈമേഴ്സ് രോഗി കൂടിയായ മധു ഷായുടെ ദൃശ്യങ്ങൾ പകർത്തരുതെന്ന് വിനീതമായി അഭ്യർഥിക്കുന്ന രുപാലിയാണ് വീഡിയോയിലുള്ളത്. പ്രാർഥനാ വേദിയിലേക്ക് കടന്നുവരുന്ന മധുവിനെ പകർത്തരുതെന്നാണ് രുപാലി അഭ്യർഥിക്കുന്നത്.

'ഞങ്ങൾക്ക് ഒരഭ്യർഥനയു്, ദയവു ചെയ്ത് മധു ആന്റിയെ പകർത്തരുത്"- എന്നാണ് രുപാലി കൈകൾ കൂപ്പി പറഞ്ഞത്. മധു കടന്നുപോകുമ്പോൾ "ദയവുചെയ്ത് ക്യാമറ താഴ്ത്തൂ" എന്നും "അവർ കടന്നുപൊയ്ക്കോട്ടെ'' എന്നും രുപാലി പറയുന്നു.

മുംബൈയിലെ ജുഹുവിലുള്ള ജലറാം ഹാളിൽ വച്ചാണ് പ്രാർഥനാ ചടങ്ങ് സംഘടിപ്പിച്ചത്. സിനിമാമേഖലയിൽ നിന്ന് രാകേഷ് റോഷൻ, ഡേവിഡ് ധവാൻ, ശത്രുഘ്നൻ സിൻഹ, സോനു നിഗം, ജോണി ലിവർ തുടങ്ങിയവർ പങ്കെടുത്തിരുന്നു.

മറവിരോഗത്തോട് പൊരുതുന്നയാളാണ് മധു ഷാ. മധുവിനെ പരിചരിക്കുന്നതിനുവേി സ്വന്തം ആരോഗ്യം സംരക്ഷിക്കണമെന്ന് ആഗ്രഹിച്ച സതീഷ് ഷാ മാസങ്ങൾക്ക് മുമ്പ് വൃക്ക മാറ്റിവെക്കുകയും ചെയ്തിരുന്നു.

കഴിഞ്ഞ ശനിയാഴ്ച ഉച്ചയോടെയാണ് സതീഷ് ഷാ അന്തരിച്ചത്. ഉച്ചഭക്ഷണത്തിനിടെ ദേഹാസ്വാസ്ഥ്യമായി അദ്ദേഹം കുഴഞ്ഞു വീഴുകയായിരുന്നു. ഉടൻ ആംബുലൻസിൽ ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഏറെ നാളായി വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് ചികിത്സയിലായിരുന്നുവെന്നാണ് റിപ്പോർട്ട്. അടുത്തിടെ അദ്ദേഹത്തിന് വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തിയിരുന്നു.

നാൽപ്പത് വർഷത്തിലേറെ നീ തന്റെ അഭിനയ ജീവിതത്തിൽ, അവിസ്മരണീയമായ വേഷങ്ങളിലൂടെ സതീഷ് ഷാ ഇന്ത്യൻ സിനിമയിലും ടെലിവിഷനിലും ശ്രദ്ധേയനായി. മുംബൈയിലെ സെന്റ് സേവ്യേഴ്സ് കോളേജിലായിരുന്നു അദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കിയത്. പിന്നീട് പുണെയിലെ ഫിലിം ആൻഡ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയിൽ (എഠകക) പരിശീലനം നേടി. 'അരവിന്ദ് ദേശായി കി അജീബ് ദാസ്താൻ' (1978) എന്ന ചിത്രത്തിലൂടെ അഭിനയ രംഗത്തെത്തിയ അദ്ദേഹം തന്റെ കരിയറിൽ 250-ൽ അധികം സിനിമകളിൽ അഭിനയിച്ചു.

# രജനികാന്തും, കമൽഹസ്സനും ഒന്നിക്കുന്ന ചിത്രം രജനിയുടെ അവസാനത്തെ ചിത്രമാണത്രേ...



തമിഴ് സിനിമയിലെ സൂപ്പർസ്റ്റാർ രജനികാന്ത് ഇപ്പോൾ നെൽസൺ സംവിധാനം ചെയ്യുന്ന 'ജയിലർ' രണ്ടാം ഭാഗത്തിലാണ് അഭിനയിച്ചുകൊണ്ടിരിക്കുന്നത്. ഈ സിനിമക്ക് ശേഷം സുന്ദർ.സി സംവിധാനം ചെയ്യുന്ന സിനമിയിലാണ് രജനികാന്ത് അഭിനയിക്കാനിരിക്കുന്നത് എന്നുള്ള റിപ്പോർട്ട് ഇന്നലെ നൽകിയിരുന്നു. ഈ സാഹചര്യത്തിലാണ് രജനികാന്ത്, കമൽഹാസനൊപ്പം ഒന്നിച്ചഭിനയിക്കാനിരിക്കുന്ന ചിത്രം കുറിച്ചുള്ള പുതിയ വാർത്തകൾ കോളിവുഡിൽ പുറത്തുവന്ന് വൈറലായിക്കൊണ്ടിരിക്കുന്നത്. അതായത്, കമൽഹാസനും, രജനികാന്തും ഒന്നിക്കുന്ന ചിത്രം സംവിധാനം ചെയ്യുന്നത് നെൽസൺ ആണത്രേ! ലോകേഷ് കനകരാജ് സംവിധാനം ചെയ്ത, രജനികാന്ത് ചിത്രമായ 'കൂലി'ക്ക് സമ്മിശ്ര പ്രതികരണം ലഭിച്ചതിനാലും, രജനികാന്തും, കമൽഹാസനും ഒന്നിക്കുന്ന ചിത്രത്തിനായി ലോഗേഷ് കനകരാജ് ഒരുക്കിയിരുന്ന കഥ രജിനികാന്തിന് ഇഷ്ടപെടാത്തതിനാലും ഇപ്പോൾ ഈ പ്രോജെക്ടിൽ നിന്നും ലോഗേഷ് കനകരാജ് പുറത്തായിരിക്കുകയാണ്. ഇതിനെ തുടർന്നാണ് രജനികാന്തും, കമൽഹാസനും ഒന്നിക്കുന്ന ചിത്രം സംവിധാനം ചെയ്യാനുള്ള അവസരം നെൽസന് ലഭിച്ചിരിക്കുന്നത്.

എന്നാൽ ഈ ചിത്രത്തിന്റെ കഥ എഴുതാൻ നെൽസന് നിറയെ സമയം ആവശ്യമുള്ളതിനാൽ 2027-ൽ മാത്രമേ ചിത്രത്തിന്റെ ചിത്രീകരണം തുടങ്ങുകയുള്ളൂ എന്നാണ് പറയപ്പെടുന്നത്. ഈ സിനിമ നിർമ്മിക്കുന്നത് കമൽഹാസൻ തന്നെയാണത്രെ! അതേ സമയം ഈ ചിത്രത്തോടുകൂടി രജിനികകാന്ത് അഭിനയത്തിൽ നിന്നും വിരമിക്കാനും തീരുമാനിച്ചതായുള്ള ഞെട്ടിക്കുന്ന വാർത്തയാണ് പുറത്തുവന്നിരിക്കുന്നത്. ഈ വാർത്ത രജനികാന്തിന്റെ ആരാധകരെ വിഷമത്തിലാക്കിയിരിക്കുകയാണ്!

# കാൻബറയിൽ പെരുമഴ! ഇന്ത്യ ഓസ്ട്രേലിയ ആദ്യ ട്വന്റി20 ഉപേക്ഷിച്ചു

### പ്ലേയിങ് ഇലവൻ

*ഇന്ത്യൻ ടീം*

- അഭിഷേക് ശർമ,
- ശുഭ്മൻ ഗിൽ,
- തിലക് വർമ,
- സൂര്യകുമാർ യാദവ് (ക്യാപ്റ്റൻ),
- സഞ്ജു സാംസൺ (വിക്കറ്റ് കീപ്പർ),
- ഹർഷിത് റാണ,
- ശിവം ദുബെ,
- അക്ഷർ പട്ടേൽ,
- കുൽദീപ് യാദവ്,
- വരുൺ ചക്രവർത്തി,
- ജസ്പ്രീത് ബുമ്ര.

*ഓസ്ട്രേലിയ*

- ട്രാവിസ് ഹെഡ്,
- മിച്ചൽ മാർഷ്,
- ജോഷ് ഇംഗ്ലിസ്,
- ടിം ഡേവിഡ്,
- മിച്ചൽ ഒവൻ,
- മാർകസ് സ്റ്റോയ്നിസ്,
- ജോഷ് ഫിലിപെ,
- സേവ്യർ ബാർട്ലെറ്റ്,
- നേഥൻ എലിസ്,
- മാത്യു കുനേമൻ,
- ജോഷ് ഹെയ്സൽവുഡ്.



**കാൻബറ:** ഇന്ത്യ ഓസ്ട്രേലിയ ഒന്നാം ട്വന്റി20 മത്സരം മഴയെ തുടർന്നു ഉപേക്ഷിച്ചു. ടോസ് നഷ്ടപ്പെട്ട് ഇന്ത്യയുടെ ഇന്നിങ്സ് അഞ്ചാം ഓവറിലെത്തിയപ്പോഴാണ് ആദ്യം മഴയെത്തിയത്. ഏകദേശം അരമണിക്കൂറിനു ശേഷം, 18 ഓവറാക്കി മത്സരം ചുരുക്കി കളി പുനരാരംഭിച്ചു.

എന്നാൽ 10ാം ഓവറിൽ വീണ്ടും മഴയെത്തുകയായിരുന്നു. ഇതോടെ കളി രണ്ടാമതും മുടങ്ങി. ഒരു മണിക്കൂറിനു ശേഷവും മഴയ്ക്കു ശമനമില്ലാതെ വന്നതോടെയാണ് ഉപേക്ഷിക്കാൻ തീരുമാനിച്ചത്. കളി നിർത്തുമ്പോൾ, 9.4 ഓവറിൽ ഒരു വിക്കറ്റ് നഷ്ടത്തിൽ 97 റൺസെന്ന നിലയിലായിരുന്നു ഇന്ത്യ. ശുഭ്മൻ ഗിൽ (20 പന്തിൽ 37*), സൂര്യകുമാർ യാദവ് (24 പന്തിൽ 39*) എന്നിവരായിരുന്നു ക്രീസിൽ. 10ാം ഓവറിൽ സൂര്യകുമാറിന്റെ രണ്ടു ഫോറും ഒരു സിക്സമടക്കം 15 റൺസെടുത്തു നിൽക്കെയാണ് മഴയെത്തിയത്. അഞ്ച് ഓവർ മത്സരമെങ്കിലും നടത്താൻ ശ്രമിച്ചെങ്കിലും സാധിച്ചില്ല.

14 പന്തിൽ 19 റൺസടിച്ച അഭിഷേക് ശർമയാണ് ഇന്ത്യൻ നിരയിൽ പുറത്തായ ബാറ്റർ. നേഥൻ എലിസിന്റെ പന്തിൽ ടിം ഡേവിഡ് ക്യാച്ചെടുത്താണ് അഭിഷേകിനെ പുറത്താക്കിയത്. ടോസ് നേടിയ ഓസീസ് ക്യാപ്റ്റൻ മിച്ചൽ മാർഷ് ഇന്ത്യയെ ബാറ്റിങ്ങിനു വിടുകയായിരുന്നു.

**: ടോസ് ഓസീസിന്**

ടോസ് നേടിയ ഓസീസ് ക്യാപ്റ്റൻ മിച്ചൽ മാർഷ് ഇന്ത്യയെ ബാറ്റിങ്ങിനു വിടുകയായിരുന്നു. ഹർഷിത് റാണ, കുൽദീപ് യാദവ് എന്നിവർ ഇന്ത്യയുടെ പ്ലേയിങ് ഇലവനിൽ എത്തിയപ്പോൾ റിങ്കു സിങ്, ജിതേഷ് ശർമ, വാഷിങ്ടൻ സുന്ദർ, അർഷ്ദീപ് സിങ് എന്നിവർക്ക് ബെഞ്ചിലാണു സ്ഥാനം. ഓൾ റൗണ്ടർമാരായി അക്ഷർ പട്ടേലും ശിവം ദുബെയുമാണ് ടീമിൽ.

## ഏകദിന റാങ്കിങ്ങിൽ ക്യാപ്റ്റൻ ഗില്ലിനെ പിന്നിലാക്കി രോഹിത് ശർമ ഒന്നാമത്, റെക്കോർഡ് നേട്ടം



മുംബൈന്മ ഏകദിന ബാറ്റർമാരുടെ റാങ്കിങ്ങിൽ ഇന്ത്യൻ ക്യാപ്റ്റൻ ശുഭ്മൻ ഗില്ലിനെ പിന്നിലാക്കി വെറ്ററൻ താരം രോഹിത് ശർമ ഒന്നാമത്. റെക്കോർഡ് നേട്ടമാണ് പുതിയ റാങ്കിങ്ങിൽ രോഹിത് ശർമ സ്വന്തമാക്കിയത്. ഏകദിന ബാറ്റിങ് റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തെത്തുന്ന പ്രായം കൂടിയ ഇന്ത്യൻ താരമാണ് 38 വയസ്സുകാരനായ രോഹിത് ശർമ. ഓസ്ട്രേലിയയ്ക്കെതിരായ ഏകദിന പരമ്പരയിലെ ഗംഭീര പ്രകടനമാണ് രോഹിത്തിനെ ഒന്നാം സ്ഥാനത്തെത്തിച്ചത്.

നാലാം സ്ഥാനത്തുനിന്നാണ് രണ്ടു റാങ്കുകൾ മെച്ചപ്പെടുത്തി, രോഹിത് ഒന്നാമനായി കുതിച്ചത്. അഡ്ലെയ്ഡിൽ നടന്ന രണ്ടാം ഏകദിനത്തിൽ 97 പന്തിൽ 73 റൺസും, സിഡ്നിയിൽ 125 പന്തിൽ 121 റൺസും ഇന്ത്യൻ സൂപ്പർ താരം സ്വന്തമാക്കിയിരുന്നു. ഏകദിന റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്തെത്തുന്ന അഞ്ചാമത്തെ മാത്രം ഇന്ത്യൻ ബാറ്ററാണ് രോഹിത് ശർമ. സച്ചിൻ തെൻഡുൽക്കർ, എം.എസ്. ധോണി, വിരാട് കോലി, ശുഭ്മൻ ഗിൽ എന്നിവരാണ് മുൻപ് ഈ നേട്ടത്തിലെത്തിയിട്ടുള്ളത്.

ഓസ്ട്രേലിയയിൽ തിളങ്ങാൻ സാധിക്കാതിരുന്ന ഇന്ത്യൻ ക്യാപ്റ്റൻ ശുഭ്മൻ ഗിൽ മൂന്നാം സ്ഥാനത്തേക്കു പിന്തള്ളപ്പെട്ടു. സിഡ്നി ഏകദിനത്തിൽ അർധ സെഞ്ചറി നേടിയ വിരാട് കോലി, റാങ്കിങ്ങിൽ അഞ്ചാമതുണ്ട്. ശ്രേയസ് അയ്യരും ആദ്യ പത്തിലുണ്ട്. 781 ആണ് ഒന്നാം സ്ഥാനത്തുള്ള രോഹിത് ശർമയുടെ റേറ്റിങ്. രണ്ടാമതുള്ള അഫ്ഗാനിസ്ഥാൻ താരം ഇബ്രാഹിം സദ്രാന്റെ റേറ്റിങ് 745 ആണ്. പാക്കിസ്ഥാൻ താരം ബാബർ അസമാണ് മൂന്നാമത്.

വെറ്ററൻ താരങ്ങളായ രോഹിത് ശർമയും വിരാട് കോലിയും നിലവിൽ ഏകദിന ഫോർമാറ്റിൽ മാത്രമാണു കളിക്കുന്നത്. ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഏകദിനത്തിലും രണ്ടു താരങ്ങളും ഇന്ത്യൻ ജഴ്സിയിലുണ്ടാകുമെന്നാണ് ആരാധകരുടെ പ്രതീക്ഷ.

## ഡബിൾ സെഞ്ചറി നേടിയിട്ടും പൃഥ്വി ഷായ്ക്ക് 'മാൻ ഓഫ് ദ് മാച്ച്' ഇല്ല



**മുംബൈ:** രഞ്ജി ട്രോഫിയിൽ മഹാരാഷ്ട്രയ്ക്ക ായി ഡബിൾ സെഞ്ചറി നേടിയിട്ടും യുവതാരം പൃഥ്വി ഷായ്ക്ക് 'പ്ലെയർ ഓഫ് ദ് മാച്ച്' പുരസ്കാരമില്ല. ചണ്ഡീഗഡിനെതിരായ പോരാട്ടത്തിൽ രഞ്ജി ചരിത്രത്തിലെ തന്നെ വേഗമേറിയ രണ്ടാമത്തെ ഡബിൾ സെഞ്ചറിയാണ് പൃഥ്വി ഷാ സ്വന്തമാക്കിയത്. പക്ഷേ 141 പന്തുകളിൽ 200 പിന്നിട്ട താരമല്ല, കളിയിലെ താരം. ഒന്നാം ഇന്നിങ്സിൽ സെഞ്ചറി തികച്ച മഹാരാഷ്ട്ര താരം ഋതുരാജ് ഗെയ്ക്‌വാദിനു പുരസ്കാരം നൽകാൻ ബിസിസിഐ തീരുമാനിക്കുകയായിരുന്നു. എന്നാൽ പുരസ്കാരം സ്വീകരിച്ച ഋതുരാജ്, അതു പൃഥ്വി ഷായുമായി പങ്കുവയ്ക്കാൻ തീരുമാനിക്കുകയായിരുന്നു. മത്സരത്തിന്റെ ആദ്യ ഇന്നിങ്സിൽ ഗെയ്ക്‌വാദ് സെഞ്ചറി (116) അടിച്ചത് മഹാരാഷ്ട്രയ്ക്ക് ലീഡ് നേടിക്കൊടുക്കുന്നതിൽ നിർണായകമായിരുന്നു. രണ്ടാം ഇന്നിങ്സിലാണ് പൃഥ്വി ഷായുടെ ഡബിൾ സെഞ്ചറി പ്രകടനമെത്തിയത്. ആദ്യ ഇന്നിങ്സിൽ പൃഥ്വി ഷാ എട്ടു റൺസിനു പുറത്തായിരുന്നു. അതിനു ശേഷമായിരുന്നു പൃഥ്വിയുടെ തകർപ്പൻ ഷോ. 156 പന്തിൽ 222 റൺസാണു താരം നേടിയത്. മത്സരത്തിൽ മഹാരാഷ്ട്ര 144 റൺസ് വിജയമാണു നേടിയത്.

464 റൺസ് വിജയലക്ഷ്യം തേടി രണ്ടാം ഇന്നിങ്സിൽ ഇറങ്ങിയ ചണ്ഡിഗഡ് 319 റൺസെടുത്തു പുറത്താകുകയായിരുന്നു. ഏലൈറ്റ്, സോണൽ തലത്തിലെ വേഗതയേറിയ രണ്ടാമത്തെ സെഞ്ചറിയാണ് പൃഥ്വി ഷായുടേത്. 198485 സീസണിൽ ബറോഡയ്ക്കെതിരെ ബോംബെ താരം രവി ശാസ്ത്രി 123 പന്തിൽ ഡബിൾ സെഞ്ചറി തികച്ചിരുന്നു.

# പൂർണമായി മനസ് തുറക്കാതെ മെസ്സി; ലോകകപ്പിൽ കളിക്കുമോ?

**മിയാമി:** ലയണൽ മെസ്സി വന്ന് പ്രദർശനമത്സരം കളിക്കുമോ എന്നതാണ് കേരളത്തിലെ ചൂടേറിയ ചർച്ച. എന്നാൽ, ലോക ഫുട്ബോളിലെ ഇപ്പോഴത്തെ ചർച്ച മറ്റൊന്നാണ്. അടുത്ത വർഷം അമേരിക്കൻ വൻകര ആതിഥേയത്വം വഹിക്കുന്ന ലോകകപ്പ് ഫുട്ബോളിൽ ലയണൽ മെസ്സി കളിക്കുമോ? ലോകകപ്പ് നടക്കുന്ന 2026 ജൂൺ ആകുമ്പോഴേയ്ക്കും മെസ്സിക്ക് 39 വയസ്സാകും. ഈ പ്രായത്തിൽ കിരീടം കാക്കാൻ അർജന്റീനയ്ക്കുവേി മെസ്സി ഇറങ്ങുമോ എന്ന കാര്യമാണ് ലോകം ഉറ്റുനോക്കുന്നത്. കളിക്കുകയാണെങ്കിൽ അത് മെസ്സിയുടെ ആറാം ലോകകപ്പാവും. ലോകത്തിൽ ഇതുവരെ മറ്റൊരു താരവും ആറ് ലോകകപ്പ് കളച്ചിട്ടില്ല. ഇപ്പോൾ തന്നെ ഏറ്റവും കൂടുതൽ ലോകകപ്പ് മത്സരങ്ങൾ കളിച്ച താരം മെസ്സിയാണ്.

ആറാം ലോകകപ്പ് ഫൈനൽ റൗിൽ താൻ കളിക്കാൻ ഇറങ്ങുമോ എന്ന കാര്യത്തിൽ മെസ്സി അന്തിമ തീരുമാനം ഇതുവരെ പറഞ്ഞിട്ടില്ല. അപ്പോഴത്തെ ഫോമും ഫിറ്റ്നസും അനുസരിച്ച് തീരുമാനമെടുക്കാം എന്ന നിലപാടിലാണ് മെസ്സി എന്നാണ് അറിയുന്നത്.

ഒരു ലോകകപ്പിൽ കളിക്കുക എന്നത് സവിശേഷമായൊരു നേട്ടമാണ്. അടുത്ത ലോകകപ്പിൽ കളിക്കാൻ എനിക്ക് അതിയായ ആഗ്രഹമു്. ഒരിക്കൽക്കൂടി കപ്പ് നേടാൻ ടീമിനെ സഹായിക്കാൻ കളിക്കളത്തിലുാവണം എന്നു്-എൻബിസി ന്യൂസിന് നൽകിയ അഭിമുഖത്തിൽ മെസ്സി പറഞ്ഞു.



ഇന്റർ മിയാമിയിലെ അടുത്ത സീസണിലെ പ്രകടനം അനുസരിച്ചായിരിക്കും എന്റെ തീരുമാനം. 100 ശതമാനം ഫിറ്റാണോ എന്നതിനെ ആശ്രയിച്ചിരിക്കും കാര്യങ്ങൾ. ലോകകപ്പായതുകൊ് അവിടെ ഉാവണം എന്നു തന്നെയാണ് എന്റെ അതിയായ ആഗ്രഹം. ഞങ്ങളാണല്ലോ നിലവിലെ ജേതാക്കൾ. ഇക്കുറി അത് കൈവിടാതെ കാത്തുസൂക്ഷിക്കുന്നതിൽ പരം മറ്റൊരു സന്തോഷമില്ല. ഇതുപോലുള്ള സുപ്രധാന ടൂർണമെന്റുകളിൽ രാജ്യത്തെ പ്രതിനിധാനം ചെയ്യുക എന്നത് എക്കാലത്തും നിലനിൽക്കുന്ന ആഗ്രഹമാണ്. ദൈവം ഇത് സാധ്യമാക്കും എന്നാണ് വിശ്വാസം-അഭിമുഖത്തിൽ മെസ്സി പറഞ്ഞു.

എന്റെ ഫിറ്റ്നസ് തന്നെയാണ് ലോകകപ്പിന്റെ കാര്യത്തിൽ പരമ പ്രധാനമെന്ന് കഴിഞ്ഞ മാസം വെനസ്വേലയ്ക്കെതിരായ മത്സരശേഷവും മെസ്സി പറഞ്ഞിരുന്നു. ലോകകപ്പിൽ കളിക്കുന്നത് സംബന്ധിച്ച് ഇതുവരെ അന്തിമ തീരുമാനം കൈക്കൊിട്ടില്ലെന്നും നല്ല ഫോം പുലർത്താൻ കഴിഞ്ഞില്ലെങ്കിൽ ഞാൻ ഉാവില്ലെന്നുമാണ് അന്ന് മെസ്സി പറഞ്ഞത്. എന്തായാലും ഈ സീസൺ കഴിയട്ടെ. അതുകഴിഞ്ഞ പ്രീ സീസണു്. പിന്നെയും ആറ് മാസം സമയം ലഭിക്കും. അപ്പോൾ നോക്കാം കാര്യങ്ങൾ-അന്ന് മെസ്സി പറഞ്ഞു.

കഴിഞ്ഞ ദോഹ ലോകകപ്പിലെ ഗോൾഡൺ ബൂട്ട് ജേതാവായിരുന്നു അർജന്റീനയുടെ വിജയശിൽപി കൂടിയായ മെസ്സി. ലോകകപ്പിനുശേഷം അർജന്റീനയ്ക്കുവേി 18 മത്സരങ്ങളാണ് കളിച്ചത്. ഇതിൽ ഇത്തവണത്തെ മൂന്ന് ലോകകപ്പ് യോഗ്യതാ മത്സരങ്ങളും ഉൾപ്പെടും. ചിലിക്കും കൊളംബിയക്കും വെനസ്വേലയ്ക്കുമെതിരെയായിരുന്നു ഈ മത്സരങ്ങൾ. ഇതിൽ ര് ഗോൾ നേടി. വെസ്വേലയ്ക്കെതിരായിരുന്നു ര് ഗോളും. എന്നാൽ ഈ മാസം തുടക്കത്തിൽ വെനസ്വേലയ്ക്കെതിരായ സൗഹൃദ മത്സരത്തിൽ കളച്ചില്ല. മെസ്സി അധികം കളത്തിൽ ഇറങ്ങിയില്ലെങ്കിലും 18 കളികളിൽ നിന്ന് 38 പോയിന്റ് നേടി അർജന്റീന ഫൈനൽ റൗിന് യോഗ്യത നേടിക്കഴിഞ്ഞു. ലാറ്റിനമേരിക്കയിൽ ലോകചാമ്പ്യന്മാരാണ് ഇപ്പോൾ മുന്നിൽ. അവർക്ക് ഇനി നാല് മത്സരങ്ങൾ കൂടി ശേഷിക്കുന്നു്. ഇതിൽ എത്രയെണ്ണത്തിൽ മെസ്സി കളിക്കുമെന്ന് ഉറപ്പില്ല. ലോകകപ്പിനു മുൻപ് ഏതാനും സൗഹൃദ മത്സരങ്ങളും അർജന്റീന കളിക്കുന്നു്.

ലോകകപ്പിന് മുൻപ് മുപ്പത്തിയെട്ടുകാരനായ മെസ്സി അർജന്റീനയ്ക്കുവേി എത്ര മത്സരങ്ങൾ കളിക്കുമെന്ന് ഉറപ്പില്ല. എങ്കിലും ഇയ്യിടെ ഇന്റർ മിയാമിയുമായി മൂന്ന് വർഷത്തേയ്ക്ക് കരാർ പുതുക്കിയിട്ടു്.



# ദേശീയ പബ്ലിഷിസ്റ്റ് ദിനം

ആളുകളുടെയും, പ്രോജക്കുകളുടെയും, സ്പോർട്സ് ടീമുകളുടെയും മറ്റും ചിത്രങ്ങൾ പ്രതിനിധീകരിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന പബ്ലിക് റിലേഷൻസ് മാനേജർമാരുടെ ചുമതല, വിവരങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുകയും അവരിൽ ആവേശം വളർത്തുകയും ചെയ്യുക എന്നതാണ്.പബ്ലിഷിസ്റ്റുകൾ ഒരു വ്യക്തിയുടെ അതുല്യമായ ആവശ്യങ്ങളിൽ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിക്കാം അല്ലെങ്കിൽ അവർ പ്രതിനിധീകരിക്കുന്ന ആളുകളുടെയും സംഘടനകളുടെയും വിശാലമായ വ്യാപ്തി അവർക്ക് ഉണ്ടായിരിക്കാം.പബ്ലിഷിസ്റ്റുകൾ മറ്റുള്ളവരെക്കുറിച്ച് എല്ലാം ഉണ്ടാക്കാൻ കൂടുതൽ സമയവും ചെലവഴിക്കുമ്പോൾ, ദേശീയ പബ്ലിസിസ്റ്റ് ദിനം മുഴുവൻ ദിവസവും സ്വയം ആഘോഷിക്കുന്നതിനുള്ള സവിശേഷ അവസരം നൽകുന്നു!2015 ൽ ആദ്യമായി ആഘോഷിച്ച ദേശീയ പബ്ലിസിസ്റ്റ് ദിനം ആരംഭിച്ചത് ജസ്റ്റ് ഗുഡ് പിആർ കമ്പനിയുടെ ഉടമയും പബ്ലിസിസ്റ്റുമായ ജോർദാന സ്റ്റീഫനാണ്.പബ്ലിഷിസ്റ്റുകൾക്ക് സ്വന്തമായി ഒരു ദിവസം ഇല്ലെന്ന് മനസ്സിലാക്കിയ സ്റ്റീഫൻ, രാജ്യമെമ്പാടുമുള്ള പബ്ലിഷിസ്റ്റുകൾക്ക് അവരുടേതായ ഒരു അഭിനന്ദന ദിനം ഉണ്ടാകണമെന്ന് ആഗ്രഹിച്ചു.1906 ഒക്ടോബർ 30 ന് പുറത്തിറങ്ങിയ ആദ്യത്തെ പത്രക്കുറിപ്പിന്റെ വാർഷികത്തിലാണ് ദേശീയ പബ്ലിസിസ്റ്റ് ദിനം ആഘോഷിക്കുന്നത് എന്നതിനാൽ ഈ തീയതി വളരെ പ്രധാനമാണ്ഈ ശുഭകരമായ സംഭവത്തിനായി, ന്യൂയോർക്ക് ടൈംസ് ആദ്യത്തെ പത്രക്കുറിപ്പ് അച്ചടിച്ചു, അത് ന്യൂജേഴ്സിയിലെ പെൻസിൽവാനിയ റെയിൽറോഡിൽ നടന്ന ഒരു ദാരുണമായ സംഭവവുമായി ബന്ധപ്പെട്ട ഒരു പൊതു പ്രസ്താവനയായിരുന്നു.ഈ നൂതന സമീപനത്തിന് ആദരവ് ലഭിക്കുകയും വാർത്തകളും റിപ്പോർട്ടിംഗും നടക്കുന്ന രീതിയെ മാറ്റിമറിക്കുകയും ചെയ്തു. അന്നുമുതൽ, പത്രക്കുറിപ്പുകൾ പബ്ലിക് റിലേഷൻസിന്റെയും പത്രപ്രവർത്തനത്തിന്റെയും ഒരു പ്രധാന ഭാഗമായി മാറിയിരിക്കുന്നു, പ്രത്യേകിച്ച് പബ്ലിഷിസ്റ്റുകൾ ചെയ്യുന്ന ജോലിയുമായി ബന്ധപ്പെട്ടവ.പൊതു വ്യക്തികൾ, ബിസിനസുകൾ, രാഷ്ട്രീയക്കാർ, സിനിമകൾ എന്നിവയെക്കുറിച്ചുള്ള ലോകത്തിന്റെ അറിവ് വർദ്ധിപ്പിക്കുന്നതിന് പബ്ലിഷിസ്റ്റുകൾ നടത്തുന്ന കഠിനാധ്വാനത്തിനും സമർപ്പണത്തിനും ശ്രദ്ധ നൽകുന്നതിനാണ് ദേശീയ പബ്ലിസിസ്റ്റ് ദിനം നിലനിൽക്കുന്നത്.ബിസിനസുകൾ, നഗരങ്ങൾ, ഇവന്റ് സംഘാടകർ, സംഗീതജ്ഞർ തുടങ്ങി നിരവധി പേർ പബ്ലിക് റിലേഷൻസ് പ്രൊഫഷണലുകളുടെ കഴിവുകൾ ഉപയോഗപ്പെടുത്തി അവരുടെ ജോലി പ്രോത്സാഹിപ്പിക്കുന്നതിനും അതുമൂലം ഉണ്ടാകാവുന്ന ചില നാശനഷ്ടങ്ങൾ ലഘൂകരിക്കുന്നതിനും സഹായിക്കുന്നു.ഒരു പബ്ലിഷിസ്റ്റിനൊപ്പം സ്ഥിരമായി പ്രവർത്തിക്കുന്ന ആളുകൾക്ക് ദേശീയ പബ്ലിഷിസ്റ്റ് ദിനത്തിൽ കുറച്ച് സമയമെടുത്ത് അവർ ചെയ്യുന്ന കഠിനാധ്വാനത്തിന് നന്ദിയും അഭിനന്ദനവും അറിയിക്കാം!ദേശീയ പബ്ലിഷിസ്റ്റ് ദിനത്തിൽ പബ്ലിഷിസ്റ്റുകൾക്കിടയിൽ ബന്ധവും സമൂഹവും വളർത്തിയെടുക്കുന്നതിനായി ഒരു കോക്ക്ടെയിൽ മണിക്കൂർ, രാവിലെ കോഫി പരിപാടി, സെമിനാർ അല്ലെങ്കിൽ മറ്റ് പ്രത്യേക ഒത്തുചേരൽ എന്നിവ സംഘടിപ്പിക്കുക.പബ്ലിക് റിലേഷൻസ്, ജേർണലിസം അല്ലെങ്കിൽ മറ്റ് അനുബന്ധ മേഖലകളിൽ ബിരുദം നേടുന്നതിനു പുറമേ, ഒരു വ്യക്തിക്ക് നല്ലൊരു പബ്ലിസിസ്റ്റാകാൻ കഴിയുന്ന നിരവധി ഗുണങ്ങളുണ്ട്. േ




RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com